Minister for Finance (**Shri N. K. Seshan**): Sir, I lay on the Table:

A copy of the Audit Report on the accounts of the Kerala Financial Corporation for the year ended 31st March 1969 as required in sub-section 7 of section 37 of the State Financial Corporation Act, 1969:

Minister for Education (**Shri C. H. Mohammed Koya**): Sir, I lay on the Table:

A copy of the notification G. O. (MS) No. 11/70/Edn. dated January, 7, 1970 issued by the Government under sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to the Special Rules for the Kerala Technical Education Service.

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I lay on the Table:

A copy of the notification G. O. (MS) No. 642/68/DD dated December 28, 1968 (S. R. O. No. 282/69) issued by the Government under sub-section (1) of Section 344 of the Kerala Municipalities Act, 1960 (14 of 1961) read with rule 41 in Schedule II to the said Act and sub-section (1) of Section 367 of the Kerala Municipal Corporations Act, 1961 (30 of 1961) read with rule 1 in Schedule III to the said Act containing the Kerala Municipalities and Corporations (Payment of advances to employees) Rules, 1968.

Minister for Transport and Health (**Shri K. M. George**): Sir, I lay on the Table:

A copy of the notification G. O. MS. 165/69/PW dated 6th October 1969 (S. R. O. No. 441/69) issued by the Government under Section 20 of the Kerala Motor Vehicles (Taxation of Passengers and Goods) Act, 1963 (25 of 1963) containing amendment to the Kerala Motor Vehicles (Taxation of Passengers and Goods) Rule, 1963.

FINANCIAL BUSINESS

Voting on Demands for Supplementary grants and the Budget for 1969-70

Mr. Speaker: Now we pass on the Financial Business, Discussion and voting on Demands for Supplementary Grants in the Budget for 1969-70. As per agreement the order of priority given to me by the Leader of the Opposition is—Demand XIII - Police, Demand IX—Heads of States, Ministers and Headquarters Staff, Demand XVII-General Education, Demand XXXII—Irrigation, and Demand XXVII—Industries. These demands may be moved. The remaning will be taken to have been moved.

Chief Minister (**Shri C. Achutha Menon**): Sir, I move that Government be granted a Supplementary sum of Rs. 12,500 under Demand IX—Heads of States, Ministers and Headquarters Staff.

LIBRARY ARCHIVES Kerala Legislative Assembly

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I second it.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I move that Government be granted a Supplementary sum of Rs. 300/- under Demand XIII Police.

Minister for Finance (**Shri N. K. Seshan**): Sir, I second it.

Minister for Education and Home (**Shri C. H. Mohammed Koya**): Sir, I move that Government be granted a supplementary sum of Rs. 2,00,000 under Demand XVII—General Education.

Minister for Finance (**Shri N. K. Seshan**): Sir, I second it.

Minister for Irrigation & Agriculture (**Shri O. Koran**) Sir, I move that Government be granted a supplementary sum of Rs. 86,600/- under Demand XXXII—Irrigation.

Minister for Local Administration (**Shri K. Avukkaderkutty Naha**): Sir, I second it.

Minister for Industries & Labour (**Shri P. Ravindran**): Sir, I move that the Government be granted a supplementary sum of Rs. 2,00,000 under Demand XXVII—Industries.

Minister for Finance (**Shri N. K. Seshan**): Sir, I second it.

Mr. Speaker: Now we will pass on to the discussion.

As per the time allotment, the ruling parties will get 80 minutes, C.P.I. (M)—63 minutes, S.S.P. 10 minutes, both the Congress—10 minutes each Independents—14 minutes and then the Ministers reply—23 minutes. There is no cut motion by anybody. Any body can speak.

ശ്രീ. കെ. കരുണാകരൻ: മാർക്സിസ്റ്റു പാർട്ടിക്കു കൊടുത്തസമയം കൂടി ഞങ്ങൾക്ക് തരണം. അവർ ഇന്നു സഭയിൽ ഹാജരാകുന്നില്ല.

Mr. Speaker: How can you say that the party will not be coming

Shri Baby John: That is what they have said.

Mr. Speaker: I can't take it. If any member comes here and asks time, I am bound to.....Hon. Shri Alexander Parambithara can speak now.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, സപ്ലിമെന്ററി ഡിമാൻഡുകളെ സംബന്ധിച്ച് പൊതുവേ പണ്ടൊക്കെ പറയാറുള്ളത്, സപ്ലിമെന്ററി ഡിമാൻഡുകൾ വരുന്നത് ബഡ്ജറ്റ് പ്രൊവിഷൻ വന്നതിനുശേഷം അവധാനതയോടുകൂടി അത് ചെലവാക്കാത്തതുകൊണ്ടുള്ള പോരായ്മ എന്നാണ്. ആ ആരോപണത്തിന് ഇത് അധികം വിധേയമാണെന്നു തോന്നുന്നില്ല. കാരണമെന്താണെന്നു വച്ചാൽ അഡ്വാൻസ് കൊടുത്തിട്ടുള്ളത് റീകൂപ്പ് ചെയ്യാൻ വേണ്ടിയാണ് അധികഭാഗവും വന്നിട്ടുള്ളത്. അത് കൂടാതെ ന്യൂസർവ്വീസിനുള്ള അധികച്ചെലവും കാണുന്നുണ്ട്. ഇങ്ങനെവരുന്ന ഈ കാര്യങ്ങൾക്ക് താത്വികമായി സപ്ലിമെന്ററി ഡിമാൻറിനെ എതിർക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാലും ചില കാര്യങ്ങൾ കുറച്ചുകൂടി അവധാനതയോടുകൂടി ചെയ്യാൻ കഴിയുമായിരുന്നുയെന്നുള്ള വസ്തുത ഞാൻ സഭയുടെ മുമ്പാകെ സമർപ്പിക്കുകയാണ്. ന്യൂ സർവ്വീസിന്റെ കാര്യം പറയുമ്പോൾ ഞാൻ കേട്ടമാതിരിയാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

വരികിൽ അത് അൽപം മോശമായ ഏർപ്പാടാണെന്ന് തോന്നുന്നു. തിരുവനന്തപുരം ടൗൺപ്ലാനിംഗ് ഓഫീസിൽ ഒരു പുതിയ നിയമനം, 1000 രൂപാ ഓണറേറിയം കൊടുത്ത് റിട്ടയർ ചെയ്ത രണ്ടുകൊല്ലം കഴിഞ്ഞ ഒരാളെ അവിടെ നിയമിച്ചിരിക്കുന്നുയെന്നു അറിയുന്നു. അതു ശരിയാണെങ്കിൽ വളരെ അതിരുകടന്ന പ്രവർത്തിയായിട്ടാണ് അതിനെ കണക്കാക്കേണ്ടത്. കാരണം ആ ഡിപ്പാർട്ടുമെൻറിൽ, യോഗ്യതയുള്ള ആളുകൾ പ്രത്യേക പരിശീലനം നേടിയിട്ടുള്ളആളുകളുണ്ട്. അവർ ഇരിക്കെ അങ്ങനെ പുറത്തുനിന്ന് റിട്ടയർ ചെയ്തു കുറേക്കാലം കഴിഞ്ഞ ഒരാളെ ഇതിൽ നിയമനം നടത്തുന്നതു എന്തിനാണെന്ന് മനസ്സിലാകുന്നില്ല. മുൻഗവൺമെൻറു ചെയ്ത മാതിരിയുള്ള കൃത്യങ്ങളിൽ, ദുഷ്ചെയ്തികളിൽ ഈ ഗവൺമെൻറ് വീഴാതിരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ആലോചിച്ചാൽ തരക്കേടില്ലെന്നാണ് എൻെറ അഭിപ്രായം.

പിന്നെ എനിക്കു പറയാനുള്ളത് വിദ്യാഭ്യാസകാര്യങ്ങളെ സംബന്ധിച്ചാണ്. വിദ്യാഭ്യാസ കാര്യങ്ങളും ഇവിടെ രണ്ടിനമായിട്ടാണ് കൊള്ളിച്ചിട്ടുള്ളത് അതിലൊന്ന് ഒരു തിയേറർ കെട്ടിയതിനു ചെലവു വന്നിട്ടുള്ള സംഖ്യമടക്കികൊടുക്കുന്നതിന് 2 ലക്ഷംരൂപ—അത് ടെക്നിക്കൽ എഡ്യൂക്കേഷനു മുടക്കിയിട്ടുള്ളതാണ്—സംബന്ധിച്ചാണ്. പിന്നൊന്ന് എനിക്ക് പറയാനുള്ളത് ലാൻറ് അക്വിസിഷനെസംബന്ധിച്ചാണ്. ലാൻറ് അക്വിസിഷനെ സംബന്ധിച്ച് വിദ്യാഭ്യാസ കാര്യത്തിനായാലും മറെറന്തിനായാലും വളരെയേറെ വിഷമതകളും പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് അവർ അനുഭവിക്കേണ്ടതായി വരുന്നുണ്ട്. അതുകൊണ്ട് ഗവൺമെൻറിൻെറ പ്രവർത്തനങ്ങളിൽ വളരെയേറെ വീഴ്ചകളും സംഭവിക്കുന്നുണ്ടെന്നുള്ളത് പുതിയ കാര്യമല്ല, പഴയകാലംമുതൽക്കുള്ളതാണ്. ലാൻറ് അക്വിസിഷനിൽ പഴയ മാമൂലുകളനുസരിച്ചുള്ള പ്രവർത്തനം കണ്ടുവരുന്നതെന്താണെന്നുവച്ചാൽ ഗവൺമെൻറു പൊതു ആവശ്യത്തിനുവേണ്ടി ഏതെങ്കിലും ഭൂമി തിരഞ്ഞെടുക്കുന്നുണ്ടെങ്കിൽ പാവപ്പെട്ടവനു ധാരാളം കഷ്ടപ്പാടുകൾക്കു വഴിവച്ചുകൊടുക്കുന്നുണ്ട്. ലാൻറു അക്വിസിഷൻഅതായത് പൊന്നുംവിലയെന്ന് തിരുവിതാംകൂറിൽ പറയും, ഇതിലെ ഉദ്യോഗസ്ഥൻമാർ എന്തോ ചില തത്വത്തിൻെറ പേരിലോ, നയത്തിൻെറ പേരിലോ, പ്രത്യേകാവശ്യത്തിൻെറ പേരിലോ നൽകുന്ന വില യാതൊരു വക തത്വദീക്ഷയുമില്ലാത്ത, യാഥാർത്ഥ്യബോധമില്ലാത്ത വിലയാണ്. അതിൻെറ ഫലമായിട്ട് ഒരു പ്രൊട്ടസ്റേറാടുകൂടി സംഖ്യവാങ്ങിക്കഴിഞ്ഞിട്ട് കോടതിയിൽ പോവുക. കോടതിയിൽ പോയാൽ നൂറിനു 99 ശതമാനവും ഈ ലാൻറ് അക്വിസിഷൻ ആഫീസറുടെ തീരുമാനത്തെ തള്ളിക്കളഞ്ഞിട്ട് അവർ നിർവചിച്ചിട്ടുള്ളതിനേക്കാളും മൂന്നിരട്ടി വിലയാണ് നിശ്ചയിച്ചിട്ടുള്ളത്. സാധാരണ വിലനിശ്ചയിക്കുമ്പോൾ ആ സ്ഥലത്തു അടുത്തകാലത്തു ഒരു കൊല്ലത്തിനിടക്കു നടന്നിട്ടുള്ള കച്ചവട ആധാരങ്ങളിൽ നോക്കിയിട്ട് അതിൻെറ അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കേണ്ടത്. ആ അടിസ്ഥാനത്തിലാണ് ഹൈക്കോടതിയും മറു കോടതികളും വിലയിടേണ്ടത്. ഇത് ലാൻറ് അക്വിസിഷൻ ആഫീസർക്കും പരിശോധിക്കാവുന്നതാണ്. അവർക്ക് ബോധ്യപ്പെടേണ്ടതാണ്. എന്നിരുന്നാലും ഇവർ തീരെ നിസ്സാരമായ വിലയാണ് ഇടുന്നത്. ഇവിടെ പുളിയന്നൂർ എന്ന സ്ഥലത്ത് ലാൻറ് അക്വിസിഷൻ നടന്നിട്ടുണ്ട്. 26 സെൻറു സ്ഥലമെയുള്ളൂ. ലാൻറ് ആക്വിസിഷൻ ആഫീസർ കണ്ട വില 35 ഉറുപ്പികയാണ്. കോടതി 150 ഉറുപ്പിക വച്ചു വിധിച്ചു. 25 സെൻറു സ്ഥലമെന്നു പറയുന്നത് ഒരു പക്ഷേ അയാൾക്കുള്ള മിക്കവാറും സ്വത്തുതന്നെ ആയിരിക്കാം. അതിനു ന്യായമായവില ആദ്യമേതന്നെ കൊടുത്തിരുന്നെങ്കിൽ അയാൾക്ക് അതുകൊണ്ട് എന്തെങ്കിലും ഏർപ്പാടു ചെയ്യാമായിരുന്നു. അതു കിട്ടാത്തതുകാരണം കോടതിയിൽ പോകണം, കോടതി ച്ചെലവും വളരെയേറെ കാലതാമസവും ബുദ്ധിമുട്ടുകളും കഴിഞ്ഞിട്ട് മൂന്നിരട്ടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ച് കോടതിവിലെ ഇടുകയാണെങ്കിൽ ലാൻറു അകപിസിഷൻ ഏർപ്പാടു ചെയ്തിട്ടുള്ളത് പൂർണ്ണമായും അനീതിപരമാണ്. എന്തുകൊണ്ട് ലാൻറുഅകപിസിഷൻ ഉദ്യോഗസ്ഥൻമാരെ ഈ വക കാര്യങ്ങളിൽ ബോധവാൻമാരാക്കാൻ സാധിക്കുന്നില്ല ഗവൺമെൻറിനെന്നുള്ളത് ഒരു പരമാർത്ഥമാണ്. എറണാകുളം ഷിപ്പുബിൽഡിംഗ് യാർഡിനു അകപയർ ചെയ്തിട്ടുള്ള സ്ഥലത്തെസംബന്ധിച്ച് പലരും കേസിനുപോയി. അവിടേയും ലാൻറു അകപിസിഷൻ ആഫീസർ വിധിച്ചതിൽകവിഞ്ഞ് സംഖ്യ കോടതി അനുവദിച്ചുകൊടുത്തു. പക്ഷേ നിർഭാഗ്യവശാൽ ചില ആളുകൾക്ക് കേസിനുപോകാൻ സാധിച്ചില്ല. അതുകൊണ്ട് അവർക്ക് ഗതിയില്ലാതായിത്തീർന്നു. ഇപ്പോഴും വെൽഫയർസ്കീമിൻെറ പേരിലും റ്റ്രാനിംഗിൻെറ പേരിലും വളരെ വലിയ തോതിലുള്ള അകപിസിഷൻ സംസ്ഥാനവ്യാപകമായ നിലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അവിടേയെല്ലാം ഈയൊരു ദുഷ്കൃത്യമാണ് ലാൻറു അകപിസിഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്തുവരുന്നത്. അതുകൊണ്ട് കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടുകൂടി വില ഇടാനുള്ള ഏർപ്പാടുകൾ ചെയ്താൽ അത് വലിയൊരു സേവനമാണെന്ന് ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. പിന്നീട് വിദ്യാഭ്യാസത്തെസംബന്ധിച്ചു പറയുകയാണെങ്കിൽ ഇല്ലാത്തതാണെങ്കിലും വിദ്യാഭ്യാസത്തിന് പൊതുവേയുള്ള ഒരു വസ്തുത സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. എന്തോ പൊതുവേ ഒരു അസ്വസ്ഥത ഈ ഡിപ്പാർട്ടുമെൻറിലുണ്ട്. ഈ പ്രത്യേക കാര്യങ്ങളൊക്കെ എന്തുകൊണ്ട് ഒന്നു സമാധാനപ്പെടുത്താൻ സാധിക്കുന്നില്ല. അദ്ധ്യാപക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ സമരത്തിനു വേണ്ടിതന്നെ സമയം ചെലവാക്കിയാൽ എങ്ങനെ അദ്ധ്യാപനം നടക്കും. അതു കൂടാതെ എന്തോ കർക്കശമായ നിയമങ്ങളുടെ ഫലമായിട്ട് ഈയിടെയായിട്ട് പത്തുമുന്നൂറു വ്യക്തികൾ കഴിഞ്ഞ കുറേ മാസമായി മുന്നൂറോളം റിട്ടുകളുമായി ഹൈക്കോടതിയിൽ ചെന്നിട്ടുണ്ട്. ഇതിൻെറ അടിയന്തിരസ്വഭാവം മനസിലാക്കി ഹൈക്കോടതിയിൽനിന്നും ഈ അടുത്തകാലത്ത് ഈ റിട്ടിനെ സംബന്ധിച്ച് ഒരു സ്റേറ ഞായറാഴ്ച സ്പെഷ്യൽ മെസഞ്ചർ വഴി എത്തിച്ചുകൊടുക്കേണ്ടിവന്നു. ഇത്ര അടിയന്തിരപ്രാധാന്യമുള്ള സംഭവങ്ങളിൽ ഇങ്ങനെ ഉണ്ടാകാതെ ഒഴിവാക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്. പൊതുവെ പറയുന്നത് സർവ്വീസിൻെറ കാര്യത്തിലും പ്രമോഷൻെറ കാര്യത്തിലുമുള്ള.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അടിയന്തിരമായിട്ട് ഹൈക്കോടതിയിൽനിന്ന് അയച്ചുഎന്നു പറഞ്ഞു. അതിൻെറ കഥ എന്താണെന്നു പറയാമോ?

ശ്രീ. അലക്സാണ്ടർപറമ്പിത്തറ: റിട്ടിന് ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയിൽനിന്ന് ഗവൺമെൻറ് ഓർഡർ സ്റേറ ചെയ്യാൻ സ്പെഷ്യൽ മെസഞ്ചർവഴി ഞായറാഴ്ചദിവസം ഉത്തരവയച്ചു എന്നാണ് പറയുന്നത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഒരു ഐറ്റം കൊള്ളിച്ചിട്ടുണ്ട്. അതായത് മലബാർ ഏരിയായിലുണ്ടായിരുന്ന റൂറൽ ആയുർവ്വേദ ഡിസ്പെൻസറി മലബാർ ഡിസ്ട്രിക്ട്ബോർഡിൻെറ കീഴിലായിരുന്നു. ആ ഡിസ്പെൻസറികൾ ഗവൺമെൻറിലേക്ക് എടുക്കുകയുണ്ടായി. ആകെ നാൽപ്പത് എണ്ണമുണ്ടായിരുന്നതിൽ 37 എണ്ണമേ എടുത്തു കാണുന്നുള്ളൂ. മൂന്നെണ്ണത്തിൽ ആ ഡിസ്പെൻസറികളിലെ വൈദ്യൻമാർ പെൻഷൻ പറ്റി പോയിഎന്നാണ് പറയുന്നത്. ഇതിൽനിന്നു മനസിലാകുന്നത് 37 ഡിസ്പെൻസറികളിലെ വൈദ്യൻമാർക്ക് എന്തോ സൗകര്യം കിട്ടാൻ വേണ്ടിയിട്ട് അത് എടുക്കുന്നു എന്നാണോ? പക്ഷേ ഡിസ്പെൻസറികൾ എന്നു പറയുന്നത് പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. വൈദ്യൻമാർ പെൻഷനായിപ്പോയാൽ അവിടെ ചികിൽസ വേണ്ടെന്നാണോ? അതുകൊണ്ട് വൈദ്യൻമാരെ സഹായിക്കാൻവേണ്ടി മാത്രമല്ല പൊതുജനങ്ങൾക്കുകൂടി ഉപകാരമാകുന്നരീതിയിൽ മറ്റു ഡിസ്പെൻസറികൾകൂടി എടുക്കണമെന്നും പൊതുവെ ഈ വക കാര്യങ്ങളിൽകൂടി കുറച്ചുകൂടി അവധാനതയോടുകൂടിയ ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഞാൻ അനുസ്മരിപ്പിക്കുകയാണ്.

(Shri K. Moideenkutty Haji in the chair)

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: ബഹുമാനപ്പെട്ട ചെയർമാൻ, ഞാൻ ഡിമാൻറുകളെ അനുകൂലിക്കുകയാണ്. ഇതിൽ കാര്യമായും 3 സംഗതികൾ കാണ് ഈ സപ്ലിമെൻററി ഡിമാൻറിൽ തുക ആവശ്യപ്പെട്ടിരുക്കുന്നതായി ഞാൻ കാണുന്നത്. ഒന്നാമതായി പത്തുലക്ഷം രൂപ എലക്ടറൽറോൾ പുതുക്കുന്നതിനുവേണ്ടിയും, 25 ലക്ഷത്തിലധികം ഉറുപ്പിക ലാൻറു അക്വിസിഷൻ പ്രൊസീഡിംഗ്സിനുമാത്രമായി കൊടുക്കേണ്ടിവരുന്ന സംഖ്യയും ഫാമിൻ റിലീഫിൽ 20 ലക്ഷം ഉറുപ്പികയുമാണ് കാര്യമായി ചോദിച്ചിരിക്കുന്നത്. ഈ സന്ദർഭത്തിൽ ഒന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. പലപ്പോഴും ഈ സഭയിൽതന്നെ വന്നിട്ടുള്ളതാണ് സപ്ലിമെൻററി ഡിമാൻറിന്റെ കാര്യമായ ഒരിനം ഗവൺമെൻറുഭൂമി പൊന്നുംവിലക്കെടുമ്പോൾ അതിനു മതിയായതുക നൽകാതിരിക്കുകയും അതിനുശേഷം കക്ഷികൾ കോടതിയിൽപോയി കേസു കൊടുത്ത് വളരെയധികം തുക ഗവൺമെൻറിൽനിന്നു ഈടാക്കുകയും ചെയ്യുന്ന ഒരു സംപ്രദായം വളരെക്കാലമായി ഈ നാട്ടിൽ നിലനിന്നു വരുന്നുണ്ട് ഇതിനുള്ളകാരണം റവന്യൂ ഉദ്യോഗസ്ഥൻമാർ ഭൂമിക്കും കുഴിക്കൂറുകൾക്കും അതിലുള്ള കെട്ടിടങ്ങൾക്കും വില നിർണ്ണയിക്കുന്നതിൽ എന്തോ അപാകതയുണ്ട് അതുകൊണ്ടാണെന്നു കാണാൻ കഴിയും. സർ, പല സന്ദർഭങ്ങളിലും ഗവൺമെൻറാവശ്യത്തിനു ഭൂമി വിലയ്ക്കെടുക്കുമ്പോൾ അതിനു കൊടുക്കുന്ന വില വളരെ തുച്ഛമാണ്. എന്തോചില ധാരണകൾ വച്ചുകൊണ്ട് റവന്യൂ ഉദ്യോഗസ്ഥൻമാരും, ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറുകാരും വളരെ അശ്രദ്ധ കാണിക്കുന്നു എന്നുള്ളതുകൊണ്ട് നാട്ടുകാർക്ക് വളരെയധികം ബുദ്ധിമുട്ടു നേരിടുന്നുണ്ട്. ഒരു ശരിയായ വില കൊടുക്കുന്നതിനുവേണ്ടി പാർട്ടികളുമായി നെഗോഷ്യേററു ചെയ്തു മാർക്കറ്റുവില എന്താണെന്നന്വേഷിച്ചുകാണ്ട് അതാദ്യംതന്നെ കൊടുക്കാൻ തയ്യാറാവുകയാണെങ്കിൽ വളരെയധികം പ്രൊസീഡിംഗ്സ് ഒഴിവാക്കാൻ കഴിയും, കോടതി നടപടികൾ ഒഴിവാക്കാൻ കഴിയും, വളരെയധികം സംഖ്യകൾ അനാവശ്യമായി ഗവൺമെൻറു ചെലവാക്കുന്നതും ഒഴിവാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം പ്രത്യേകം കണക്കിലെടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഓർമ്മിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സർ, അതുപോലെതന്നെയാണ് നമ്മുടെ ഫാമിൻ റിലീഫിന്റെ കാര്യം പല സംസ്ഥാനങ്ങളിലും ഫാമിൻ റിലീഫിന്റെ പേരിൽ വളരെയധികം തുക വാങ്ങുന്നുണ്ടെങ്കിലും കേരളസംസ്ഥാനത്തിൽ ഫാമിൻ റിലീഫ് രംഗത്തിനു വേണ്ടി കേന്ദ്രഗവൺമെൻറ് അനുവദിക്കുന്ന തുക വളരെ തുച്ഛമാണെന്നകാര്യം നമ്മുടെ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നും അതിനുവേണ്ടി കൂടുതൽ തുക കിട്ടാൻ ആവശ്യപ്പെടണമെന്നും ഈ സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പല സംസ്ഥാനങ്ങൾക്കും കൊല്ലംതോറും കേന്ദ്രഗവൺമെൻറു അനുവദിക്കുന്ന തുക നമുക്കു കിട്ടുന്ന തുകയുമായി തുലനം ചെയ്തു നോക്കുമ്പോൾ അതു കേവലം തുച്ഛമാണെന്നു കാണാൻകഴിയും. യാഥാർത്ഥ്യം നോക്കുകയാണെങ്കിൽ കേരളസംസ്ഥാനത്തിൽ കൊല്ലംതോറും വെള്ളപ്പൊക്കംമൂലമുണ്ടാവുന്ന നാശനഷ്ടങ്ങളെസംബന്ധിച്ച് കണക്കെടുമ്പോൾ മറ്റു സംസ്ഥാനങ്ങളിലുണ്ടാവുന്ന ഇത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഫാമിൻ റിലീഫിനെസംബന്ധിച്ചുള്ള കണക്കുകളും വളരെ തുച്ഛമാണെന്നു നമുക്കു മനസിലാക്കാം. അതേസമയത്ത് അവർക്ക് അധികം കിട്ടുകയും കേരള സംസ്ഥാനത്തിന് ചുരുങ്ങിയ സംഖ്യമാത്രം കിട്ടുകയും ചെയ്യുന്ന ഒരു ഗതി കേടാണ് ഉള്ളതെന്ന കാര്യത്തിൽ ഈ ഗവൺമെൻറ് ശക്തിയായിതന്നെ കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ കൊല്ലവും വെള്ളപ്പൊക്കമുണ്ടാവുമ്പോൾ ഈ നാട്ടിലെ കൃഷിക്കാർക്കു പറ്റുന്ന നാശനഷ്ടങ്ങൾ ശരിക്കു കണക്കിലെടുത്തുകൊണ്ട് അതു കേന്ദ്ര ഗവൺമെൻറിന്റെ മുമ്പിൽ വയ്ക്കാനുള്ള ഒരു മെഷിനറിതന്നെ ഏർപ്പെടുത്തണമെന്ന് ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഉണർത്താൻ ആഗ്രഹിക്കുകയാണ്. അതിനു പ്രത്യേകമായിതന്നെ ഒരു വിംഗ് ഈ സംസ്ഥാനത്തിന്റെ കീഴിൽ ഉണ്ടായിരിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്.

സർ, അതുപോലെതന്നെ ഈ ഡിമാൻറിൽ ആവശ്യപ്പെട്ടിരിക്കുന്നത് പോലീസിനുള്ള കുറേ സംഖ്യകൂടിക്കാണ്. ഈ അവസരത്തിൽ കഴിഞ്ഞ കാലത്ത് പോലീസ് എങ്ങനെ പ്രവർത്തിച്ചിരുന്നുഎന്നും ഇപ്പോൾ പോലീസ് എങ്ങനെ പ്രവർത്തിക്കുന്നുഎന്നും അവരുടെ സ്ഥിതി എന്തെല്ലാമാണെന്നും നാമൊന്നു കണക്കിലെടുക്കേണ്ടതുണ്ട്. ഒരു കാലത്ത് പോലീസ് ഒരു പാർട്ടിക്കാരുടെമാത്രം ആയുധമാക്കി ഈ സംസ്ഥാനത്ത് നിലകൊള്ളുകയായിരുന്നു. പോലീസ് സ്റ്റേഷനുകളിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തകൻമാർക്ക് ഒരു കസേര ഉണ്ടായിരുന്നു. ഇന്ന് ആ കസേര എടുത്തു മാറ്റിയിരിക്കുകയാണ്. ഇന്ന് അക്രമം എവിടെ കാണുന്നോ അവിടെ പോലീസ് ഇടപെടുന്നുണ്ട്. അനീതി എവിടെ കാണുന്നോ അവിടെ പോലീസ് എത്തുന്നുണ്ട്. ഇതുമാത്രം കൊണ്ടായില്ല. പോലീസുകാരുടെ നിലവാരമുയർത്താൻകൂടി ഗവൺമെൻറ് പരിശ്രമിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാപോലീസുകാർക്കും താമസിക്കാൻ ക്വാർട്ടേഴ്സില്ല. എല്ലാ പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസുകാരും താമസസൗകര്യമില്ലാത്ത ഗതികേടിലേക്ക് എത്താതിരിക്കണം. കാരണം നിഷ്കർഷയോടുകൂടി ഈ നാട്ടിനെ സേവിക്കുന്ന വിഭാഗമെന്നുമാത്രമല്ല ഇന്ന് എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും ഗവൺമെൻറു ജീവനക്കാരും സംഘടിച്ചു പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ സംഘടനാ സ്വാതന്ത്ര്യംപോലും നിഷേധിക്കപ്പെട്ട പോലീസുകാർക്ക് അവരുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് അവർക്കാവശ്യമായ സൗകര്യം ഉണ്ടാക്കികൊടുക്കാനുള്ള ഒരു തീരുമാനമെങ്കിലും ഗവൺമ്മെൻറ് അടിയന്തിരമായി എടുക്കേണ്ടതാണ്.

<u>ശ്രീ. വി. പി. ചെറുകോയതങ്ങൾ:</u> അവർ വളരെയധികം നന്നായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അവർക്ക് ടി.എ. നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം പറയാമോ?

അവരുടെ നിലവാരം ഉയർത്തുമ്പോൾ ടി. എ. യുടെ കാര്യവ്യയം മറ്റും ഗവൺമ്മെൻറ് ആലോചിക്കണം. ഞാൻ പറഞ്ഞുകഴിഞ്ഞു, അവരുടെ നിലവാരം ഉയർത്തണമെന്ന്. അതുപോലെതന്നെ ഇന്നു വളരെയധികം പോലീസ് സ്റ്റേഷനുകൾ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ വാടകകെട്ടിടങ്ങളിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നു എന്നു പറഞ്ഞാൽ ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ പല തരത്തിലും പോലീസിനെ സ്വാധീനപ്പെടുത്താനുള്ള വഴിയുണ്ട്. അതില്ലാതാക്കാൻവേണ്ടിയെങ്കിലും എല്ലാ പോലീസ് സ്റ്റേഷനുകളും ഗവൺമെൻറ് സ്വന്തം കെട്ടിടത്തിൽ തുടങ്ങാനുള്ള ഒരു പദ്ധതി ഉണ്ടായിരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പോലീസ് കാര്യമായി പ്രവർത്തിച്ചിട്ടില്ല, കാര്യക്ഷമത പാലിച്ചിട്ടില്ല എന്നെല്ലാം ആരോപണങ്ങളും ഉന്നയിക്കുന്നവരുണ്ട്. പല പല സർക്കിളും ഇൻസ്പെക്ടർമാർക്കും ജീപ്പുകളില്ല, അല്ലെങ്കിൽ വാഹനങ്ങളില്ല. അതുകൊണ്ട് അവർക്ക് എത്തേണ്ട സ്ഥലത്ത് എത്തേണ്ട സമയത്ത് എത്താൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയുണ്ട്. അതും ഒഴിവാക്കാൻവേണ്ടി എല്ലാ പോലീസ് സർക്കിളും ഇൻസ്പെക്ടർമാർക്കും ജീപ്പുകളും നൽകേണ്ടതാണ് അല്ലെങ്കിൽ വാഹനങ്ങളും നൽകേണ്ടതാണ് വളരെ ആവശ്യമാണ്. അക്കാര്യത്തിലും ഗവൺമെന്റു ശ്രദ്ധിക്കുമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, അതുപോലെതന്നെയാണ് ഇറിഗേഷൻ. ഇറിഗേഷനെസംബന്ധിച്ചു പറയുമ്പോഴും ഈ സംസ്ഥാനത്തെ സംബന്ധിച്ചു നല്ല നിലയ്ക്കു പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റാണെങ്കിലും ഇറിഗേഷൻ വിഭാഗം ഒരു തരത്തിൽ പ്രവർത്തിക്കുകയും കൃഷിഡിപ്പാർട്ടുമെന്റ് മറെറാരു തരത്തിൽ പ്രവർത്തിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് കോർഡിനേഷൻ ഇല്ലാത്ത ഈ രണ്ടു വകുപ്പുകളും വിവിധരീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇതു കണക്കിലെടുത്തുകൊണ്ട് ഒരു കോർഡിനേറെറഡ് പ്രവർത്തനത്തിനുവേണ്ടി കൃഷിഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും തമ്മിൽ സംയോജനം ഏർപ്പെടുത്തണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. സർ, അതുപോലെതന്നെ പല ഇറിഗേഷൻ പദ്ധതികളും തുടങ്ങിവച്ച് പിന്നീടു പണമില്ലാതെ നടപ്പിലാക്കാതിരിക്കുന്ന ഒരു സ്വഭാവം നാം കാണുന്നുണ്ട്. എനിക്കു വ്യക്തമായി പറയാൻ കഴിയും കഴിഞ്ഞ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ട് കുറെ ലാൻഡ് അകപ്പിസിഷൻ നടപടി നടത്തി പിന്നീട് പണമില്ലാത്തതിന്റെ പേരിൽ ആ ലാൻഡ് ലാൻഡ് അകപ്പിസിഷൻ നടപടിയുടെ തന്നെ അവാർഡു പാസ്സാക്കാൻ കഴിയാതെ നിർത്തിവയ്ക്കപ്പെട്ട പല പദ്ധതികളും മലബാർ പ്രദേശത്തുണ്ടെന്ന്. അതിന് ഈ സപ്ലിമെൻററി ഡിമാൻറിൽ വക കൊള്ളിക്കേണ്ടതായിരുന്നു. അതു കൊള്ളിക്കാത്തതിൽ ഞാൻ ഖേദിക്കുകയാണ്. കാരണം 40 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ട്, കഴിഞ്ഞ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ട് അതിന്റെ ലാൻഡ് അകപ്പിസിഷൻപോലും പൂർത്തിയാക്കാതെ, ഒന്നു രണ്ടു മൂന്നുമാസക്കാലം പ്രവർത്തിച്ചിട്ട് അതു നിറുത്തിവയ്ക്കേണ്ടിവന്നു. അതിനു വേണ്ട തുകയെങ്കിലും ഈ സപ്ളിമെൻററി ഡിമാൻറിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ഇതിൽ ഉൾക്കൊള്ളിച്ചില്ലെങ്കിലും അടുത്ത ബഡ്ജറിലെങ്കിലും ഇത്തരം പ്രവർത്തനങ്ങളും തുടർന്നു നടത്താനുള്ള ഏർപ്പാടുകളും ഉണ്ടായിരിക്കണമെന്നു ബഹുമാനപ്പെട്ട ജലസേചനമന്ത്രിയെ ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഈ ഡിമാൻറിനെ ഞാൻ അനുകൂലിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്: സർ, സപ്ലിമെൻററി ഡിമാൻറിനെക്കുറിച്ചു സംസാരിക്കുന്നതിനു മുൻപായി ഇവിടത്തെ മാർക്സിസ്റ്റു പ്രതിപക്ഷം കാണിച്ച ഏറ്റവും ഉത്തരവാദിത്വരഹിതമായ നടപടിയെക്കുറിച്ചു ഒരു വാക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ പോലീസിന്റെ നടപടികളും ഉൾപ്പെടെ പല കാര്യങ്ങളെയും സംബന്ധിച്ച് വിമർശനങ്ങളും നടത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഈ ചർച്ചാവേളയിൽ ഈ നിയമസഭ ബഹിഷ്ക്കരണംകൊണ്ട് എന്തുനേട്ടമാണ് മാർക്സിസ്റ്റുപാർട്ടിക്കും അതു വഴി ഈ രാജ്യത്തിനും ഉണ്ടാകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. സർ, ഒരു വെടിവെയ്പ്പിനെക്കുറിച്ചോ അതു നടന്ന സാഹചര്യത്തെക്കുറിച്ചോ ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചശേഷം അക്കാര്യങ്ങളും ഉൾപ്പെടെയുള്ള സംഗതികളും വിമർശനവിധേയമാക്കാവുന്ന ഒരു സന്ദർഭത്തിൽ നടത്തിയ ഈ ഉത്തരവാദിത്വരഹിതമായ നടപടിയെ ഇവിടത്തെ ജനങ്ങളും നീതീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ സപ്ലിമെൻററി ഡിമാൻറിലുള്ള പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളെയും കുറിച്ച് സംസാരിക്കുമ്പോഴും എനിക്ക് മുഖ്യമായി പറയാനുള്ളത് ഈ ഗവൺമെന്റിന്റെ പോലീസ് നയത്തെസംബന്ധിച്ചിടത്തോളമാണ്. സർ, പോലീസ് നയത്തിലും തൊഴിൽ നയത്തിലും മാറ്റമൊന്നും വന്നിട്ടില്ലെന്ന് ഗവൺമെന്റ് ഭാഗത്തുനിന്നും പലപ്പോഴും സംസാരിച്ചുകേട്ടുവെങ്കിലും ഫലത്തിൽ അതിനെ സംബന്ധിച്ച് ഈ രാജ്യത്ത് മാറ്റം ഉണ്ടായിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. പോലീസിനെസംബന്ധിച്ചിടത്തോളം അവരുടെ കർത്തവ്യനിർവ്വഹണം ഒന്നുകൂടി കാര്യക്ഷമമായി നടത്തുന്നതിനുള്ള ഒരു സാഹചര്യം ഇന്നിവിടെ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത നമുക്ക് നിഷേധിക്കുവാൻ നിവൃത്തിയില്ല. സർ, ഇവിടത്തെ പോലീസ് നിർവ്വീര്യമായി പോകുകയാണെങ്കിൽ ഈ രാജ്യത്തെ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നു ഞാൻ ഓർത്തുപോകുകയായിരുന്നു. കൈയൂക്കുള്ളവൻ കാര്യക്കാരൻ, എന്ന നിലയിലേയ്ക്കു നമ്മുടെ രാജ്യത്തെ കൊണ്ടുചെന്നധപ്പതിപ്പിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുവാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴും അതിനെതിരായി ശക്തിയായ ഒരു നിലപാടാണ് ഈ ഗവൺമ്മെൻറു സ്വീകരിക്കുന്നതെന്നു പറയുന്നതിൽ എന്തിനു മടികാണിക്കുന്നുവെന്നു ഞാൻ ചോദിക്കുകയാണ്. ശങ്കരൻനമ്പൂതിരിപ്പാടിന്റെ ഗവൺമ്മെൻറു അധികാരത്തിൽ വന്നതിനു ശേഷം ഞാൻ ഇപ്പോഴും ഓർക്കുകയാണ് ആദ്യമായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ശങ്കരൻനമ്പൂതിരിപ്പാട് പോലീസിനു ഒരു നിർദ്ദേശം കൊടുത്തു. ആ നിർദ്ദേശത്തിൽ പറഞ്ഞിരുന്നത് പരിക്കേറ്റ സംഭവങ്ങളിൽ മാത്രമേ കേസെടുക്കാവൂ എന്നാണ്. പുറമേ കാണത്തക്ക യാതൊരു പരിക്കും കാണാതെകണ്ട് ഈ രാജ്യത്തെ പൗരൻമാരെ ഉപദ്രവിക്കാമെന്നാണോ അദ്ദേഹം തീരുമാനിച്ചതെന്നു മനസ്സിലാകുന്നില്ല. അവ്യക്തമായ ആ സർക്കുലർ —അതിന്റെ അർത്ഥം അദ്ദേഹത്തിനു തന്നെ മനസ്സിലായിട്ടുണ്ടോ എന്നു സംശയമാണ്—ഈ രാജ്യത്തെ പോലീസിനെ അയയ്ക്കുകയാണ് അന്നത്തെ സർക്കാർ വന്നതിനു ശേഷം ആദ്യമായി ചെയ്തിട്ടുള്ളത്. നമ്മുടെ രാജ്യത്ത് രണ്ടുതരം പൗരൻമാരെ സൃഷ്ടിച്ച നമ്പൂതിരിപ്പാടിന്റെ ഭാഷ്യം അല്ലെങ്കിൽ ഭാഷയിൽ ഈ നാട്ടിലെ ജനങ്ങളെന്നു പറഞ്ഞാൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി എന്ന വ്യാഖ്യാനം നൽകി. ശ്രീ. അച്ചുതമേനോൻ ജനങ്ങളെ എന്നു പറഞ്ഞാൽ കേരളത്തിലെ ജനങ്ങളെ എന്നു വ്യാഖ്യാനം നൽകുന്നു എന്നുള്ളതാണ് ഇന്നുള്ള പോലീസ് നയത്തിലുള്ള വ്യതിയാനം എന്നു ഞാൻ എടുത്തു പറയുകയാണ്. നിഷ്പക്ഷമായി നീതിനിർവ്വഹണം നടക്കണമെന്നും അതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളേയും ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷ കക്ഷി എന്നുള്ള നിലയിൽ ഞങ്ങളും സ്വാഗതം ചെയ്യുമെന്ന് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് മാർക്സിസ്റ്റു പാർട്ടി സമരങ്ങളും അഴിച്ചുവിട്ടു. ഒരുകൂട്ടം ജനങ്ങളെ മനഃപൂർവ്വം കുരുതികൊടുത്തുകൊണ്ട് അവരുടെ പാർട്ടി ഭദ്രമാക്കാൻ ഉള്ള സമരത്തിൽ ഇന്ന് മാർക്സിസ്റ്റുപാർട്ടി ഏർപ്പെട്ടിരിക്കുകയാണ്. നെല്ല് കൊയ്തെടുക്കണമെങ്കിൽ പോലീസ് സംരക്ഷണം വേണം, നാളികേരം വെട്ടിയെടുക്കണമെങ്കിൽ പോലീസിന്റെ സംരക്ഷണം വേണം, ആഭ്യന്തരമന്ത്രിക്കു സഞ്ചരിക്കണമെങ്കിൽ പോലീസ് സംരക്ഷണം വേണം. എന്തിനു പറയുന്നു, ട്രാൻസ്പോർട്ടു ബസ്സുകളും മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ പോലീസ് സംരക്ഷണം വേണമെന്ന സാഹചര്യമാണ് ഈ രാജ്യത്തു വന്നിട്ടുള്ളതെങ്കിൽ പോലീസിന്റെ എണ്ണം കൂട്ടുന്നതിൽ പോലീസിനെ സുശക്തമാക്കുന്നതിൽ തീർച്ചയായും നീതീകരണം കണ്ടെത്താൻ ഈ ഗവൺമ്മെൻറിനു കഴിയുമെന്നു ഞാൻ പറയുകയാണ്. ഇതു പറയുമ്പോഴും ഒരു കാര്യവുംകൂടി എടുത്തു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്ത് വെടിവെയ്പ്പുകളും കൂടുതൽ ഉണ്ടാകുന്നത് ഒരു ഗവൺമ്മെൻറിനെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം ഭൂഷണമായിട്ടുള്ള ഒരു കാര്യമായി ഞാൻ പരിഗണിക്കുന്നില്ല. സുശക്തമായി ഇന്നത്തെ സാഹചര്യം നേരിടുന്നതോടൊപ്പംതന്നെ ഈ രാജ്യത്തുള്ള ലാത്തിചാർജുകളും വെടിവെയ്പും അനിയന്ത്രിതമായി പോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നുകൂടി ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. പോലീസിനെക്കൊണ്ടുള്ള ഭരണമാണു നടക്കുന്നതെന്നുള്ള ആക്ഷേപം ഉണ്ടാകാതിരിക്കാനുള്ള നിയന്ത്രണവും കൂടി പോലീസിനെ സംബന്ധിച്ചിടത്തോളം ഏർപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു ഞാൻ കരുതുകയാണ്. ഇവിടെ ഭൂനിയമം നടപ്പിലാക്കുന്നതിനും ട്രാൻസ്പോർട്ട് സമരത്തെ നേരിടുന്നതിനും വേണ്ടിയാണ് അടുത്തകാലത്ത് വളരെകൂടുതൽ പോലീസിനെ ഏർപ്പെടുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതു്. സർ, ഈ ഭൂനിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഒന്നുകൂടിനിഷ്കർഷ പാലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നു കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റു) വെറിപൂണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് വളരെയേറെ സ്ഥിരം പട്ടയങ്ങൾ വിതരണം ചെയ്ത കാര്യത്തെസംബന്ധിച്ചിടത്തോളവും ഭൂനിയമം ഒന്നാകെ നടപ്പിലാക്കിക്കൊണ്ട് അതു പ്രാബല്യത്തിൽവരുത്താനുള്ള നടപടിയെ സംബന്ധിച്ചിടത്തോളവും എല്ലാംതന്നെ കമ്മ്യൂണിസ്റ്റു പാർട്ടിക്കു അമർഷം ഉണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ശ്രീമതി കെ. ആർ. ഗൗരി ഒരുപക്ഷേ കുറെക്കാലത്തേയ്ക്കെങ്കിലും സ്ഥിരമായി വച്ചു കൊണ്ടിരിക്കാമെന്നു വിചാരിച്ച ആ സീറ്റിൽ ഇന്ന് ആണുങ്ങൾ കയറിയിരിക്കുകയാണ്. അതിനെസംബന്ധിച്ച് അവർക്ക് ആക്ഷേപമുണ്ട്, പരാതിയുണ്ട്. സ്വാഭാവികമായി അതിനെതിരായി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി അമർഷംകൊള്ളുന്നതിൽ നമുക്ക് അത്ഭുതത്തിനവകാശമില്ല. സമരംകൊണ്ടു മാത്രമേ ഭൂപരിഷ്ക്കരണം നടപ്പിലാക്കാൻ സാധിക്കൂ, ഒരു നിയമനിർമ്മാണം വഴി സാധ്യമല്ലെന്നു വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റു) ഇന്ന് ഈ നിയമത്തിന്റെ നടത്തിപ്പിനെസംബന്ധിച്ചിടത്തോളം പല വൈതരണികളും സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതു മുന്നിൽ കണ്ടുകൊണ്ട്, ഈ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പല വൈതരണികളെയും കണക്കിലെടുത്തുകൊണ്ട് ആ വക കാര്യങ്ങളിൽ ഊർജ്ജസ്വലമായ നടപടി സ്വീകരിക്കുവാൻ ഈ ഗവൺമ്മെൻറു മുന്നോട്ടു വരേണ്ടതു് ആവശ്യമാണെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. ഇന്നിപ്പോഴും പല കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളവും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. അവർക്ക് അപേക്ഷ കൊടുക്കുന്നതിനുള്ള ഫാറം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ടെന്നു ഇവിടെ മന്ത്രി പ്രഖ്യാപിച്ചെങ്കിലും ഇന്നും കുടികിടപ്പുകാരുടെ ആവശ്യത്തിനുള്ള ഫോറം എത്തിയിട്ടില്ല. തഹസീൽദാരൻമാരെസംബന്ധിച്ചിടത്തോളം ഇതിന്റെ നടപടി എന്താണെന്നു അറിയാതെ പലരും കൈയും കെട്ടി നിൽക്കുകയാണ്, ഈ രാജ്യത്ത്. അവർക്ക് വേണ്ടത്ര സ്റ്റാഫില്ല, പ്രവർത്തിക്കാനുള്ള സൗകര്യമില്ല; എന്താണു ചെയ്യേണ്ടതെന്നറിയുകില്ല. അതുകൊണ്ട് വ്യക്തമായ നിർദ്ദേശങ്ങൾ ലാൻഡ് ട്രിബ്യൂണലിന്റെ അധികാരം കൊടുത്തിരിക്കുന്ന തഹസീൽദാർക്കു കൊടുത്തതിനുശേഷം കൂടുതൽ സ്റ്റാഫിനെ കൊടുത്തുകൊണ്ട് ഈ ഭൂപരിഷ്ക്കരണനടപടി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. കുടികിടപ്പുകാരെ സംബന്ധിച്ചുള്ള പ്രാവർത്തികമായ ഒരു പ്രയാസമുണ്ട്. ഭൂമി വിലയ്ക്കു വാങ്ങിക്കാനുള്ള ഫാറവുമായി രാഷ്ട്രീയ പാർട്ടികൾ 'അഹമഹമികയാ' മുന്നോട്ടുവരികയാണ്. ആദ്യം മുന്നോട്ടുവന്ന് ആദ്യം ചേരത്തവനാണ് രക്ഷകർത്താവ് എന്നുള്ള നിലയിൽ എങ്ങനെയെങ്കിലും ഫോറവും ഒപ്പിട്ട് ചില നടപടികൾ സ്വീകരിച്ചുകൊണ്ട് നടക്കുകയാണ്. സർവ്വേ നമ്പർ അറിയിക്കുകയില്ല, ഭൂ ഉടമസ്ഥൻമാരുടെ പേരറിയുകയില്ല. ഫോറത്തിൽ ആദ്യം ഒപ്പു വെയ്

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കണമെന്നു മാത്രമാണ്‌ രാഷ്ട്രീയപാർട്ടികളുടെ ശ്രമം മുഴുവനും. അതിന്റെ ഫലമായി ഫോറം വേണ്ട സ്ഥലത്ത്‌ എത്തുന്നില്ല. അഥവാ എത്തുകയാണെങ്കിൽ തള്ളിപ്പോകാനുള്ള സാഹചര്യവുമുണ്ട്‌. ഇക്കാര്യത്തെ സംബന്ധിച്ച്‌ എനിക്ക്‌ ഒരു നിർദ്ദേശം വയ്ക്കാനുള്ളത്‌——പണ്ടു നിലവിലുണ്ടായിരുന്ന——ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ലീഗൽ എയിഡ്‌ കൊടുക്കാനുള്ള ഒരു പ്രസ്ഥാനം നമ്മുടെ രാജ്യത്ത്‌ നിലവിലുണ്ടെന്നാണു മനസ്സിലാക്കുന്നത്‌. അതുമാതിരി ഈ ഗവൺമെന്റ്‌ കാര്യമായി പര്യാലോചിക്കേണ്ട ഒരു കാര്യമാണെന്നു എനിക്കു ബോധ്യമുള്ളതുകൊണ്ടു പറയുകയാണ്‌, ഈ രാജ്യത്തുള്ള ലക്ഷോപലക്ഷം വരുന്ന കൂടികിടപ്പുകാർക്ക്‌ ലീഗൽ എയിഡ്‌ കൊടുക്കുന്നതിനുള്ള നടപടി ആവിഷ്ക്കരിക്കുന്നത്‌ ഒരു വലിയ ബുദ്ധിമുട്ടുള്ള സാഹചര്യം ഒഴിവാക്കാൻ സഹായകരമാകുമെങ്കിൽ ആ രംഗത്തേയ്ക്കു നീങ്ങണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്‌.

ട്രാൻസ്പോർട്ട്‌ സമരത്തെ സംബന്ധിച്ചിടത്തോളം——ഞാൻ പറഞ്ഞവസാനിപ്പിക്കുകയാണ്‌——ഞാൻ ഇവിടെ നേരത്തേ ഗവർണ്ണരുടെ പ്രസംഗത്തിന്റെ ചർച്ചാവേളയിൽ പറയുകയുണ്ടായി. പിരിച്ചുവിട്ടിട്ടുള്ള തൊഴിലാളികളുടെ കാര്യം വളരെ സഹതാപത്തോടുകൂടി വീക്ഷിക്കേണ്ടതാണ്‌. അവരാരും അന്യരല്ല, ഈ രാജ്യത്തെ പൗരൻമാരാണ്‌. പക്ഷേ അവർ സമരം നടത്തേണ്ടതു എവിടെയാണെന്ന് ആലോചിക്കണം. വഴിയാധാരമാക്കാനുള്ള സാഹചര്യം സൃഷ്ടിച്ച നേതാക്കൻമാരുടെയും പാർട്ടിക്കാരുടെയും അടുത്തല്ലേ സമരം നടത്തേണ്ടതെന്നാലോചിക്കേണ്ട സമയം സമാഗതമായിരിക്കുകയാണ്‌. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്‌ മന്ത്രി ഈ നിയമനത്തെ സംബന്ധിച്ചിടത്തോളം വേണ്ടിവന്നാൽ ഒരു ജുഡിഷ്യൽ അന്വേഷണം നടത്താമെന്നു പ്രഖ്യാപിച്ചതിനുശേഷവും വീണ്ടും ഈ സമരം നീട്ടിക്കൊണ്ടു പോകാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം ഈ രാജ്യത്തു അരാജകത്വം വരുത്താനുള്ള ശ്രമം മാത്രമല്ലേ എന്നു പരിഗണിക്കേണ്ടതുണ്ട്‌. സർ, അതുകൊണ്ട്‌ ഈ സമരങ്ങളെ നേരിടുന്നതിന്‌ സുശക്തമായ നടപടി സ്വീകരിക്കുന്നതിൽ ഗവൺമെൻറിന്‌ ന്യായീകരണം കണ്ടെത്താൻ സാധിക്കുന്നുണ്ട്‌.

ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. എം. രാമുണ്ണി: സർ, ഞാൻ ഈ ഡിമാൻറിനെ എതിർത്തുകൊണ്ടു സംസാരിക്കുമ്പോഴും ഗൗരവമായിട്ടു സംസാരിക്കാനുദ്ദേശിക്കുന്നത്‌ ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിനെപ്പറ്റി മാത്രമാണ്‌. സർ, അതിനുമുമ്പ്‌ പോലീസ്‌ വകുപ്പിനെക്കുറിച്ചുകൂടി രണ്ടുവാക്കു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. സർ, ഈ ഗവൺമെൻറ്‌ വന്നതിനുശേഷം പോലീസ്‌ വകുപ്പിനെസംബന്ധിച്ചിടത്തോളം ഒരു യുദ്ധകാലപ്രതീതി ഈ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായി എന്നുള്ളത്‌ വേദനാജനകമായ ഒരു സത്യമാണ്‌. സർ, കണ്ടാൽ വെടിവെയ്ക്കുക, സംശയമുണ്ടായാൽ വെടിവെയ്ക്കുക, ആരെയും വെടിവെയ്ക്കുക എന്ന രീതിയിൽ ഈ രാജ്യത്തെ പോലീസ്‌ ഭരണം ചെന്നെത്തിയിരിക്കുന്നു. അതിന്റെ ധാർമ്മികമായ അധഃപതനത്തെപ്പറ്റി നാം ചിന്തിക്കേണ്ടതാണെന്ന കാര്യം വിനീതമായി ഞാൻ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുകയാണു സർ, വെടിവെയ്ക്കുകയും ആളുകളെ കൊല്ലുകയും ചെയ്തതിനുശേഷം അതിനെ വെള്ളപൂശാൻവേണ്ടി ജുഡിഷ്യൽ അന്വേഷണം നടത്തുകയാണ്‌. മനുഷ്യൻ ഒരു പ്രാവശ്യം മാത്രമേ ജീവിക്കുന്നുള്ളൂ എന്നുള്ളത്‌ ഒരു വസ്തുതയാണ്‌——. അവൻ മരിച്ചതിനുശേഷം മോക്ഷം കിട്ടാൻവേണ്ടിയാണോ ഈ ജുഡിഷ്യൽ അന്വേഷണം നടത്തുന്നത്‌. ഇതുതെറ്റായ ഒരു സമീപനമാണു സർ. തൊഴിലാളികളെ വെടിവെയ്ച്ചു കൊല്ലുന്ന ഏർപ്പാടിൽനിന്നും ഈ ഗവൺമെൻറ്‌ മാറണമെന്ന് സ്നേഹ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധ്യാ ഞാൻ അഭ്യർത്ഥിക്കുകയാണ്. പോലീസിനെപ്പറ്റി ഞാൻ ഇതയേ പറയുന്നുള്ളു.

ഹരിജൻ വെൽഫയറിനുവേണ്ടി ഒരു ഡിമാൻറ് അവതരിപ്പിക്കേണ്ടിയുണ്ടായിരുന്നോ എന്നു ഞാൻ സംശയിക്കുകയാണ്. സർ, എല്ലാകൊല്ലങ്ങളിലും എത്രയോ ലക്ഷം ഉറുപ്പിക.....

ശ്രീ. എൻ. ഗണപതി: പാവപ്പെട്ട 3 യാത്രക്കാരെ ബസ്സിലിട്ട് എരിച്ചുകൊന്നത് മാർക്സിസ്റ്റുകാരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയുള്ളവരുടെപേരിൽ വേറെ എന്തുനടപടിയെടുക്കണമെന്നാണ് പറയുന്നത്. വേറെ എന്തെങ്കിലും തക്കതായ നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർക്ക് ഗവൺമെൻറിനു സമർപ്പിക്കാൻ കഴിയുമോ?

ശ്രീ. എം. രാമുണ്ണി: ഞങ്ങളും ആരെയും എരിക്കുന്നതിനു എതിരാണ്. മട്ടന്നൂരിൽ മാത്രമല്ല ആളുകളെ എരിച്ചു കൊന്നത്. തിരൂരിൽ എന്താണ് സംഭവിച്ചത്. പെട്രോളും ഒഴിച്ച് തീവെച്ച് കൊല്ലുന്നതിൽ ധർമ്മരോഷം കൊള്ളുന്നവരോട് ഞാൻ ചോദിക്കുന്നു. പെട്രോളും ഒഴിച്ചു തീ വയ്ക്കുന്നതിനെ ഞങ്ങളും എതിർക്കുന്നു. അത് ബസ്സിലായാലും തരക്കേടില്ല, പീടികയിലായാലും തരക്കേടില്ല. അതിനെ ശക്തിയായി എതിർക്കേണ്ടതാണെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

സർ, ഹരിജനക്ഷേമത്തിനുവേണ്ടി ഒരു ഡിമാൻറ് അവതരിപ്പിക്കേണ്ടതുണ്ടായിരുന്നോ എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വിനീതനായി ചോദിക്കുകയാണ്. കാരണം, എല്ലാ കാലങ്ങളിലും അനേകലക്ഷം രൂപ ലാപ്സായിപോകുന്ന ഒരു പതിവ് ഈ ഡിപ്പാർട്ടുമെൻറിലുണ്ട്. ഈ കൊല്ലവും ഏറ്റവും ചുരുങ്ങിയത് 30 ലക്ഷം രൂപയെങ്കിലും ലാപ്സാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതു നാളെ തിരുത്താൻ സന്ദർഭമുണ്ടാകുമെങ്കിൽ ഞാൻ തിരുത്താം. ആ വസ്തുതയിലേയ്ക്ക് ഞാൻ ഇന്നു കടക്കുന്നില്ല. പക്ഷേ ഇത്രയേറെ ലാപ്സായിക്കൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിൽ ഇനിയും കുറെ പണം ആവശ്യപ്പെടുകയെന്നുവെച്ചാൽ ആ സംഖ്യകൂടി ലാപ്സാക്കുക, അങ്ങനെ ലാപ്സിൻറെ തുക കുറെകൂടി കൂട്ടുകയെന്നുള്ളതായിരിക്കുകയല്ലേ ഫലമെന്ന് ഞാൻ ഭയപ്പെടുകയാണ്.

സർ, ഹരിജനക്ഷേമത്തെപ്പറ്റി പറയുമ്പോഴും ഈ ആദിവാസികളുടെ കാര്യം എടുത്തു പറയാതിരിക്കാൻ നിവർത്തിയില്ല. സർ, എൻറെ നിയോജകമണ്ഡലമായ ബത്തേരിയിൽ എത്രയോ വർഷങ്ങളായി താമസിച്ചുവരുന്ന ആദിവാസികളെ അതിൻറെ ഒരുഭാഗത്തുനിന്നും റവന്യൂ അധികാരികളും കൂടിയിറക്കുകയാണ്. കഴിഞ്ഞ ഡിസംബർ 23-ാം തീയതി മുതൽ. അതിനെത്തുടർന്ന് അവർ ഇന്ന് ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. സമരംനടത്തുന്ന ആളുകളെ ദിവസേന അറസ്റ്റുചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിയുടെ ശ്രദ്ധയിൽ ഇതു പെടുത്തിയപ്പോഴും അദ്ദേഹം എന്നോടു പറഞ്ഞത് പോലീസിനെ റവന്യൂ ഡിപ്പാർട്ടുമെൻറ് വിളിച്ചതുകൊണ്ടാണ് പോയതെന്നാണ്. സർ, ഞാൻ അതിനെപ്പറ്റി ആലോചിച്ചു, അദ്ദേഹം പറഞ്ഞതു ശരിയാണ്. ഈ കുറ്റം മുഴുവൻ റവന്യൂഡിപ്പാർട്ടുമെൻറിൻറെ തലയിൽ വയ്ക്കാൻതന്നെയാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ വർഷങ്ങളോളം സ്വന്തമായി ഉപയോഗിച്ചിരുന്ന സാധുക്കളായ ആദിവാസികളെ കുടിയിറക്കി മറ്റുള്ളവർക്കുവേണ്ടി കുടിയിറക്കി, പോലീസ് ഉദ്യോഗസ്ഥന്മാരും മറ്റ് ആളുകളുംകൂടി കുടിയിറക്കി. ആ കുടിയിറക്കിനെതിരായി അവർ സമരം നടത്തുമ്പോഴും ഈ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവരെ ലാക്കപ്പിൽവെയ്ക്കുന്ന സമ്പ്രദായം, ജയിലിൽ അയക്കുന്ന സമ്പ്രദായം ശരിയല്ല സർ. അവർക്ക് ഈ സ്ഥലത്ത് സംരക്ഷണം ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു റൂം 61 ഇവിടെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നെങ്കിലും അതിന് അനുമതി നിഷേധിക്കുകയാണുണ്ടായത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അതിന്റെമേൽ എന്തെങ്കിലും നടപടിയെടുക്കാൻ റവന്യൂവകുപ്പ് തയ്യാറായില്ലെന്നുള്ളത് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. പാവപ്പെട്ട ആദിവാസികൾ നീണ്ടകാലത്തോളം അവർ വച്ചുകൊണ്ടിരുന്ന ഭൂമിയിൽ അവർക്ക് ആധിപത്യം വേണമെന്ന് പറഞ്ഞുകൊണ്ട് സമരം നടത്തുമ്പോൾ തൊഴിലാളികളുടേതെന്ന്, അധ്വാനിക്കുന്നവന്റേതെന്ന് പറയുന്ന ഗവൺമെന്റ് റവന്യൂ ഉദ്യോഗസ്ഥൻമാർ പിൻവാതിലിലൂടെ ആഭ്യന്തരകാര്യമന്ത്രി അറിയാതെ പോലീസ് സഹായവും തേടി അവരെ കുടിയിറക്കുന്ന സമ്പ്രദായം ഏറ്റവും ലജ്ജാകരമാണു സർ. ആദിവാസികൾ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ സ്ഥലം രണ്ടാഴ്ചയ്ക്കകം അവർക്കു ലഭിച്ചില്ലെങ്കിൽ ആ കാരണത്താൽ ഏതാനും ആദിവാസികൾ ആത്മാഹൂതിചെയ്യാൻ മുന്നോട്ടുവന്നിരിക്കുന്നു എന്ന് ഈ ഗവൺമെന്റിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെ ആത്മാഹൂതിനടക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ട ഇവിടത്തെ റവന്യൂവകുപ്പായിരിക്കുമെന്ന് ഓർമ്മപ്പെടുത്താനും ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ ദുരവസ്ഥയിലേക്ക് ഈ ആദിവാസികളെ തള്ളിവിടാതെ ആദിവാസികളുടെ ഭൂമിയിൽ അവർക്ക് സംരക്ഷണംനൽകണമെന്ന് ഞാൻ റവന്യൂവകുപ്പിനോട് അഭ്യർത്ഥിക്കുന്നു. അതു കേൾക്കാനുള്ള ചെവി റവന്യൂവകുപ്പിന് ഉണ്ടാകുമോയെന്നുള്ളതാണ് അറിയേണ്ടത്.

സർ, എസ്. എസ്. പി. പാർട്ടിയുടെ വർഗ്ഗസ്വഭാവം കണക്കിലെടുക്കേണ്ടത് അതു പിടിക്കുന്ന ചെങ്കൊടിയുടെ നിറമോ അതിന്റെ മറ്റു പ്രവർത്തനങ്ങളോ കണക്കിലെടുത്തിട്ടല്ല. ആ പാർട്ടിയെ നയിക്കുന്നത് ആരൊക്കെയാണ്, ഏതൊക്കെ പിന്നണിവിഭാഗങ്ങളാണ് അതിനെ നയിക്കുന്നത്, അതിന്റെ തലപ്പത്തിരിക്കുന്നത് ആരാണ് എന്നൊക്കെ നോക്കിയാണ്. കഴിഞ്ഞ ദിവസം ശ്രീമാൻ അച്ചുതമേനോൻ എന്നോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതിന് ഇപ്പോഴും മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. രാജ്യസഭയിലെ ഡെ. ചെയർമാൻ സ്ഥാനത്തു നടന്ന തെരഞ്ഞടുപ്പിൽ നിങ്ങളാരാണ് വോട്ടുചെയ്തത് എന്ന് ശ്രീമാൻ അച്ചുതമേനോൻ ചോദിക്കുകയുണ്ടായി. അതിന് ഞാൻ ഇപ്പോഴും മറുപടി പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ; ഒരു പോയിന്റ് ആഫ് ആർഡർ. എസ്. എസ്. പി. യെപ്പറ്റി ഇവിടെ ഒരു ഡിമാന്റ് ഇല്ലാത്തതുകൊണ്ട് അതിനെപ്പറ്റി സംസാരിക്കുന്നത് ശരിയാണോ, ഇപ്പോൾ ഇവിടെ ഒരു സപ്ലിമെന്ററി ഡിമാന്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ചെയർമാൻ: ഡിമാന്റിന്റെ സ്കോപ്പിനകത്തു വരുന്ന കാര്യങ്ങളെപ്പറ്റി മാത്രമേ സംസാരിക്കാൻ പാടുള്ളൂ.

ശ്രീ. എം. രാമുണ്ണി: എന്റെ പാർട്ടിയെപ്പറ്റി എന്തെങ്കിലും പറഞ്ഞാൽ ആ പാർട്ടിയിലെ ഒരംഗമെന്നുള്ള നിലയിൽ അതിനുള്ള മറുപടി പറയാനുള്ള ബാധ്യത എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, വലതുകമ്മ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നിട്ട് രണ്ടു പ്രാവശ്യം മന്ത്രിമാരെ പുതുക്കി. അതിൽ ഒരു സവർണ്ണ ഹിന്ദുവായ എം. എൻ. മറെറാന്ന് ഒരു സവർണ്ണ ക്രൈസ്ത്യാനിയായ ടി. വി. ഈ പ്രാവശ്യവും അതുതന്നെയാണ് സംഭവിച്ചത്. ഈ പ്രാവശ്യവും.....

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ഈ സവർണ്ണ ക്രൈസ്ത്യാനി യെന്നു പറഞ്ഞാൽ എന്താണ് അർത്ഥം?

ശ്രീ. എം. രാമുണ്ണി: ഈ പ്രാവശ്യമെങ്കിലും ഒരു ഹരിജനെ എടുക്കാൻ നിങ്ങൾ തയ്യാറാകാത്തത് എന്താണ്?

ശ്രീ. ബി. മാധവൻനായർ: സർ, ഒരു പോയിൻറ് ആഫ് ആർഡർ, രാജ്യസഭ സ്ഥാനാർത്ഥിയായി ഇവിടെ എസ്.എസ്.പി. നിറുത്തിയിരിക്കുന്ന ശ്രീമാൻ ഇ. പി. ഈപ്പൻ ഒരു സവർണ്ണ ക്രൈസ്ത്യാനിയാണെന്നുള്ള വിവരം അറി യാമോ, അത് അറിഞ്ഞു വച്ചിട്ടില്ലേ മനസാക്ഷിക്കു വിരുദ്ധമായി ഇങ്ങനെ ഒരു മെമ്പർ പ്രസംഗിക്കുന്നത്.

ശ്രീ. എം. രാമുണ്ണി: ശ്രീമാൻ മാധവൻനായരും ഒരു സവർണ്ണ ഹിന്ദു വാണ്; നായരാണ്.

ശ്രീ. കെ. ടി. ജോർജ്: ക്രിസ്തുമതത്തിൽ സവർണ്ണക്രൈസ്താനി യെന്നും അവർണ്ണക്രൈസ്ത്യാനിയെന്നും വർഗ്ഗവ്യത്യാസമില്ലെന്നുള്ളത് ബഹു മാനപ്പെട്ട മെമ്പർക്ക് അറിയാമെന്നിരിക്കെ ഇങ്ങനെ പറയുന്നതു ശരിയാണോ?

ശ്രീമാൻ എം. രാമുണ്ണി: അവർണ്ണ ക്രൈസ്ത്യാനികൾക്കുവേണ്ടി ബഹു മാനപ്പെട്ട മെമ്പർതന്നെ എത്രയോ പ്രാവശ്യം നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: ശ്രീമാൻ ടി. വി. തോമസ് സവർണ്ണക്രൈസ് ത്യാനിയാണോ?

ശ്രീ. എം. രാമുണ്ണി: സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുക യാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എനിക്ക് വിദ്യാഭ്യാസത്തെപ്പററി യാണ് അൽപ്പം പറയാനുള്ളത്.

വിദ്യാഭ്യാസത്തിന് നാം ആണ്ടുതോറും സംഖ്യ, ദിവസേന ദിവസേന കൂടുതൽ കൂടുതൽ ചെലവുചെയ്തു മുന്നോട്ടു പോവുകയാണ്. ഇനി പുതിയ പുതിയ സ്കൂളുകളും അനുവദിക്കുന്നതിനെപ്പററിയുള്ള കമ്മറ്റിൻ വരുന്നതേയുള്ളു. അതു വരുമ്പോൾ രാജ്യത്തിന്റെ പല ഭാഗത്തുകൂടിയും സ്കൂളുകൾ അനുവദിക്കുന്നതിന് അപേക്ഷയുംകൊണ്ടു വരാൻ തുടങ്ങും. ഉരുണ്ടു വീഴാറായ കെട്ടിടങ്ങളും പലതും നിൽപ്പുണ്ട്. ഇനിയും മഴവരു മ്പോൾ ഉരുണ്ടു വീണെന്നു വരും. ഈ സംഗതികളും ആലോചിക്കുമ്പോൾ വിദ്യാഭ്യാസത്തിനു വലിയ സംഖ്യ ചെലവുചെയ്യേണ്ടതായിട്ടും, ജനങ്ങൾക്കു തന്നെ വഹിക്കാൻ പാടില്ലാത്തത്ര വലിയ സംഖ്യ ചെലവുചെയ്യേണ്ടതായിട്ടു വരുകയാണ്. അതുപോലെ തന്നെ വിദ്യാഭ്യാസത്തിൽ ഉണ്ടാക്കിക്കൊണ്ടി രിക്കുന്ന പരിഷ്കാരങ്ങളും തന്നെ പലതും വ്യയഹേതുകമായിട്ടാണ് ദിവ സേന വരുന്നത്. ഞാൻ ഓർക്കുന്നു 45–46–ൽ പ്രൈമറി വിദ്യാഭ്യാസം 5–ാം ക്ലാസ്സുവരെയായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം 10–ാം ക്ലാസ്സുവരെയുമായിരുന്നു. അത് 11 ആക്കണമെന്നുപറഞ്ഞ് 45–ൽ

LIBRARY ARCHIVES Kerala Legislative Assembly

സർ സി. പി. രാമസ്വാമി അയ്യർ ഒരു നിർദ്ദേശം കൊണ്ടുവന്നതിനെ ഇവിടെ നിന്നുകൊണ്ട് വളരെ ശക്തിയായിട്ട് ഞാൻ എതിർത്തത് ഇപ്പോഴും ഓർക്കുന്നു. 10 ക്ലാസ് 11 ക്ലാസ്സാക്കുമ്പോഴും ചെലവുചെയ്യേണ്ടിവരുന്ന സംഖ്യയെ ഓർത്തിട്ടാണ് ഞാൻ ശക്തിയായി എതിർത്തത്. ഏതായാലും ഒന്നു രണ്ടു കൊല്ലം അതു പരീക്ഷിച്ചു. ഇപ്പോഴും അത് 10–ാം ക്ലാസ്സിലാണ് നിൽക്കുന്നത്. അങ്ങനെ ഓരോ പരിഷ്ക്കാരങ്ങളും കൊണ്ടുവരുന്നതുകൊണ്ട് ചെലവുവളരെ കൂടിവരുന്നുണ്ട്.

സർ, ഇസ്രായേലിലെ ജനങ്ങളും മോശയുടെ കീഴിൽ സിനായി പർവ്വത പ്രാന്തങ്ങളിൽക്കൂടി യാത്രചെയ്തുകൊണ്ടിരുന്നു. ഖുറാനിലും ബൈബിളിലും ഒക്കെ ഉണ്ട്. അതു നിങ്ങൾക്കും അറിയാം എനിക്കും അറിയാം. അങ്ങനെ യാത്രചെയ്തുകൊണ്ടിരുന്ന കാലത്ത് അവർക്കു ഭക്ഷണത്തിനു മാർഗ്ഗമില്ലാതെവന്നപ്പോൾ ആകാശത്തുനിന്നും 'മന്ന' (വാട്ട് ഈസ് ദിസ്) വർഷിച്ചു. ഇതു ഒരുമാതിരി ചെറിയ അരിയായിരുന്നു.

"കൊത്തൻപാലരിയെന്നകണക്കെ
പുത്തൻമന്ന ദിവസംതോറും" വർഷിച്ചുകൊണ്ടിരിക്കും. ഇത് കുറച്ചുദിവസം തിന്നു കഴിഞ്ഞുകൂടി. കുറച്ചു ദിവസം തിന്നു കഴിഞ്ഞപ്പോൾ യഹോവായോടു വിരോധമായി. രണ്ടുനാഴിക കിളച്ചിട്ടുവന്നതിനു ശേഷം അതു തിന്നാൻ പറഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു തോന്നി. അങ്ങനെയാണെങ്കിൽ ജോലിയും കഴിഞ്ഞുവന്ന് മന്ന എടുത്തു വച്ചു കഞ്ഞിവച്ചു കുടിക്കും. അപ്പോൾ കുറച്ച് ആശ്വാസം തോന്നും. വെറുതെ കിട്ടുന്ന ഭക്ഷണമായതുകൊണ്ട് യഹോവായോട് അവർക്ക് വെറുപ്പാണു തോന്നിയത്. അതുപോലെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു പൈസയൊന്നും മുടക്കാത്തതുകൊണ്ട്, ഫീസ് കൊടുക്കേണ്ടാ എന്നുവന്നതുകൊണ്ട് കാരണവൻമാർ പെൻസിലും പുസ്തകവുംപോലും പിള്ളേർക്ക് വാങ്ങിച്ചു കൊടുക്കുന്നില്ല. അങ്ങനെയുള്ള ഒരു സ്ഥിതിയാണ് ഇന്നത്തെ വിദ്യാഭ്യാസത്തിനുള്ളത്. അതിന് എന്തുചെയ്യണമെന്നറിയാമോ? വിദ്യാഭ്യാസത്തിനുവേണ്ടി കുട്ടികളെ നിർമ്മിച്ചുവിട്ടുകഴിഞ്ഞാൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്നുള്ള നിലവരാൻ പാടില്ല. കുട്ടികളെ ഉണ്ടാക്കി അഞ്ചു വയസ്സു കഴിഞ്ഞാൽ സർക്കാർ പഠിപ്പിച്ചുകൊള്ളണമെന്നു പറയുന്നത്, എല്ലാം കൊടുക്കണമെന്നു പറയുന്നത് വിദ്യാർത്ഥികളോടുതന്നെ ചെയ്യുന്ന ഏറ്റവും വലിയ ഒരു തെറ്റായിരിക്കും.

ശ്രീ. കെ. ടി. ജോർജ്ജ്: വിദ്യാഭ്യാസം സൗജന്യമാക്കുകയെന്നുള്ള നടപടി എല്ലാ പരിഷ്കൃതരാജ്യങ്ങളും അവലംബിച്ചിട്ടുള്ള ഒരു മാർഗ്ഗമാണെന്നറിയാമോ? നമ്മുടെ രാജ്യത്തുതന്നെ പല സംസ്ഥാനങ്ങളിലും ഇത് നടപ്പാക്കിക്കഴിഞ്ഞു എന്നുള്ളകാര്യം ഗവൺമെൻറിനറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതൊക്കെ അപരിഷ്ക്കൃതരാജ്യമാണ്. അപരിഷ്ക്കൃതരാജ്യങ്ങളാണ് ഫീസുകൊടുക്കാതെ പഠിപ്പിക്കുന്നത്. ഒരു സ്ഥാപനത്തിൽ പഠിക്കാൻ വരുന്ന കുട്ടികളും ഏതെങ്കിലും ഒരു ചെറിയ ഫീസ് കൊടുക്കണമെന്നുള്ളത് പരിഷ്ക്കൃതരാജ്യങ്ങളെല്ലാം ചെയ്യേണ്ടതാണ്. അങ്ങനെയല്ലാതെ ചെയ്യുന്നത്. അപരിഷ്കൃതമാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഇൻഡ്യൻ ഭരണഘടനയിൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം കൊടുക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. അതനുസരിച്ച് സൗജന്യവിദ്യാഭ്യാസം ചെയ്യുന്നതുകൊണ്ട് എന്താണ് തകരാറ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതൊക്കെ അടുത്ത കാലത്തുമാറ്റി. ആ റൂംതന്നെ മാറ്റണം. ഇൻഡ്യൻ ഭരണഘടനയിലെ റൂളുകളും മാറ്റേണ്ടതാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തിന് ഫീസ് ഏർപ്പെടുത്തണം. അതിന് ഞാൻ ഒരു വഴിപറയാം. ആർക്കും ഭേദംവരേണ്ടകാര്യമില്ല. മന്ത്രിമാർക്കു ശമ്പളം കിട്ടുന്നില്ലേ? അവരുടെ കുട്ടികൾക്കു ഫീസുകൊടുക്കണമെന്നുവച്ചാലും മതി. അതോടൊപ്പംതന്നെ 500 രൂപയോ അതിൽക്കൂടുതലോ ആദായം കിട്ടുന്നതായ ഒരാളുടെ കുട്ടിസ്ക്കൂളിൽ പോകുകയാണെങ്കിൽ അവനും ഫീസുകൊടുക്കണം. അതുകൊടുക്കുന്നതിനു നിവൃത്തിയില്ലാത്ത ആളുകൾക്കെല്ലാം ഫ്രീയായി വിദ്യാഭ്യാസം കൊടുക്കണം. അങ്ങനെ ചെയ്താൽ വിദ്യാഭ്യാസത്തിന് ഒരു നിലയുണ്ടാകും. ഫ്രീയായി വിദ്യാഭ്യാസം കൊടുക്കുന്നവനു ഗവൺമെൻറിനോട് വലിയ ഭക്തിയും ഉണ്ടായിരിക്കും. അവരുടെ കുട്ടികളെ പഠിപ്പിക്കുന്ന ബഹുമാനവും ഉണ്ടായിരിക്കും. ഇത് മന്ന വർഷിക്കുന്നതുപോലെയാണ്. 1500—ഉം രണ്ടായിരവും മൂവായിരവുമൊക്കെ രൂപ ശമ്പളമുള്ളവരുടെ മക്കൾക്ക് ഫീസു കൊടുക്കണമെന്നു പറഞ്ഞാൽ സമരമുണ്ടാകുമെന്നാണോ നിങ്ങളുടെ പേടി? സമരമൊക്കെ രണ്ടു ദിവസംകൊണ്ടു തീർന്നുകൊള്ളും. അതല്ല അങ്ങനെ സമരമാണെങ്കിൽ ഉടനെ അവന്റെ രക്ഷകർത്താവുവരും, അവർ പറയും നിങ്ങൾ ചുമ്മാ പഠിപ്പിക്കേണ്ട ഞങ്ങൾ ഫീസുകൊണ്ടുതരാം എന്ന്. അതല്ലാതെ ഫീസു വാങ്ങിക്കാതിരിക്കുകയാണെങ്കിൽ അത് നിങ്ങൾ ഗവൺമെൻറിനെ നഷ്ടപ്പെടുത്തുകയാണ്. ഇവിടെ കുറേക്കാലമായി വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്നതിനുള്ള ആലോചന നടക്കുന്നുണ്ട്. അതായത് മക്കളില്ലാത്തവരും കുട്ടികളെ പഠിപ്പിക്കാത്തവരും സ്ക്കൂളിൽ പോകാത്തവരും വിവാഹം കഴിക്കാത്തവരുമൊക്കെ നികുതി കൊടുക്കണം. വിദ്യാഭ്യാസ നികുതി ഈ രാജ്യത്ത് ഏർപ്പെടുത്തരുത്. നിങ്ങൾ വിദ്യാഭ്യാസം ചെയ്യുന്നവരോട് ഫീസ് വാങ്ങിക്കേണ്ടതാണ്. ഇത് ഞാൻ വളരെ ഗൗരവമായി പറയുകയാണ്. ഇത് ഇനിയും ആവർത്തിച്ചു പറയേണ്ടിവരും. എത്രനാൾ പറയാൻ കഴിയുമെന്ന് എനിക്കറിഞ്ഞുകൂടാ. പറയാൻ കഴിയുന്നിടത്തോളം പറയാം. അതുമാത്രമേ ഞാൻ പറയുന്നുള്ളു. ഇത് ഒരു തത്വമാണ്. ഫ്രീ എഡ്യൂക്കേഷൻ കൊടുക്കേണ്ടത്.....ധനകാര്യമന്ത്രി ഞാൻ പറയുന്നത് ഒന്നു ശ്രദ്ധിച്ചു കേൾക്കണേ.....ചുമ്മാതെ അതിനിടയ്ക്ക് വർത്തമാനം പറയരുത്. അതായത് നമുക്കു പണമില്ല. ആർക്കും സങ്കടമില്ലാതെ പണമുണ്ടാക്കാനുള്ള വഴിയാണ് ഞാൻ പറയുന്നത്. ഫീസു കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരു കുട്ടിയുടെ രക്ഷകർത്താവ് വന്ന് ഒരു ഷീറ്റു കടലാസ്സിൽ എനിക്ക് ഫീസ് തരാൻ നിവൃത്തിയില്ലെന്ന് എഴുതിത്തരാൻ നാണക്കേടുള്ള അനേകലക്ഷം ആളുകളുണ്ട്. അതുകൊണ്ട് ഫീസുതരാൻ മനസ്സുള്ളവരോട് ഫീസു വാങ്ങിക്കുക എന്നുള്ള ഒരു നിയമം ഓർഡിനൻസായോ അല്ലെങ്കിൽ ബഡ്ജറ്റ് സെഷനിടയ്ക്ക് ഒരു കൊച്ചു നിയമമായോ കൊണ്ടുവന്ന് പാസ്സാക്കിയെടുക്കണമെന്നാണ് ഞാൻ പറയുന്നത്. അല്ലെങ്കിൽ വിദ്യാഭ്യാസത്തിന് വിലയില്ലാതായിത്തീരും. സ്ട്രൈക്കും മറ്റും ഉണ്ടാകുന്നത്, ഒന്നാം തീയതിയോ രണ്ടാംതീയതിയോ വീട്ടിൽ ചെന്ന് ഫീസിനുരൂപ വേണമെന്നു പറയുകയാണെങ്കിൽ ഇതൊന്നും ഉണ്ടാകുകയില്ല. അതിനെല്ലാം കൂടി വിദ്യാഭ്യാസത്തിന്റെ ഗുണം അനുഭവിക്കുന്നവരുടെമേൽ ഇനിയെങ്കിലും ഒരു ഫീസു ചുമത്തണം. അത് വിദ്യാർത്ഥികൾ കൊടുക്കേണ്ടതായി വയ്ക്കണം. അത് കൊടുത്തുകഴിഞ്ഞാൽ രാജ്യത്തിന് രക്ഷയുണ്ട്, വിദ്യാഭ്യാസത്തിന് രക്ഷയുണ്ട്, വിദ്യാർത്ഥികൾക്ക് രക്ഷയുണ്ട്. അതുകൊണ്ട് അത് ചെയ്യേണ്ടതാണ്. സർ, പിന്നെ സമരത്തിന്റെ കാര്യം. ഇവിടെ തൊഴിലാളിസമരം, വിദ്യാർത്ഥിസമരം, സർക്കാർ സമരം, എൻ. ജി. ഒ. സമരം ഇങ്ങനെ നിരവധി സമരമുണ്ട്. സമരത്തെപ്പറ്റി ഒരു കാര്യംകൂടി.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സമയമായി.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, വളരെ അത്യാവശ്യമുള്ളകാര്യമാണ്. അല്ലെങ്കിൽത്തന്നെ പ്രതിപക്ഷത്തിന്റെ സമയം ഉണ്ടല്ലോ. അവർക്ക് 62 മിനിട്ടുണ്ട്. അതിൽ 15 മിനിട്ട് എനിക്കിങ്ങോട്ടു തന്നേ.

മി. ചെയർമാൻ: സമയമില്ല; സ്പീക്കർ റൂളിംഗ് തന്നു കഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: റൂം ഉണ്ടാക്കുന്നതൊക്കെ അവിടെ ഇരിക്കുന്ന സ്പീക്കറാണ്—ചെയറാണ്.

മി. ചെയർമാൻ (ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി): സമയമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു വാചകം. സെക്രട്ടേറിയറിന്റെ തെക്കേ വാതിൽമുതൽ വടക്കേ വാതിൽവരെ കിടക്കുന്ന സ്ഥലത്ത് വിസ്താരമേറിയ ഒരു ഷെഡ് കെട്ടിക്കൊടുത്ത് സമരംചെയ്യാൻ വരുന്ന ആളുകൾക്ക് സമരം ചെയ്യാനുള്ള സൗകര്യം അവർക്ക് ദിവസേന ഒരു രൂപയോ രണ്ടുരൂപയോ ഫീസും കൂടി ഏർപ്പെടുത്തിയാൽ നമ്മുടെ ഖജനാവിലേക്ക് വലിയ തുക ഉണ്ടാക്കുന്നതിനു മാർഗ്ഗം ഉണ്ടാകുമെന്നുമാത്രമല്ല അപ്രകാരം ഒരു കെട്ടിടം ഉണ്ടാക്കുന്നതിന് നമ്മുടെ ഗവൺമെൻറിനു സാധിക്കുകയും ചെയ്യുമെന്നുള്ള തോടൊപ്പം ഒന്നുരണ്ടു വാചകം കൂടി പറയാൻ ഭാവിക്കുമ്പോൾ.....

Mr. Chairman : I am sorry, no.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, വാചകം നിറുത്തിയില്ല..... അങ്ങനെ ഭാവിക്കുമ്പോൾ നമുക്കു ചെയ്യേണ്ടിടത്തോളം സംഗതികളും ഇവിടെയുണ്ടെന്നുള്ള കാര്യവും ഞാൻ ഈ പറഞ്ഞ സംഗതികളും ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട് തൽക്കാലം ഞാൻ നിറുത്തുന്നു.

ശ്രീ. കെ. സി. സക്കറിയാ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നതോടൊപ്പം ചില കാര്യങ്ങളും ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ ഡിമാൻറുകളും സപ്ലിമെൻററി ഡിമാൻറുകളും എല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനും അഭിവൃദ്ധിക്കും വേണ്ടിയാണല്ലോ. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒന്നുരണ്ടുകാര്യങ്ങളും എടുത്തുപറയേണ്ടതായിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ഒന്നാമതായി വികസനം എന്നു പറയുമ്പോൾ പിന്നോക്കപ്രദേശങ്ങളെയും മലയോരപ്രദേശങ്ങളെയുമൊക്കെ മുൻപന്തിയിൽ കാണേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ മലനാടുജില്ലയുടെ കാര്യംഇന്നു ഒരു ദിവാസ്വപ്നമായി പരിണമിച്ചിരിക്കുന്നത് അത്യന്തം നിർഭാഗ്യകരമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞദിവസം നമ്മുടെ റവന്യൂ മന്ത്രി ഇവിടെ പറയുകയുണ്ടായി, മലനാടുജില്ലയുടെ കാര്യങ്ങളൊന്നും തീരുമാനിച്ചിട്ടില്ലെന്ന്. ഗവൺമെൻറു റിക്കാർഡുകളിൽ അതേപ്പറ്റി യാതൊന്നും കാണുന്നില്ല എന്ന്. പരിതാപകരമായ ഒരു പ്രസ്താവനയായിപ്പോയി അത് എന്നുപറയാൻ നിവൃത്തിയില്ല. ഈ കഴിഞ്ഞ 19 9 നുവരി 3—ം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ പ്രസംഗിച്ചപ്പോൾ ഇങ്ങനെ പറയുകയുണ്ടായി.

To improve administrative effeciency and to give attention to backward areas my Government have decided to constitute two new districts

LIBRARY ARCHIVES Kerala Legislative Assembly

and to integrate taluks and community development blocks as units of administration.

ഈ പ്രഖ്യാപനം ഗവൺമെൻറിന്റെ ഒരു തീരുമാനം അല്ലെങ്കിൽ മറെറന്താണ് എന്ന് ഞാൻ ചോദിച്ചുകൊള്ളട്ടെ. രണ്ടു ഡിസ്ട്രിക്ടുകളും പിന്നീട് ബ്ലോക്ക് കം താലൂക്കും കൂടി കൂട്ടിച്ചേർക്കണമെന്നും പുതിയ താലൂക്കുകൾ ഉണ്ടാക്കണമെന്നുമാണ് ഗവർണ്ണർ പ്രഖ്യാപനം ചെയ്തത്. ഗവർണ്ണറുടെ ഈ പ്രഖ്യാപനം ഗവൺമെൻറിന്റെ തീരുമാനമാണെന്നും അദ്ദേഹം പറഞ്ഞു. ആ നിലയ്ക്ക് ഗവൺമെൻറ് റിക്കാർഡുകളിൽ ഇതൊന്നും കാണുന്നില്ലെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? മുൻഗവൺമെൻറ്, മുൻമുഖ്യമന്ത്രി പറഞ്ഞു രണ്ടു ജില്ലകൾ സൃഷ്ടിക്കുമെന്ന്. പക്ഷേ സൃഷ്ടിച്ചിട്ടില്ല. എങ്കിലും സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞു. പിന്നാലേ വന്ന ഗവൺമെൻറ്

"മുമ്പേ ഗമിച്ചീടിന ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം"

എന്നു പറഞ്ഞമാതിരി അങ്ങുപോകുകയാണ് ചെയ്തത്. മുമ്പേ പോയ പശു ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് പറയുകയെങ്കിലും ചെയ്തു പിന്നാലേ വന്ന പശു അങ്ങനെയൊന്ന് ഇല്ല എന്നാണ് പറഞ്ഞത്. അത്യന്തം നിർഭാഗ്യകരമായ ഒരു അവസ്ഥാന്തരമാണ് ഇതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ പുതിയ ജില്ലകൾക്കുവേണ്ടി മെമ്മോറാണ്ടം സമർപ്പിച്ച ആറ് എം. എൽ. എ. മാരുണ്ട്. അതിൽ രണ്ടുപേർ മന്ത്രിമാരാണ്. പിന്നെ ബഹുമാനപ്പെട്ട ഗണപതിയും ബഹുമാനപ്പെട്ട രാജനും ബഹുമാനപ്പെട്ട എം. എം. തോമസും ഞാനും. അങ്ങനെ നാല് എം. എൽ. എ. മാരും രണ്ടുമന്ത്രിമാരുംകൂടിയാണ് മെമ്മോറാണ്ടം സമർപ്പിച്ചത്. മെമ്മോറാണ്ടത്തിൽ, മൂവാറ്റുപുഴ, തൊടുപുഴ, ദേവികുളം, ഉടുമ്പൻചോല, പീരുമേടിന്റെ വടക്കുഭാഗം ഇത്രയും കൂട്ടിച്ചേർത്ത് ഒരു ജില്ല രൂപീകരിക്കണമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സസന്തോഷം അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം ഇപ്പോഴും അങ്ങനെയൊന്നും ഉണ്ടായിട്ടില്ല, അതുസംബന്ധിച്ച് ഒരു തീരുമാനവും എടുത്തിട്ടില്ല എന്നു പറയുന്നത് ഗവർണ്ണറുടെ പ്രസംഗത്തിലും മുഖ്യമന്ത്രിയുടെ സ്റേറററുമെൻറിലും വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യം പരോക്ഷമായി നിഷേധിക്കുന്നതു ശരിയാണോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഗവൺമെൻറ് ഇക്കാര്യം പുന:പരിശോധനചെയ്ത് ഈ ജില്ല എത്രയുവേഗം സൃഷ്ടിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഡോക്ടർ ജോർജ്ജ് തോമസ്: പരോക്ഷമായിട്ടല്ല വ്യക്തമായിത്തന്നെ നിഷേധിച്ചിട്ടുണ്ടെന്നുള്ള വസ്തുത അറിയാമോ?

ശ്രീ. കെ. സി. സക്കറിയാ: എന്നാൽ അങ്ങനെയായിരിക്കും. പിന്ന പ്രസംഗത്തിൽ താലൂക്കുകളുടെ കാര്യവും പറഞ്ഞിട്ടുണ്ട്. 57—ൽ കമ്മ്യൂണിസ്ററു മന്ത്രിസഭ അധികാരത്തിൽ ഇരുന്ന കാലത്ത് കൂത്താട്ടുകുളം ആസ്ഥാനമാക്കി ഒരു താലൂക്ക് സ്ഥാപിക്കണം, അത് അത്യന്താപേക്ഷിതമാണ്, അത്യാവശ്യമാണ് എന്നെല്ലാം പറഞ്ഞ് ഒരു നിവേദനം ഉണ്ടായി. ഗവൺമെൻറ് തൽസംബന്ധമായ നടപടികളെടുക്കുകയും ചെയ്തു. അതിനുശേഷം ആ ഗവൺമെൻറ് മാറിപ്പോയി. പിന്നെ ഒന്നും സംഭവിച്ചിട്ടില്ല. പുതിയ ഗവൺമെൻറ് വന്നപ്പോഴും ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും ഞാനും കൂടി ഒരു നിവേദനംകൊടുത്തു, ഈ കൂത്താട്ടുകുളത്തിന്റെ കാര്യംകൂടി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കുകയും ചീഫ് മിനിസ്റററർ അത് സമ്മതിക്കുകയും ചില കടലാ

LIBRARY ARCHIVES Kerala Legislative Assembly

സുകരം നീങ്ങുകയും ചെയ്തു എന്നാണ് എന്റെ അറിവ്. അതിനുശേഷം കാലതാമസം വളരെ ഉണ്ടായപ്പോഴാണ് ബഹുമാനപ്പെട്ട ജേക്കബും ഞാനും ഒന്നു കൂടി ഈ കാര്യം ഓർമ്മിപ്പിക്കാൻ തീരുമാനിച്ചപ്പോഴാണ് മന്ത്രി സഭ അങ്ങു മാറിപ്പോയത്. ഇപ്പോഴും താലൂക്കുകളുടെ കാര്യം ഒരു സന്നിഗ്ദ്ധാവസ്ഥയിൽ കിടക്കുകയാണെന്നാണ് എന്റെ അറിവ്. അത് ശരിയല്ല. താലൂക്കുകളുടെ എത്രയുംവേഗം പുനഃസംഘടിപ്പിക്കണം, കൂത്താട്ടുകുളത്തിന്റെ കാര്യം പ്രത്യേകം ഓർക്കണം, അതിനു പരമാവധി ശ്രദ്ധിക്കണം എന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇപ്പോഴും ഞാൻ വികസനത്തെ സംബന്ധിച്ചാണ് തുടങ്ങിയത്. വികസനമാണല്ലോ എല്ലാവരിനും ആവശ്യം. വികസനം ജില്ലയുടെയും താലൂക്കിന്റെയും കാര്യത്തിൽമാത്രമല്ല ട്രാൻസ്പോർട്ടിന്റെ കാര്യത്തിലും ആവശ്യമാണ്. മൂവാറ്റുപുഴ ആസ്ഥാനമാക്കി ഒരു ട്രാൻസ്പോർട്ടു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ആലോചന തുടങ്ങിയിട്ട് എത്രാണ്ട് കാൽ ശതാബ്ദക്കാലം കഴിഞ്ഞു സർ, കോട്ടയത്തിനു തെക്കോട്ട് അടുപ്പുകല്ലുപോലെ ട്രാൻസ്പോർട്ട് സബ സ്റ്റേഷനുകളും ഗാരേജുകളുമൊക്കെ ഉള്ളപ്പോഴും (കോട്ടയം, തിരുവല്ല, ചെങ്ങന്നർ, ചങ്ങനാശ്ശേരി) കോട്ടയത്തിനു വടക്കോട്ട് 25 മൈലിനിടയ്ക്ക് ഒരു ട്രാൻസ്പോർട്ട് സബ് സ്റ്റേഷനുകളും ഗാരേജുകളുമില്ല സർ. തെക്കോട്ട് ഉള്ളതുകൊണ്ട് എനിക്ക് അസൂയകൊണ്ടു പറഞ്ഞതല്ല. അവർ ഭാഗ്യവാൻമാരാണ്, മിടുക്കൻമാരാണ് സാധിച്ചെടുത്തു. പക്ഷെ വടക്കിനെ ഇങ്ങനെ അവഗണിക്കുന്നത് ഒരിക്കലും ശരിയല്ല. സർ സി. പി. യുടെ കാലത്ത് ഒരു ട്രാൻസ്പോർട്ട് സബ്ഡിവിഷൻ ഇടുന്നതിന് ആലോചിച്ചിട്ടുണ്ട്. അതിനുവേണ്ട നടപടിയും എടുത്തിട്ടുണ്ട്. കാൺഗ്രസ്സ് ഗവൺമെൻറുകളും ഒന്നും ചെയ്തിട്ടില്ല. ഈ ഗവൺമെൻറ് 57–ൽ അധികാരത്തിൽ വന്നപ്പോഴും ഈ കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പറഞ്ഞ് ചില നിവേദനങ്ങളും സ്വീകരിക്കുകയും മന്ത്രിമാർ ചില സന്ദർശനങ്ങളും നടത്തുകയുമൊക്കെ ചെയ്തു. പക്ഷെ കാര്യം നടന്നിട്ടില്ല. ഇനിയെങ്കിലും നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രി (അദ്ദേഹത്തിന് മൂവാറ്റുപുഴയെപ്പറ്റി നല്ലവണ്ണം അറിയാം) ഈ ട്രാൻസ്പോർട്ടു സബ്ഡിവിഷൻ സ്ഥാപിക്കുന്നകാര്യത്തിൽ സത്വര നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. സർ, ഒരു വാചകംകൂടി പറഞ്ഞുകൊള്ളട്ടെ. റോഡുകളുടെ കാര്യത്തിൽ കഴിഞ്ഞ ബഡ്ജറിൽ വകയിരുത്തിയിട്ടുള്ള ചില റൂട്ടുകളും പ്രത്യേകിച്ച് വളരെ അത്യാവശ്യമുള്ള ചില റൂട്ടുകളും പണമില്ലെന്നു പറഞ്ഞ് പണി നിറുത്തിവച്ചിട്ടുണ്ട്. അങ്ങനെയുള്ള റോഡുകളും അടുത്ത ബഡ്ജറിലെങ്കിലും ഉൾപ്പെടുത്തി ഈ പോരായ്മ പരിഹരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. കൂടുതലായി ഒന്നും പറയുന്നില്ല.

ശ്രീ. കെ. സി. വാമദേവൻ: സർ, ഞാൻ ഈ സപ്ലിമെൻററി ഗ്രാൻറിനെ അനുകൂലിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഒന്നു രണ്ടു കാര്യങ്ങളും മാത്രം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ സമയം ഉപയോഗിക്കുന്നത്. സർ, ഈ അടുത്തകാലത്തായി വളരെ വിരോധീയമായി സർവ്വീസിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെയും അവരെ പ്രതിനിധീകരിച്ചുള്ള സർവ്വീസ് സംഘടനകളുടെയും സമരങ്ങളും ഈ നഗരത്തിലും സംസ്ഥാനത്തും നടന്നു വരുന്നുണ്ട്. ഇപ്പോഴും അതൊരു പുതുമയല്ല. സമരം മുമ്പൊക്കെ നടത്തിക്കൊണ്ടിരുന്നത് ഫാക്ടറികളിലേയും മില്ലുകളിലേയും പാടങ്ങളിലെയും തൊഴിലാളികളായിരുന്നു. ഇന്നു മാറിയ ചുറ്റുപാടുകളിൽ ആഫീസുകളിലും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിലുമായി മാറിയിട്ടുണ്ട്. അതിനെ നിരുൽസാഹപ്പെടുത്തണമെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഓരോ കൂട്ടർക്കും അവരുടേതായ അധികാരങ്ങളും ഉണ്ട്. ഒരു വിഭാഗം ആളുകളുടെ സമ

LIBRARY ARCHIVES Kerala Legislative Assembly

രവും മററു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഗവൺമെൻറ് സ്വീകരിക്കുന്ന നടപടിയായിരിക്കും മററു ചില കൂട്ടർക്ക് പുതിയ ഡിമാൻറ് വയ്ക്കാനുള്ള പഴുത് ഉണ്ടാക്കുക. ഒന്നിനു പിറകെ ഒന്നായി ഓരോ നടപടിയിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് നിരന്തരമായ സമരം സർവ്വീസ് വിഭാഗത്തിൻെറ ഭാഗത്തുനിന്ന് കാണുന്നുണ്ട്. എനിക്ക് വളരെ വിനയപുരസ്സരം ഒരു നിർദ്ദേശം സമർപ്പിക്കാനുള്ളത്, ഓരോ കൂട്ടർക്കും സമരം നടത്തുവാനുള്ള അധികാരവും അവകാശവും മൊക്കെ ഉണ്ടെങ്കിലും അവരുടെ പ്രശ്നങ്ങളെപ്പററി സമഗ്രമായി പഠിക്കാനും പരാതികൾ കേൾക്കുവാനും ആ പരാതികൾക്ക് പരിഹാരം കണ്ടെത്താനും ഉള്ള സന്നദ്ധത ഈ ഗവൺമെൻറ് ഏറെടുക്കണമെന്നാണ്. ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികൾ വിശ്വസിക്കുന്നത് ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും മുഴുവൻ സമയവും സർവ്വീസിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പരാതികളെല്ലാം പഠിക്കുന്നതിനും അവരുമായി ചർച്ച നടത്തുന്നതിനുമാണ് വിനിയോഗിക്കുന്നതെന്നാണ്. അതു ശരിയാണോ എന്ന് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടരയോ മൂന്നോ ശതമാനം മാത്രംവരുന്ന വിഭാഗത്തിൻെറ പ്രശ്നങ്ങൾ പഠിക്കാൻ മന്ത്രിമാരുടെ സമയം ചെലവാക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനലക്ഷങ്ങൾ, അവരുടെ ദാരിദ്ര്യത്തിൻെറ തൊഴിലില്ലായ്മയുടെ അവരുടെ മററു പ്രശ്നങ്ങൾ ഗഹനമായി പഠിക്കാനും കൈകാര്യം ചെയ്യാനും ആവശ്യമായ ചർച്ച നടത്തുവാനും മന്ത്രിമാർക്ക് സമയമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഒരു വണ്ടിയും ബോർഡ് വച്ചുകൊണ്ടു പോയാൽ അതേ സ്ഥലത്ത് എത്തുകയില്ലെന്ന് ശക്തമായി ഗവൺമെണ്ട് സർവ്വീസിൽ ഇരിക്കുന്ന ആൾ എഴുതിവിട്ടു; എന്നിട്ട് ഈ ഗവൺമെൻറ് അവർക്ക് എതിരായിട്ട് എന്തു ചെയ്തു. ആ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടോ?

ശ്രീ. കെ. സി. വാമദേവൻ: ഞാൻ അല്ല അതിനു മറുപടി പറയേണ്ടത്. എനിക്കു പറയുവാനുള്ളത് എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രശ്നങ്ങളെപറററി പരാതിയുണ്ടാകുമ്പോൾ അതു പരിഹരിക്കുവാൻ ഒരു സ്ഥിരം മെഷിനറി ഈ സംസ്ഥാനത്ത് ഉണ്ടാകേണ്ടതു് അത്യാവശ്യമാണ്. സമരം പരിഹരിക്കുവാൻ മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും വൃഥാ സമയം ചെലവിടുന്ന സ്ഥാനത്ത് ഇതേപ്പററി സമഗ്രമായി പഠിച്ചു വിധി കൽപ്പിക്കുവാൻ ഒരു സർവ്വീസ് ട്രൈബ്യൂണൽ ഈ സംസ്ഥാനത്ത് ഉണ്ടാകേണ്ടതു് ആവശ്യമാണ്. വ്യവസായബോർഡിൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും ഒക്കെ ഉണ്ടെങ്കിൽ സർവ്വീസിൽ ഇരിക്കുന്ന വിവിധ ഉദ്യോഗസ്ഥൻമാർക്ക് മന്ത്രിമാർ മാത്രമുള്ള ഒരു പ്രത്യേകതയുണ്ട്. വ്യക്തികൾക്കോ, വ്യക്തികളുടെ പ്രതിനിധികൾക്കോ സർവ്വീസ് സംഘടനകൾക്കോപരാതികളുന്നയിക്കാനും ആ പരാതി സമഗ്രമായി പഠിച്ച് വിധികൽപ്പിക്കാനും ഉള്ള അധികാരത്തോടുകൂടിയ ഒരു സർവ്വീസ് ട്രൈബ്യൂണൽ ഈ രാജ്യത്ത് ഉണ്ടാകേണ്ടതു് അത്യാവശ്യമാണ്. അങ്ങനെ ഉണ്ടാകുകയാണെങ്കിൽ ഉദ്യോഗസ്ഥൻമാരുടെയും മന്ത്രിമാരുടെയും വിലപ്പെട്ട സമയത്തിൽ മിച്ചം കാണാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം. അതുപോലെതന്നെ സെക്രട്ടറിയേറ്റു പടിക്കലും ആഫീസുകളുടെ പടിക്കലും നടന്നുവരുന്ന വ്യാപകമായ സമരങ്ങളും ആ സമരങ്ങൾക്ക് ശേഷം വരുന്ന പണിമുടക്കുകൾക്കും പരിഹാരം ഉണ്ടാകുമെന്നുള്ള വിശ്വാസം ശക്തിമത്തായി പ്രസ്താവിച്ചുകൊള്ളുന്നു.

ഇതുമായി ബന്ധപ്പെട്ട മറു ചില കാര്യങ്ങൾകൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നുണ്ട്. നമ്മുടെ ലാൻഡ് റിഫാംസ് ബിൽ കഴിഞ്ഞ ഒന്നാം തീയതി മുതൽ നടപ്പിൽ വരുത്തി. കുടികിടപ്പുകാർക്ക് രജിസ്ട്രേഷൻ കൊടുക്കുവാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. കുടികിടപ്പ് രജിസ്റ്റർ ചെയ്യാനുള്ള സാദ്ധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണം. അവർക്ക് രജിസ്ട്രേഷൻ നൽകുവാനുള്ള ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ വസ്തുത ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ തക്ക സ്റ്റാഫിനെയെങ്കിലും അനുവദിച്ചു കൊടുക്കുന്ന നടപടി ഗവൺമെൻറ് ഭാഗത്തുനിന്നും കണ്ടില്ല. ആ നടപടി സ്വീകരിക്കാത്തതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായി കുടികിടപ്പു രജിസ്ട്രേഷൻ കൈകാര്യം ചെയ്യുന്നതിന് സാധിക്കുമോ എന്ന് സംശയിക്കുകയാണ്. വലിയ നഗരസഭകളിൽ ആയിരക്കണക്കിന് രജിസ്ട്രേഷൻ ഉണ്ടായി എന്നു വരാം. അതൊക്കെ കൈകാര്യം ചെയ്യാൻ ആവശ്യമായ സ്റ്റാഫും മറ്റു സാമ്പത്തിക സഹായങ്ങളുമൊക്കെ നൽകാൻ ഗവൺമെൻറ് തയ്യാറാകണമെന്നും ആ പ്രദേശത്തെ വില്ലേജ് ആഫീസ് സ്റ്റാഫും മറ്റ് സർവ്വയറൻമാരേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പിനെപ്പറ്റി ഒരു വാക്ക് പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഈ അടുത്ത കാലത്ത് ബാലവാടി ടീച്ചേഴ്സിനെ ഇവിടെ നിയമിക്കുകയുണ്ടായി. അവർ നടത്തിയ സമരത്തിനുശേഷമാണ് ഗവൺമെൻറ് നിയമിച്ചത്. എനിക്ക് അതിൽ ആശ്വാസമുണ്ട്. ഈ രംഗത്ത് വിദ്യാഭ്യാസ വകുപ്പ് അവഗണനയാണ് കാണിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് ആലോചിക്കണം. നമ്മുടെ നേഴ്സറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് തികഞ്ഞ അവഗണനയാണ് കാണിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ ആധുനികമായ സൗകര്യങ്ങളോടുകൂടി ആധുനികമായ വീക്ഷണഗതികളോടുകൂടി പ്രൈമറി വിദ്യാഭ്യാസവും പ്രീ പ്രൈമറി വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവുമൊക്കെ പുന:സംഘടിപ്പിക്കുന്നതിന് ആഗ്രഹിക്കുകയും അതിനു വേണ്ട പരിപാടികളും അവതരിപ്പിക്കുകയും വളരെ വിദഗ്ധമായ കമ്മീഷൻ റിപ്പോർട്ടുകളും നടപ്പിലാക്കുകയും ചെയ്യുന്നതോടൊപ്പം അതേ അടിസ്ഥാനത്തിലുള്ള ബാലകലാവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് യാതൊരു വിലയും കൽപ്പിക്കുന്നില്ലന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വാസ്തവത്തിൽ ഈ നാട്ടിൽ ആയിരക്കണക്കിനു പ്രൈമറി വിദ്യാലയങ്ങളുണ്ട്. ചിലത് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളാണ്. ചിലപ്പോൾ ചില സഹകാര്യ ഏജൻസികളും സാമൂഹ്യസംഘടനകളും നടത്തുന്നുണ്ട്. ഗവൺമെൻറ് ഇവരെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ആയിരംരൂപാ ഗ്രാൻറ് കൊടുക്കുന്നുണ്ട്. ആയിരം രൂപാ ആഞ്ഞൂറു രൂപയായി വെട്ടിക്കുറച്ചിട്ടുണ്ടായിരുന്നു. വീണ്ടും ആയിരം രൂപയാക്കി വർദ്ധിപ്പിച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സാമ്പത്തിക സഹായം ലഭിക്കാതെ തന്നെ വളരെയേറെ സാമൂഹ്യ സംഘടനകളും നേഴ്സറി വിദ്യാലയങ്ങളും നടത്തുന്നുണ്ട്. നേഴ്സറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാധാന്യത്തെപ്പറ്റി വിവരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മൂന്നുമുതൽ ആറുവരെയുള്ള പ്രായത്തിൽ കുട്ടികളെ ശീലിപ്പിക്കുന്നതിന് ഈ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുന്നതിനുള്ള ആ പരിപാടിക്ക് അത്യന്തമായ പ്രാധാന്യമുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. വളരെ വിദഗ്ദ്ധൻമാർ അതിനെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ കൂട്ടത്തിൽ എല്ലാ കുട്ടികളേയും നേഴ്സറി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കി കൊടുക്കുന്ന പ്രവർത്തന പദ്ധതികൾക്ക് ഗവൺമെൻറ് മുഴുവൻ തുകയും കൊടുക്കേണ്ടതാണ് ആവശ്യമാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നേഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കുവാൻ പ്രാദേശിക സാമൂഹ്യസംഘടനകൾക്ക് ആവശ്യമായ സഹായവും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവൺമെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ മൂന്നും

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സറി ട്രെയിനിംഗ് വിദ്യാലയങ്ങളുണ്ട്. ആ വിദ്യാലയങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ ഏതാണ്ട് രണ്ടായിരം രണ്ടായിരത്തഞ്ഞൂറ് നേഴ്സറി അദ്ധ്യാപികമാർ സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുണ്ട്. അവരെ ആരേയും നിയമിക്കുന്നതിന് സഹായകമായ പ്രവർത്തന പരിപാടികളും ഇല്ല. അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ബാലവാഡികളിൽ അടുത്തകാലത്ത് നടന്ന നിയമനങ്ങളും ഒന്ന് പരിശോധിക്കേണ്ടതാണ്. ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ സപ്ലിമെന്ററി ഡിമാന്റിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ അനുകൂലിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു മാസത്തിനു മുമ്പ് ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയുണ്ടോ എന്നുള്ള സംശയം പോലും ഉളവാകുന്നരീതിയിൽ ഉള്ള പല സംഭവവികാസങ്ങളും ആണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം അത്തരം സംഭവങ്ങൾക്ക് കുറെയെല്ലാം മാറ്റം ഉണ്ടായിട്ടുണ്ട്. ഇന്നു ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് എന്തെങ്കിലും സംഭവിച്ചാൽ അതിനെപ്പറ്റി ചോദിക്കാൻ ആളുണ്ട്, തങ്ങളുടെ ജീവനും സ്വത്തിനും രക്ഷനൽകാൻ ബാധ്യതപ്പെട്ടിട്ടുള്ള ഒരു സർക്കാർ ഉണ്ടെന്ന് പറയാൻ ഇടയാക്കിയ ഈ ഗവൺമെന്റിനെ ഞാൻ അനുകൂലിക്കുകയാണ്. പോലീസിനെ സംബന്ധിച്ചിടത്തോളം പല സ്ഥലങ്ങളിലും ഇന്നും പോലീസിന്റെ പ്രവർത്തനങ്ങളും വിമർശനരൂപത്തിൽത്തന്നെയാണ്, അതായത് കാര്യമായ അന്വേഷണം നടത്താതെ ചില കാര്യങ്ങളിൽ പക്ഷപാതപരമായ പെരുമാറ്റങ്ങളും ആണ് ഉള്ളതെന്നതിന് തക്ക സംഭവങ്ങളും പലതും ഇന്ന് ചൂണ്ടിക്കാണിക്കുവാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ കൊലപാതകങ്ങളും ഉണ്ടായാൽ വേണ്ടപോലെ അന്വേഷണം നടത്തുന്നില്ലെന്ന പരാതി പരക്കെ പൊന്തിവന്നിരിക്കുകയാണ്. കഴിഞ്ഞ പതിനേഴാംതീയതി നന്ദകിഷോർ എന്നു പേരായ 23 വയസ്സായ ഒരു ചെറുപ്പക്കാരൻ എന്തോ ജോലി കിട്ടി, പിറേദിവസം ജോലിയിൽ ഹാജരാകാൻവേണ്ടി അദ്ദേഹം താമസിക്കുന്ന നിലമ്പൂരിൽനിന്ന് അദ്ദേഹത്തിന്റെ സ്വന്തം വീടായ ചാത്തമംഗലത്തു പോയ വഴിക്ക് ഒരു വിജനസ്ഥലത്ത് മരണപ്പെട്ടു കിടക്കുന്നതായി കാണുകയുണ്ടായി. ആ പ്രദേശത്തെ ആളുകൾക്ക് മരണം സംബന്ധിച്ച് വളരെയധികം സംശയങ്ങളും ഉണ്ട്. അതുതികച്ചും കൊലപാതകമാണ്. അദ്ദേഹത്തിന്റെ കീശയിൽ കുറെ പണമുണ്ടായിരുന്നു. പണം എടുക്കാൻ കൊലപ്പെടുത്തിയത് ആണെന്ന് സംശയം ഉണ്ട്. പോലീസ്സ്ഥലത്ത് പോയി കാര്യമായ അന്വേഷണമൊന്നും നടത്തിയിട്ടില്ല. മെഡിക്കൽ റിപ്പോർട്ടിൽ മറെറന്തോ കാരണത്താൽ മരിച്ചു എന്നുള്ളതിന്റെ പേരിൽ വേണ്ട അന്വേഷണം നടത്തിയിട്ടില്ലെന്ന പരാതി ഉണ്ടാകുകയും പലരും ഞങ്ങൾക്ക് കമ്പി അടിക്കുകയുമൊക്കെ ചെയ്തിരിക്കുകയാണ്. ഈ സംഭവസ്ഥലത്തിന് തൊട്ടടുത്തുതന്നെ ഏതാണ്ട് രണ്ടുമൂന്നു മാസത്തിനുമുമ്പ് മറെറാരു ചെറുപ്പക്കാരനെ ഇതുപോലെ വധിച്ചതായ സംഭവം ഉണ്ട്. ഇത്തരം കൊലപാതകങ്ങളെപ്പറ്റിയുള്ള അന്വേഷണം ഒരു പ്രത്യേകം ക്രൈംബാഞ്ചിനെക്കൊണ്ടുതന്നെ നടത്തണം. മുമ്പ് ഗവൺമെന്റിനും പോലീസ് മേധാവിക്കും എഴുതിഅയച്ചിട്ടുള്ള പരാതികളാണ് ഇവ.

ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ചും കുറ്റാന്വേഷണ വിഭാഗം കാര്യക്ഷമമാക്കുകയും ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ കാര്യക്ഷമമായ വിധത്തിൽ അന്വേഷണം നടത്താനുള്ള ഏർപ്പാടുണ്ടാക്കുകയും വേണമെന്ന് ഞാൻ ഗവൺമെന്റിനെ കാർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു പ്രധാനകാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, സർ, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തു മലബാർഭാഗത്തുണ്ടായിരുന്ന ആശുപത്രികളിലെ രോഗികൾക്ക് കൊടുത്തുകൊണ്ടിരുന്ന ഭക്ഷണത്തിൻെറ തോതു വെട്ടിക്കുറച്ചതിനെപ്പററിയാണ്. ആ പ്രശ്നത്തിൻെറ ഗൗരവസ്വഭാവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ പല സ്ഥലങ്ങളിലും സമരങ്ങൾപോലും സംഘടിപ്പിച്ചിരുന്നു. ആശുപതികളിലെ രോഗികൾപോലും ഭക്ഷണത്തിനുവേണ്ടി സമരം നടത്തേണ്ടിവന്നതിനെപ്പററി പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നത്തെ ആരോഗ്യമന്ത്രി ഈ സംഗതികളെസംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ഒരു കമ്മിററി രൂപീകരിച്ചിരിക്കുന്നു എന്ന് ഈ സഭയിൽ ഞങ്ങൾക്കു മറുപടി നൽകുകയുണ്ടായിട്ടുണ്ട്. അതിനു ശേഷം ആ സംഭവത്തെസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നുള്ളതിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ല. ആ പ്രശ്നം ഇന്നും അങ്ങനെ കിടക്കുകയാണ്. അതുപോലെതന്നെ എൻെറ നിയോജകമണ്ഡലത്തിൽ ഈ കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ, 12 രോഗികളെ കിടത്തി ചികിൽസിക്കുന്ന ചെറിയ ആശുപത്രി തുറക്കുകയുണ്ടായി. ആ ആശുപത്രിയുടെ ഉൽഘാടനം നടത്തുന്നതിനു മുമ്പ്, 5 രോഗികൾക്കു കൊടുക്കാനുള്ള ഭക്ഷണം അനുവദിച്ചുകൊണ്ട് ഗവൺമെൻറിൽ നിന്നും കല്പനയുണ്ടായി. നിർഭാഗ്യവശാൽ ഒരുകൊല്ലം കഴിഞ്ഞിട്ടും ഇന്നുവരെ രോഗികൾക്ക് ഭക്ഷണം കൊടുക്കുവാനുള്ള ഏർപ്പാടു് ഉണ്ടായിട്ടില്ല. കോഴിക്കോട് ഡിസ്ട്രിക്ററ് മെഡിക്കലാഫീസറോട് അന്വേഷിച്ചപ്പോൾ അദ്ദേഹം പറയുന്നത് ടെൻഡർ വിളിച്ചാണ് അതു ചെയ്യേണ്ടതു് മററുള്ള ആശുപത്രികളിലേയ്ക്ക് ടെൻഡർ വിളിക്കുന്നകൂട്ടത്തിൽമാത്രമേ ടെൻഡർ വിളിക്കാൻ ഒക്കുകയുള്ളു എന്നാണ്. അങ്ങനെ പറഞ്ഞു നീട്ടികൊണ്ടുപോയി. ഈയിടെ ടെൻഡർ വിളിച്ച് ഏൽപ്പിച്ചിട്ടുണ്ട്. പക്ഷെ ഭക്ഷണം പാകം ചെയ്യാൻ പാത്രമില്ലാത്തതിൻെറപേരിൽ, അതിനു ബോർഡ് അനുവാദം കൊടുക്കാത്തതിൻെറപേരിൽ, ഇപ്പോഴും രോഗികൾക്കു ഭക്ഷണംകൊടുക്കാൻ സാധ്യതയില്ലാതിരിക്കുകയാണ്. ഈ വിവരം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെക്കൂടുതൽ രോഗികളെ അഡ്മിററു ചെയ്തിട്ടുണ്ട്. 12 പേർക്കു മാത്രമേ ബെഡ്ഡ് അനുവദിച്ചിട്ടുള്ളുവെങ്കിലും വളരെക്കൂടുതൽ പാവപ്പെട്ട രോഗികൾ ഈ ആശുപത്രിയെ ശരണംപ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒരുവർഷം കഴിഞ്ഞിട്ടും രോഗികൾക്ക് ഭക്ഷണം കൊടുക്കാൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത ഖേദകരമാണ്. അതിനാൽ ഈ പ്രശ്നം അടിയന്തിരമായി പരിഹരിച്ചേപററൂ എന്നുള്ളകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറെറാരു പ്രധാനപ്പെട്ട കാര്യം, പ്രത്യേകിച്ചും മലബാർ പ്രദേശങ്ങളെ സംബന്ധിച്ച്, ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും ജലസേചനപദ്ധതികളെസംബന്ധിച്ചുമെല്ലാം ഇവിടെ പറഞ്ഞു. മലബാറിലെ ഏററവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് കുററ്യാടി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ററ്. പ്രത്യുൽപ്പാദനപരമായ ഈ പദ്ധതിയുടെ പ്രവർത്തനം ഒട്ടുമുക്കാലും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. ആറേഴുകോടിരൂപയോളം ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കരാറുകാരനുമായുള്ള നിസ്സാരമായ തർക്കങ്ങളെത്തുടർന്ന് പദ്ധതിയുടെ പ്രവർത്തനം നിശ്ചലമായിരിക്കുകയാണ്. ലക്ഷക്കണക്കിനു രൂ. വരുമാനമുണ്ടാക്കാനുള്ള സാധ്യത ഉള്ള ഒരു പദ്ധതിയാണ്. ആ വരുമാനവും നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടെ സ്ഥാപിച്ചിട്ടുള്ള പല മെഷീനുകളും ട്രയൽ നോക്കാൻപോലും സാധിക്കാതെ ആയിരിക്കുകയാണ്. തുരുമ്പുപിടിച്ചുപോവുകയാണ്. ജപ്പാനിൽനിന്ന് എഞ്ചിനീയർമാർ വന്നിട്ട് ട്രയൽ നോക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാതെ അവർ മടങ്ങിപ്പോയിരിക്കുകയാണ്. വമ്പിച്ച ചെലവുവരുന്നതും മലബാർപ്രദേശത്തെ ആളുകൾക്ക് വേണ്ടത്ര വിദ്യുച്ഛക്തിയും ജലസേചനസൗകര്യവും ലഭിക്കാൻ സാധ്യതയുള്ളതുമായ ഒരു പദ്ധതിയ്ക്കാണ് ഇങ്ങനെ തടസ്സം നേരിട്ടിരിക്കുന്നത്. പ്രധാനപ്പെട്ട ഈ പദ്ധതി ഒരു സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ ശമ്പളം വാങ്ങുന്നതല്ലാതെ ഒന്നും നടക്കുന്നില്ല എന്ന സംഗതി ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് ഈ കാര്യം ഞങ്ങൾ അറിയിച്ചിരുന്നു. അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം ഞങ്ങളെ അറിയിച്ചതിൽ വളരെയധികം ചാരിതാർത്ഥ്യമുണ്ട്. എന്നാലും വേണ്ടപോലെ കാര്യങ്ങൾ നീങ്ങിയിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്. ഇത്തരംകാര്യങ്ങളിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുകയും കരാറുകാരനുമായി എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ ആ ബാധ്യത ഗവൺമെന്റു കൊടുത്തുതീർക്കുകയും കുറ്റമറ്റ പദ്ധതിയുടെ പ്രവർത്തനം നിശ്ചലമായിപ്പോകാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അങ്ങനെ ഒരു വർഷത്തിനുള്ളിൽ പ്രവർത്തനം പൂർത്തിയാക്കി ജനങ്ങൾക്ക് വിദ്യുച്ഛക്തി ലഭിക്കാനും കർഷകർക്കാവശ്യമായ വെള്ളം എത്തിച്ചുകൊടുക്കാനുമുള്ള പരിപാടി ഒരുവർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ അടിയന്തിരമായ നടപടികളെടുക്കുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഡിമാൻഡിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

[Deputy Speaker in the Chair]

ശ്രീ എം. എം. തോമസ്: സർ, ഞാൻ ഈ സപ്ലിമെൻററി ഡിമാൻറിനെ അനുകൂലിക്കുന്നതോടൊപ്പം ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്.

ഡിമാൻഡ് നമ്പർ 4-ൽ കോടതിയുടെ ഡിക്രി സാറിസ്ഫൈ ചെയ്യുന്നതിനുവേണ്ടിയാണെന്നു പറഞ്ഞിട്ടുണ്ട്. ഡിക്രി വന്നതുകൊണ്ട് തുക കൊടുക്കാതിരിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു. പക്ഷേ ഇന്നത്തെ കോട്ടയം കളക്ടർ മന:പൂർവം നിയമം നോക്കാതെ നടത്തിയ നടപടിയുടെ ഫലമായിട്ടാണ് ആ ഡിക്രി ഉണ്ടായത്. 'The Canara Bank Ltd., claimed a right over the vehicles attached under Revenue Recovery Act.' കാനറാ ബാങ്ക് അങ്ങനെയാതൊരു ക്ലയിമും കൊണ്ടുവന്നിട്ടില്ല. കൊണ്ടുവന്നു എന്നുള്ള അസംപ്ഷനിൽ കളക്ടർ മന:പൂർവം നടത്തിയ പ്രവർത്തനത്തിന്റെ അനന്തരഫലമാണ് ഇത്. എന്റെ അഭിപ്രായത്തിൽ, കൂടുതലായി നഷ്ടപ്പെടേണ്ടിവന്ന തുക ആ ഉദ്യോഗസ്ഥനിൽ നിന്നുതന്നെ ഈടാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

പിന്നെ എന്റെ സ്നേഹിതൻ ശ്രീ കെ. സി. സക്കറിയാ ഇവിടെ മലനാടു ജില്ലയെപ്പറ്റി പറയുകയുണ്ടായി. അന്നു നിവേദനം നടത്തിയ ഞങ്ങളും മലപ്പുറവും മലനാടും ജില്ലകൾ ഒന്നായി രൂപംകൊള്ളുമെന്നു വിശ്വസിച്ചിരുന്നു. ഇതുവരെ ഉണ്ടായില്ല. അന്ന്, പഠിച്ചില്ല, നോക്കികൊണ്ടിരിക്കുകയാണ്, പരിഗണിച്ചുകൊണ്ടിരിക്കുകയാണ്, ഇങ്ങനെയുള്ള ഓരോ സ്റ്റേറ്റുമെൻറുകളോടുകൂടി കാലംകഴിഞ്ഞു. ജില്ലയ്ക്കുവേണ്ടി കൊടുത്ത ആ മെമ്മോറാണ്ടത്തിൽ ഒപ്പിട്ട രണ്ടു മന്ത്രിമാരും ഈ മന്ത്രിസഭയിൽ ഉണ്ട്; അവരെങ്കിലും ആ തീരുമാനം അടിയന്തിരമായി എടുക്കുമെന്നു ഞങ്ങൾ ആശിച്ചിരുന്നു. പക്ഷേ അവർ ആ പ്രശ്നം നീട്ടിക്കൊണ്ടുപോകുകയാണ്. അതിൽ എന്താണ് ബഹുമാനപ്പെട്ട മന്ത്രിക്കുപറയാനുള്ളത്? തർക്കമുണ്ടെങ്കിൽ ഈ പ്രശ്നം ഇതിനെ അനുകൂലിക്കുന്ന എം. എൽ. എ. മാരെ വിളിച്ച് ചർച്ചചെയ്ത് തീരുമാനിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ, ഡിമാൻഡ് നമ്പർ 8—നെപ്പറ്റി—വിദ്യാഭ്യാസവകുപ്പിലേക്കുള്ള ഡിമാൻറിനെപ്പറ്റി—എനിക്കു പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട് അടുത്തവർഷം കുറെ സ്കൂളുകൾകൂടി അനുവദിച്ചിട്ടുണ്ടെന്ന്. കഴിഞ്ഞവർഷം ബഹുമാനപ്പെട്ട മന്ത്രി മലയോരപ്രദേശങ്ങൾക്ക് ഒരു മുൻഗണന നൽകുകയുണ്ടായി. അത്യാവശ്യമായ സ്കൂളുകൾ ഒരു പരിധിവരെയും തന്നിട്ടില്ല. മലയോരപ്രദേശങ്ങൾക്ക്, പ്രത്യേകിച്ച് തൊടുപുഴപോലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ലാൻഡ് അക്വിസിഷനെപ്പറ്റി (ഡിമാൻഡ് നമ്പർ 27—നെപ്പറ്റി) എനിക്ക് ഒരു വാക്ക് പറയാനുണ്ട്. റവന്യൂഉദ്യോഗസ്ഥൻമാർ ന്യായമായ വില, വസ്തു എടുക്കുമ്പോൾ നിശ്ചയിക്കാത്തതുകൊണ്ടാണ് ഇത്രമാത്രം കേസ് കോടതിയിൽ പൊയ്ക്കൊണ്ടിരിക്കുന്നത്. ന്യായമായ വില നിശ്ചയിക്കുകയാണെങ്കിൽ കോടതിയിൽ പോകാതെ നടപടി നടക്കും. പത്തിരട്ടി വിലവരെ കോടതി കൂടുതൽ അനുവദിച്ച സംഭവങ്ങൾ ഉണ്ട്. റവന്യൂഉദ്യോഗസ്ഥൻമാർ ലുബ്ധു കാണിക്കാതെ ന്യായമായ വില നിശ്ചയിക്കുകയാണെങ്കിൽ കോടതിയിൽ പോകാതിരിക്കാമെന്നുള്ളതുകൊണ്ട് റവന്യൂഉദ്യോഗസ്ഥൻമാരുടെ ഒരു കാൺഫറൻസോ എന്തെങ്കിലും വിളിച്ച്, ഇതുമാതിരി കേസുകൾ മേലാൽ കുറയുന്നതിനുവേണ്ടി ന്യായമായ വില നിശ്ചയിക്കണമെന്ന് അറിയിക്കേണ്ടതുണ്ട്.

ഡിമാൻഡ് നമ്പർ 9—നെപ്പറ്റി പറയാനുണ്ട്; അതായത് ആശുപത്രികളുടെ കാര്യം. മലയോരപ്രദേശങ്ങളിലെ ജനങ്ങളുടെ ആവശ്യം കണക്കിലെടുക്കണം. തീരപ്രദേശങ്ങളിലുള്ള ആളുകൾക്കു വേണ്ട പല ആനുകൂല്യങ്ങളും അവർക്കാവശ്യമില്ലാത്തവയാണ്. അവർക്ക് അത്യാവശ്യമുള്ളത് റോഡ്, പാലം, ഇലക്ട്രിസിറ്റി മുതലായവയാണ്, ആശുപത്രിയാണ് അതിലും പ്രധാനം. വിശേഷിച്ചും ഗതാഗതസൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ആശുപത്രികൾക്കു മുൻഗണന നൽകേണ്ടതു വളരെ ആവശ്യമാണ്. ഉദാഹരണമായി തൊടുപുഴ താലൂക്കിൽ വാഴത്തോപ്പ് എന്ന സ്ഥലം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ഡിമാൻഡ് നമ്പർ IX ആശുപത്രികളെ സംബന്ധിച്ചുള്ളതല്ല. That is about Heads of State, Ministers and Headquarters Staff. ആശുപത്രികൾക്കുള്ളത് ഡിമാൻഡ് നമ്പർ 19 ആണ്. തെറ്റിപ്പോയി. ഡിമാൻഡ് നമ്പർ 19 മൂവു ചെയ്തിട്ടില്ല. മൂവ് ചെയ്യാത്ത ഡിമാൻഡിനെപ്പറ്റി സംസാരിക്കാൻ പാടില്ല.

ശ്രീ എം. എം. തോമസ്: ഞാൻ നിരുത്തിയിരിക്കുകയാണ്. എങ്കിലും മന്ത്രി കേട്ടുകാണുമെന്നാണെന്റെ വിശ്വാസം.

പിന്നെ എനിക്കു മറ്റൊരു വസ്തുത ചൂണ്ടിക്കാണിക്കാനുള്ളത് ഇടുക്കി പദ്ധതി പൂർത്തീകരിക്കുന്ന കാര്യത്തെപ്പറ്റിയാണ്. ഏകദേശം അയ്യായിരത്തോളം കുടുംബങ്ങളെ അടിയന്തിരമായി മാറ്റി പാർപ്പിച്ചില്ലെങ്കിൽ ഇടുക്കി പദ്ധതിയുടെ പണി പ്രയാസത്തിലാണ്. കൃഷിക്കാരാണെങ്കിൽ. യാതൊരു അദ്ധ്വാനവും നഷ്ടപ്പെടാത്തവിധത്തിൽ കഴിയുന്നതും വേഗം മറ്റു സ്ഥലത്തേക്ക് മാറുന്നതിനു മുറവിളി കൂട്ടികൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതിനുള്ള നീക്കം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ അവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പകരം സ്ഥലം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ കണ്ടുപിടിച്ച സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നൽകാതെ എതിർപ്പുപറഞ്ഞ് നീട്ടിക്കൊണ്ടുപോകുകയാണ്. ഏതായാലും പദ്ധതിയുടെ നടത്തിപ്പിനു, അവരെ അടിയന്തിരമായി കുടിയിരുത്തുന്നതിനു വേണ്ട സ്ഥലം കണ്ടുപിടിച്ച് അവരെ കുടിയിരുത്തി മാറ്റി താമസിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനും ഇടുക്കിപദ്ധതിയുടെ പണി ത്വരിതപ്പെടുത്തുന്നതിനും വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിറുത്തുകയാണ്.

ശ്രീ പി. എൻ. ചന്ദ്രസേനൻ: സർ, ഈ സഭയുടെ പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഉപധനാഭ്യർത്ഥനകളെപ്പറ്റി ഏതാനും കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ എം. എം. തോമസും ശ്രീ. സക്കറിയായും മലനാടു ജില്ലാരൂപീകരണത്തെപ്പറ്റി ശക്തിയായി ഇവിടെ വാദിച്ചു. മലനാടു ജില്ലാരൂപീകരണം എത്രയും വേഗം നടപ്പിലാക്കണമെന്ന് ഞാൻ ഗവൺമെന്റിനോടഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഞാനാവശ്യപ്പെടുന്നത്, ആറൻമുള താലൂക്കു രൂപീകരണം കാലതാമസം കൂടാതെ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. ആലപ്പുഴ ജില്ലയിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള പരിപാടിക്ക് മുൻ വ്യവസായമന്ത്രി രൂപം നൽകിയിട്ടുള്ളതും ഇപ്പോഴത്തെ വ്യവസായമന്ത്രി പരിശോധിച്ചുകൊണ്ടിരിക്കുന്നതുമാണ്. 1970 ഡിസമ്പറോടുകൂടി ഉൽപ്പാദനം ആരംഭിക്കുമെന്നാണ് പറഞ്ഞിരുന്നത്. അക്കാര്യം വ്യവസായ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

അതോടൊപ്പംതന്നെ ഞങ്ങളുടെ പ്രദേശങ്ങളിൽ മൈനർ ഇറിഗേഷൻ സൗകര്യങ്ങളൊന്നും നൽകുന്നില്ലെന്നുള്ള വിവരംകൂടി ബഹുമാനപ്പെട്ട ജലസേചന മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞവർഷം നടത്തിയ ജോലികളുടെ ബില്ലുകൊടുത്തുപോലും കൊടുക്കാതെ ഇപ്പോഴും പണി ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യവും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലുണ്ടായിട്ടുണ്ട്. അതു പരിഹരിക്കുന്നതിന് കൂടുതൽ ഫണ്ടുകൊടുത്തുകണ്ടെത്തുന്നതിനും ഈ മാർച്ച് 31—ാം തീയതിക്കു മുൻപ് കുറേ പണിയെങ്കിലും നടത്തുന്നതിനുമുള്ള സത്വര നടപടികളും ജലസേചനവകുപ്പുമന്ത്രി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട ചാഴിക്കാടൻ വിശദീകരിച്ച വിദ്യാഭ്യാസ നയത്തോട് എനിക്ക് യോജിക്കാൻ സാധിക്കാത്തതിൽ ഖേദമുണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ സെക്കണ്ടറി സ്റ്റേജുവരെ സൗജന്യ വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നു വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പത്താം സ്റ്റാൻഡേർഡുവരെയുള്ള കുട്ടികൾക്ക് ഫീസ് സൗജന്യം അനുവദിച്ചുകൊണ്ടുള്ള നടപടി തീർച്ചയായും നാം സ്വാഗതം ചെയ്യേണ്ട ഒന്നു തന്നെയാണ്. മദ്രാസ് സ്റ്റേറ്റിൽ കാളേജുകളിൽപോലും സൗജന്യ വിദ്യാഭ്യാസം നൽകുന്ന നടപടി സ്വീകരിച്ചിരിക്കുകയാണ്. കാലക്രമേണ ഇവിടേയും യൂണിവേഴ്സിറ്റിക്ലാസുകളിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനും വിദ്യാഭ്യാസ സെസ് ഏർപ്പെടുത്തി വിദ്യാഭ്യാസ രംഗത്തെ ചെലവു നികത്തുന്നതിനുമുള്ള നടപടികളും ഗവൺമെന്റ് കൈക്കൊള്ളേണ്ടതാണ്. അതോടൊപ്പംതന്നെ കെ. ജി. പി. ടി. എ. യും മറ്റു സ്ക്കൂൾ അദ്ധ്യാപക സംഘടനകളും ഗവൺമെന്റിന്റെ മുൻപിൽ നിവേദനം സമർപ്പിച്ചു സത്യാഗ്രഹ നടപടികളും ആവിഷ്കരിച്ച് പ്രക്ഷോഭണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവരുടെ പ്രശ്നങ്ങളെപ്പറ്റി അദ്ധ്യാപക പ്രതിനിധികളുമായി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദ്യാലയങ്ങളിലെ സാദ്ധ്യായന ദിവസങ്ങളുടെ എണ്ണം 250 ആയി വർദ്ധിപ്പിച്ചത് സ്വീകാര്യമാണ്. കോത്താരി കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ള ഈ നടപടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പംതന്നെ കോത്താരി കമ്മിഷന്റെ റിപ്പോർട്ടിൽ അദ്ധ്യാപകരുടെ സേവന വ്യവസ്ഥകളെപ്പറ്റിയും മറ്റും പറയുന്ന കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾകൂടി നടപ്പാക്കാൻ സൻമനസോടുകൂടി ഗവൺമെൻറ് ആവിഷ്കരിക്കുന്ന പരിപാടികളെ സ്വാഗതം ചെയ്യാൻകൂടി അദ്ധ്യാപകർ തയ്യാറായി മുന്നോട്ടുവരുമെന്നാണ് എൻെറ അഭിപ്രായം. അതിനാവശ്യമായ നടപടികളും വിദ്യാഭ്യാസമന്ത്രി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

അതൊടൊപ്പം നമ്മുടെ നാട്ടിൽ നടക്കുന്ന, നമുക്ക് വളരെയധികം എതിർപ്പുള്ള പോലീസ് മർദ്ദനങ്ങളെക്കുറിച്ചുകൂടി ഒരു കാര്യം പറയാനുണ്ട്. അത് പോലീസ് മന്ത്രിയേയോ മറെറാരെയെങ്കിലും എതിർക്കുന്നതിനുവേണ്ടിയോ പറയുകയല്ല. ഇന്നു നടക്കുന്ന മർദ്ദനങ്ങളും കൂടുതലാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ രാജ്യത്ത് മുൻപു ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തും ദിവാൻ ഭരണകാലത്തും മർദ്ദനങ്ങൾക്ക് കുപ്രസിദ്ധിയാർജ്ജിച്ച ശ്രീ. ടി. കെ. നാരായണപിള്ള ഭരിച്ചിരുന്ന കാലത്തും നടന്നിട്ടുള്ള പോലീസ് മർദ്ദനങ്ങളെയെല്ലാം ലജ്ജിപ്പിക്കത്തക്കരീതിയിലുള്ള മർദ്ദനങ്ങളാണ് ഇന്നു രാജ്യത്തുടനീളം നടക്കുന്നത്. പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ സംഭവങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആലപ്പുഴ ജില്ലയിൽ പ്രത്യേകിച്ച് ചേർത്തല താലൂക്കിൽ കളവംകോട്, കരിക്കാട്ടുശ്ശേരി, എഴുപുന്ന മുതലായ പ്രദേശങ്ങളിലും, കുട്ടനാട്, കാവാലം, കൈതേരി, ചെറിയനാട്, മാന്തുക, ഉള്ളനൂർ മുതലായ പ്രദേശങ്ങളിലും നടക്കുന്ന അതിഭീകരമായ പോലീസ് മർദ്ദനങ്ങൾ ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എൻെറ നിയോജകമണ്ഡലമായ ഉള്ളനൂരിൽ പത്തേക്കർ വിസ്തീർണ്ണം വരുന്ന ആ സ്ഥലത്ത് കുറേ നാളായി കുടിൽ വച്ചുകെട്ടി താമസിച്ചിരുന്ന ആളുകളിൽ ഏതാണ്ട് 67—ഓളം പേരുടെ കുടിലുകൾ പോലീസ് തീവച്ച് നശിപ്പിക്കുകയും അവരെ അവിടെ നിന്ന് അടിച്ചിറക്കുകയും ചെയ്തിട്ടുണ്ട്. വേറെ ഒരു സെൻറു ഭൂമിപോലും ഇല്ലാത്ത ആളുകളാണ് അവർ. അവർക്ക് ഭൂമി കൊടുക്കുന്നതിനു പകരം പത്തഞ്ഞൂറ് ആളുകളെ പ്രതിയാക്കിക്കൊണ്ട് പോലീസ് കേസെടുക്കുകയാണ് ചെയ്തിട്ടുള്ളത്. നാം ഈയ്യിടെ പത്രത്തിൽ വായിച്ച സംഭവമാണ് മാന്തുറ പാലത്തിന് ഡയനാമിറ്റ് വച്ചത്. മാന്തുറ പാലം കുളനട ചന്തക്ക് വടക്കുമാറി സ്ഥിതിചെയ്യുന്ന എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു പാലമാണ്. ഡയനാമിറ്റ് വച്ച സംഭവം ഉണ്ടായതിൻെറ അടുത്തദിവസം സ്ഥലത്തുചെന്ന് പോലീസ് പരിശോധിച്ചിരുന്നു. ആ പാലത്തിൻെറ ഭിത്തിക്ക് സ്വൽപ്പം കേടുണ്ടായിട്ടുണ്ട്. സാരമായ നഷ്ടം ഉണ്ടായിട്ടില്ല. ഇതിനെതുടർന്നു അവിടെ പോലീസ് നായെ കൊണ്ടുവരികയും മൂന്നുനാലു ആളുകളെ പോലീസ് നായുടെ സഹായത്തോടുകൂടി അറസ്റ്റു ചെയ്തതായും പത്രത്തിൽ കാണുകയുണ്ടായി. ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പോലീസ് നായുടെ പ്രയോഗം അത്ര പറ്റുകയില്ലെന്നാണ് അവിടെയുള്ളവരുടെ ആക്ഷേപം. പോലീസ് നായ്വന്നു മണപ്പിച്ചതിനുശേഷം റോഡിൻെറ പരിസരത്തുള്ള അഞ്ചാറു വീടുകളിൽ കയറി. ആ വീട്ടുകാർ ഇതിൽ ബന്ധപ്പെട്ടിട്ടുണ്ടെന്നു അഭിപ്രായമില്ല. ആലപ്പുഴ ഡി. എസ്. പി. ആഫീസിലെ ഒരു ക്ലാർക്കായ അലക്സാൺഡറുടെ വീട്ടിലാണ് അത് ആദ്യം കയറിയത്. അങ്ങനെ അഞ്ചെട്ടു വീടുകളിൽ കയറി. അതിനുശേഷം ആ പട്ടിയെ ബലമായി വലിച്ചുകൊണ്ടുപോയി. മാർക്സിസ്റ്റുപാർട്ടി അനുഭാവികളുടെ വീടുകളിൽ ഈ പട്ടിയെ വലിച്ചുകയറിയിട്ട് അവരെ അറസ്റ്റുചെയ്യുന്ന നടപടിയാണ് ഇന്നു നടന്നുവരുന്നത്. ഇത് ഞാൻ അതിശയോക്തിപരമായി പറയുകയല്ല. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി ഇതിനെക്കുറിച്ച് അന്വേഷിക്കണം. ഇത് രാഷ്ട്രീയ പ്രതികാരത്തോടുകൂടി, പകപോക്കലോടുകൂടി ചെയ്യുന്ന നടപടിയാണ്. പ്രത്യേകിച്ച് ഹെഡ്കാൺസ്റ്റബിളിൻേറയും, സബ് ഇൻസ്പെക്ടറുടേയും ലവലിലുള്ള ആളുകളെക്കൊണ്ട് ഈമാതിരിയുള്ള കേസുകൾ അന്വേഷിപ്പിക്കാതെ ഇങ്ങനെയുള്ള കാര്യങ്ങൾ ക്രൈംബ്രാഞ്ചിനു വിട്ടുകൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ബുദ്ധിപൂർവ്വകമായി അന്വേഷണം നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്.

ശ്രീ. സി. എം. കുട്ടി: സർ, ഒരു പായിന്റ് ആഫ് ആർഡർ. റൂം 145 അനുസരിച്ച് 'scope of discussion on Supplementary grants: The debate on the Supplementary grants shall be confined to the items constituting the same and no discussion may be raised on the original grants or policy underlying them save in so far as it may be necessary to explain or illustrate the particular items under discussion."

എന്നു പറയുന്നുണ്ട്. അങ്ങനെ പറഞ്ഞാൽ ഗവൺമെന്റിന്റെ പോളിസിയെക്കുറിച്ചും പോലീസ് നയത്തെക്കുറിച്ചും സപ്ലിമെന്ററിഡിമാന്റിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളും പറയാൻ പാടില്ലെന്നാണ്. ഇത് പറയുന്നത് ആർഡറിലാണോ?

ഡപ്യൂട്ടി സ്പീക്കർ: പോലീസിനെപ്പറ്റിയൊക്കെ പറയാറുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന സംഭവങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കാൻ നമ്മളും നടപടിക്രമങ്ങളൊന്നും നോക്കേണ്ട എന്നാണ് എന്റെ അഭിപ്രായം. ഈ വക കാര്യങ്ങളെപ്പറ്റി പ്രത്യേകം ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു അപേക്ഷയുണ്ട്. ഇവിടെ പോലീസ് മർദ്ദനം കുറച്ചുകൂടി കുറഞ്ഞ രീതിയിൽ സ്വീകരിക്കുന്നതിനും അങ്ങനെയുള്ള ഒരു നയം സ്വീകരിക്കുന്നതിനും തയ്യാറാകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഈ പോലീസ് മർദ്ദനങ്ങളിൽ എനിക്ക് ശക്തിയായ പ്രതിഷേധമുണ്ട്.

ശ്രീ. എൻ. ഗണപതി: പോലീസ് മർദ്ദനം കുറച്ചു വേണമെന്നാണോ പറയുന്നത്?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഒട്ടും വേണ്ടെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സപ്ലിമെന്ററി ഗ്രാന്റിനെ ഞാൻ പിൻതാങ്ങുന്നു. ഈ ഗ്രാന്റിനെ പിൻതാങ്ങിക്കൊണ്ട് എനിക്ക് പ്രധാനമായി പറയാനുള്ളത്, ഹരിജനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. സർ, ഹരിജനക്ഷേമ പ്രവർത്തനങ്ങളും തിരുവിതാംകൂർ ഭാഗത്ത് തുടങ്ങിയത് രാജവാഴ്ചക്കാലത്താണ്. അതിൽ ഏറെക്കുറെ ഞാനും അനുഭവിച്ചിട്ടുള്ളതാണ്. ഇന്ന് ഇതിന്റെ പ്രവർത്തനങ്ങളും കടലാസിലുള്ള പ്രചരണവും പുറത്തു പ്രാവർത്തികമായിലുള്ള പ്രചരണവുമല്ലാതെ വസ്തുനിഷ്ഠമായി കാര്യക്ഷമമായി പ്രവർത്തനങ്ങളും ഉണ്ടാകുന്നില്ലെന്നുള്ളതാണ് സത്യം. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റു നടത്തുന്നത്, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിൽ ഉയർന്ന തസ്തികകളും ആവശ്യമില്ലാതെ ഉണ്ടാക്കി അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർക്കു ഉദ്യോഗം കൊടുക്കുന്നതിനും ഭാരിച്ച ശമ്പളം കൊടുക്കുന്നതിനും അപ്പുറത്തായി ഹരിജനങ്ങൾക്ക് പ്രയോജനപ്രദമായ പ്രവർത്തനങ്ങളല്ല നടക്കുന്നതെന്നുള്ള കാര്യം ഈ ഗവൺമെന്റിലെ മുഖ്യമന്ത്രിയെ ഒന്നു ഓർമ്മപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഈ. എം. എസ്. നമ്പൂതിരിപ്പാട് അവർകൾ ഈ വിവരങ്ങൾ വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഫലം, പിന്നെയും കോരൻ കഞ്ഞി കുമ്പിളിൽത്തന്നെയാണ്. ഹരിജനക്ഷേമ പ്രവർത്തനങ്ങളും ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിൽ കൂട്ടിക്കുഴച്ചു നടത്തുകയാണ്. ഹരിജനക്ഷേമ പ്രവർത്തനങ്ങൾ നടത്തണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഹരിജനക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളായി മാറ്റിനിറുത്തണം. ഇന്നു അതിന്റെ കീഴിൽ ഒരു ഡപ്യൂട്ടി ഡയറക്ടർ ഉണ്ട്. അദ്ദേഹത്തിന്റെ ശമ്പളവും ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നാണ് കൊടുക്കുന്നത്. ഇതെല്ലാം മാറ്റിനിറുത്തികൊണ്ട് ഹരിജനങ്ങൾക്ക് മാത്രമായി പ്രവർത്തനങ്ങളും ഒരു ഡിപ്പാർട്ടുമെന്റിൽ ഒതുക്കി നിറുത്തുകയും, വിദ്യാഭ്യാസാനുകൂല്യങ്ങളും കിട്ടുന്ന ചില സമുദായങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനം ഈ സോഷ്യൽ വെൽഫയർ പ്രവർത്തനത്തെ ഏറെറടുത്തിരിക്കുന്ന ഈ സെക്രട്ടറിയിൽനിന്ന് വിട്ടുകൊടുക്കുകയും ചെയ്യുന്നത് ഹരിജനപ്രവർത്തനങ്ങൾക്കു കൂടുതൽ കാര്യക്ഷമമായിരിക്കുമെന്നു ഞാൻ കരുതുകയാണ്. എനിക്ക് പ്രധാനമായി പറയാനുള്ളത്, സർവ്വീസിനെ സംബന്ധിച്ചാണ്. സർവ്വീസിനെ സംബന്ധിച്ച് ഇവിടെ ഒരു എംപ്ലായ്മെന്റു സെൽസെക്രട്ടറിയേറ്റിൽ ചീഫ് സെക്രട്ടറിയുടെ കീഴിൽ അടുത്തുതന്നെ രൂപീകരിക്കാൻ പോകുന്നു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സർ കാലതാമസം വരുത്താതെ ഒരു ഡെപ്യൂട്ടിസെക്രട്ടറിയുടെ തസ്തികയിലും ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; അവിടെ കാലതാമസമുണ്ടാക്കാതെ ഒരു ഹരിജനനെത്തന്നെ അതിൽ നിയമിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. മറെറാരു കാര്യം വ്യക്തമാക്കാനുള്ളത് ഈ ഉദ്യോഗസ്ഥൻമാർക്ക് താമസ സൗകര്യമില്ലെന്നുള്ളതാണ്. നമ്മുടെ രാജ്യത്ത് എൻ. ജി. ഓ. കോർട്ടേഴ്സുകളുണ്ട്, ജി. ഓ. കോർട്ടേഴ്സുകളുണ്ട്. അപേക്ഷിച്ച് എത്ര വർഷം കാത്തിരുന്നാലും അവർക്ക് അത് കിട്ടാറില്ല. അതിനെല്ലാമുള്ള കാരണമെന്താണെന്നു പറഞ്ഞാൽ അലോട്ട് ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ ചിന്താഗതിക്ക് വിധേയമായിരിക്കുകയാണ് ഈ കാര്യമെല്ലാം. അതുകൊണ്ട് നിർബന്ധമായി ഈ കോർട്ടേഴ്സുകളിൽ ഹരിജനങ്ങൾക്ക് സംവരണം ഏർപ്പെടുത്തണം. നമ്മുടെ സംസ്ഥാനത്തുള്ള ഡിപ്പാർട്ടുമെന്റുകളെ കാർപ്പറേഷനുകളാക്കിയും ബോർഡുകളാക്കിയും മാറ്റിക്കൊണ്ടിരിക്കുകയാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റു, ടൂറിസ്റ്റു ഡിപ്പാർട്ടുമെന്റു ഹൗസിംഗ് ഡിപ്പാർട്ടുമെന്റു ഇങ്ങനെയെല്ലാം ഉള്ളവയെ കാർപ്പറേഷനുകളും ബോർഡുകളുമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നിർബന്ധമായി ഹരിജൻ വിഭാഗത്തിന് പ്രയോജനമുണ്ടാകണമെങ്കിൽ ഈ ബോർഡുകളിലും കാർപ്പറേഷനുകളിലും പ്രാതിനിദ്ധ്യം കൊടുക്കണം. ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള ബോർഡുകളിൽ ഹരിജനങ്ങൾക്ക് പ്രാതിനിദ്ധ്യം കൊടുക്കണമെന്നാണ് എനിക്ക് നിർബന്ധമായി പറയാനുള്ളത്. മറെറാരു കാര്യം എനിക്ക് പറയാനുള്ളത്, ഗിരിവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അവർക്കാവശ്യമായ ചികിൽസാ സൗകര്യങ്ങളും ലഭിക്കുന്നതിനുവേണ്ടിയുള്ള ആയുർവ്വേദ ഡിസ്പെൻസറികളും നടത്തുന്നതിനെക്കുറിച്ചാണ്. അതിന്റെ മേൽനോട്ടം വഹിക്കുന്നത് എല്ലാ താലൂക്കുകളിലും താലൂക്ക് വെൽഫയർ ഇൻസ്പെക്ടർൻമാരാണ്. വൈദ്യശാസ്ത്രവുമായി ബന്ധമില്ലാത്ത, ചികിൽസയെപ്പററി യാതൊന്നും അറിയാൻ പാടില്ലാത്ത, ഔഷധങ്ങളെപ്പററി അറിയാൻ പാടില്ലാത്ത ഇൻസ്പെക്ടർമാരാണ് ഇതിന്റെ മേൽനോട്ടം നടത്തുന്നത്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടത്തുന്ന ആയുർവ്വേദ ഡിസ്പെൻസറികളെ സംബന്ധിച്ചിടത്തോളം അതിന്റെ പരിശോധനയും മറ്റും നടത്തുന്നതിന്, അലോട്ട് ചെയ്യുന്ന മരുന്നുകളും ഗിരിവർഗ്ഗക്കാർക്ക് കൊടുക്കുന്നുണ്ടോ ദുർവിനിയോഗം ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന്, പ്രത്യേകമായി ഒരു വൈദ്യനെ ഇൻസ്പെക്ടറായി നിശ്ചയിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. മറെറാന്നു പറയാനുള്ളത്, കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള കാര്യമാണ്. സർ, നമ്മുടെ രാജ്യത്ത് പോലീസ് മർദ്ദനവും വെടിവയ്പുകളുമെല്ലാം നടക്കുന്നുണ്ട്. ഈ രാജ്യത്ത് കാർഷികത്തൊഴിലാളികളിൽ 25 ശതമാനവും ഹരിജനങ്ങളാണ്. ചേർത്തല, ചെറിയനാട് അതുപോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ മനസ്സിലാക്കിയിട്ടുള്ളത് പിടിച്ചതും മർദ്ദനത്തിനെല്ലാം വിധേയരായിട്ടുള്ളതും ഹരിജനങ്ങളാണെന്നാണ്. രാഷ്ട്രീയപാർട്ടികളും അവരെ സംഘടിപ്പിക്കുന്ന അവസരത്തിൽ, നിങ്ങൾക്ക് നഷ്ടപ്പെടാനൊന്നുമില്ല, നഷ്ടപ്പെടാനുണ്ടെങ്കിൽ കൈവിലങ്ങും കൈച്ചങ്ങലയുമാണെന്നു പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളും അവരുടെ അവകാശങ്ങളും നേടിയെടുക്കുന്ന സമരത്തിന് ഇറങ്ങിത്തിരിക്കുന്നു. ചെറിയനാട്ട് വെടിവയ്പു നടത്തി ആറേഴു കുടുംബങ്ങളെ നശിപ്പിച്ച് അവിടെ ഉണ്ടായിരുന്ന ആളുകളെ വെട്ടിയും മുറിവേൽപ്പിക്കുകയും വെടിവച്ചുകൊല്ലുകയും ചെയ്ത ഭീകര സംഭവം ഈ രാജ്യത്തെ ഹരിജൻ വിഭാഗത്തിനു സഹിക്കാൻ വയ്യാത്ത കാര്യമാണ്. ഇതേപ്പറ്റി ഞാൻ വളരെ വേദനയോടുകൂടി പറയുകയാണ്. ഈ നടപടി തുടരുന്നത് ഈ രാജ്യത്തിന്റെഭാവി എന്താണെന്നു നിശ്ചയിക്കാനുള്ള ഒരു വർഗ്ഗത്തെ ഇതേ രീതിയിലുള്ള ഒരു കാഴ്ച്ചപ്പാടോടുകൂടി കാണുന്നത് ശരിയായിരിക്കുകയില്ല. മറെറാരു കാര്യം ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയാനുള്ളത്, ഈ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി ഹൗസിംഗ് സ്കീമുണ്ട്. ഹരിജനങ്ങൾക്ക് വീടുകളും കൊടുക്കുന്നുണ്ട്. കാൺഗ്രസ് ഗവൺമെൻറു ഭരിച്ചിരുന്ന കാലത്ത് 85 വീടുകൾവരെ ഓരോ ജില്ലയിലും കൊടുത്തിട്ടുണ്ട്. അത് കഴിഞ്ഞവർഷം 28–ം, അതിനു മുൻപുള്ള വർഷം കമ്മ്യൂണിസ്റ്റു പാർട്ടിക്ക് മുൻതൂക്കമുണ്ടായിരുന്ന ഗവൺമെൻറ് ഭരിച്ചിരുന്നപ്പോൾ 18–ം ആയി മാറി. ഇവർക്ക് വീടുണ്ടാക്കിക്കൊടുക്കണമെന്ന് ഈ ഗവൺമെൻറിന് താൽപര്യമുണ്ടെങ്കിൽ ഓരോ വർഷത്തിലും ഓരോ ജില്ലയിലും 100 വീടുകളെങ്കിലും കെട്ടത്തക്കരീതിയിൽ അടുത്ത ബഡ്ജറിൽ അതിനാവശ്യമായ വകയിരുത്തണം. മറെറാരു കാര്യം പറയാനുള്ളത് ഞങ്ങളുടെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമാണ്. വിദ്യാർത്ഥികൾക്ക് ഇവിടെ മൂന്നു ഹോസ്റ്റലുകളുണ്ട്. തിരുവനന്തപുരത്ത് കാസ്മോപോളിറൻപോലെ വേറൊന്നുണ്ട്. രണ്ടു കെട്ടിടങ്ങളിലുള്ള കുട്ടികളെ ഒരു കെട്ടിടത്തിലാക്കിയിരിക്കുകയാണ് അവരെ സ്നേഹിക്കുന്നു, അവരെ പഠിപ്പിക്കുന്നു, അവർക്ക് വേണ്ടി തുകകൾ ചെലവാക്കുന്നു എന്നു പറഞ്ഞാൽ മാത്രം പോര, വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യ പ്രദമായ കെട്ടിടം കൂടി എടുത്തുകൊടുക്കണം. തിരുവനന്തപുരം പട്ടണത്തിനകത്ത് സർക്കാർ കെട്ടിടങ്ങൾ പലതുമുണ്ട്. ആ കെട്ടിടങ്ങളെടുത്ത് അവർക്ക് താമസിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ശാസ്താംകോട്ടയിൽ ഒരു കോസ്മോപോളിറൻ ഹോസ്റൽ നിർമ്മിക്കുന്നതിനുള്ള നടപടിയെടുത്തു. അത് അടുത്തുതന്നെ പൂർത്തിയാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഇറിഗേഷനെ സംബന്ധിച്ച് ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിറുത്താം. കൊല്ലംജില്ലയിൽ കല്ലടയാറിന്റെ പതനസ്ഥലത്ത് ഇരുകരകളും ആറിൽനിന്നു വളരെ താണ പ്രദേശങ്ങളാണ്. അവിടെ വളരെക്കാലമായി മൈനർ ഇറിഗേഷൻ സ്കീമുകൾ ഉണ്ടായിട്ടുണ്ട്. പടിഞ്ഞാറേ കല്ലടയിൽ വെസ്റ്റ് കല്ലട ഇറിഗേഷൻ സ്കീം എന്നൊരു സ്കീമുണ്ട്. കിഴക്കേ കല്ലടയിൽ സി. പി. യുടെകാലത്തു പണികഴിപ്പിച്ച ഓടമ്പലം എന്നറിയപ്പെടുന്ന ഒരു സ്കീമുണ്ട്. അതുപോലെതന്നെ പവിത്രേശ്വരം പഞ്ചായത്തിൽ പവിത്രേശ്വരം സ്കീം എന്നൊരു സ്കീമുണ്ട്. കുളക്കടയിൽ കുളക്കട എന്നൊരു സ്കീമുണ്ട്. ഇങ്ങനെ നാലഞ്ചു മൈനർ ഇറിഗേഷൻ സ്കീമുകൾ അവിടെയുണ്ട്. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പ്രവർത്തനം നടത്തണമെങ്കിൽ ഫാമിന്റെ റിലീഫ് വർക്ക് ഉണ്ടോ എന്നു കാത്തിരിക്കേണ്ടിവരും. അവിടെ ഒരാണ്ടിൽ വെള്ളപ്പൊക്കമുണ്ടായില്ലെങ്കിൽ ഒന്നും നടക്കുകയില്ല. ഇവിടെ ആറിൽ വെള്ളം കയറുകയാണെങ്കിൽ നിലങ്ങളിലെല്ലാം വെള്ളം കയറി പുഞ്ചകൃഷി നശിക്കും. ഈ സ്കീമുകളെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം അവ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഒന്നുകൂടി ഈ ഡിമാൻറുകളെ പിൻതാങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കാരണം അളിയാർ–പറമ്പിക്കുളം നദീജലകാര്യത്തെസംബന്ധിച്ച് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളെ വാസ്തവത്തിൽ ശക്തിയായി എതിർക്കാതെ നിവൃത്തിയില്ല. ഈ ഗവൺമെൻറ് എന്നു പറയുമ്പോഴും ഇതിനുമുമ്പുണ്ടായിരുന്ന ഗവൺമെൻറുകളും ഈ നദീജല പ്രശ്നത്തിൻെറ കാര്യത്തിൽ അക്ഷന്തവ്യമായ അപരാധമാണ് കഴിഞ്ഞകാലങ്ങളിൽ ചെയ്തിട്ടുള്ളത്. ഈകാലങ്ങളിൽ എന്നപോലെ കഴിഞ്ഞ കാലങ്ങളിലും സർ ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം വളരെ ശക്തിമത്തായി കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. അളിയാർ പറമ്പിക്കുളം നദീജലകാര്യത്തെ സംബന്ധിച്ചിടത്തോളം വളരെശക്തമായ നടപടികളെടുക്കേണ്ട കുരിയാർകുട്ടി ഡാമിൻെറ പ്രശ്നമുണ്ട്. കാരപ്പാറഡാമും കുരിയാർകുട്ടിഡാമും ചിറ്റൂർ പുഴ പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളാണ്. രണ്ടും മൂന്നും ഘട്ടങ്ങളുടെ ചിറ്റൂർപുഴ പദ്ധതിക്കുവേണ്ടി കുറച്ചു സംഖ്യ വകയിരുത്തുന്ന കാര്യത്തെസംബന്ധിച്ച് പത്രങ്ങളിലും ബഡ്ജറിലും കാണാൻ കഴിയും. ചിറ്റൂർപുഴ പദ്ധതി ആദ്യമായി വിഭാവനം ചെയ്തത്, ഞാൻ മനസിലാക്കുന്നത് ശരിയാണെങ്കിൽ എട്ടു കോടി രൂപയാണ്. ആദ്യത്തെ സ്റേറജിൽ ചെലവഴിക്കാൻ ഉദ്ദേശിച്ചത് ഒരു കോടിരൂപയാണ്. ആ ഒരു കോടി രൂപയിൽ കുറെ ലക്ഷം ലക്ഷമായിട്ട് വകതിരിച്ചു വന്നതായി കാണാം. എന്നിട്ട് ഈ പദ്ധതിയുടെ പത്തിലൊരു അംശം പോലും തുടങ്ങിക്കഴിഞ്ഞിട്ടില്ല, ആരംഭിച്ചിട്ടില്ല. ഈ പദ്ധതി പൂർത്തിയാക്കുകയാണെങ്കിൽ ചിറ്റൂർ താലൂക്കിൻെറ ചില ഭാഗങ്ങളും താലൂക്കിൻെറ ചില ഭാഗങ്ങളും അതുപോലെതന്നെ ആലത്തൂർ താലൂക്കിൻെറ ചില ഭാഗങ്ങളും കൃഷിചെയ്യുന്നതിന് സാധിക്കുന്നതാണ്. ഈ ഗവൺമ്മെൻറും കഴിഞ്ഞ ഗവൺമ്മെൻറും എടുത്ത നിലപാടുതന്നെയാണ് സ്വീകരിച്ചു കാണുന്നത്. നീരാർ ഡാമിൻെറ പ്രവർത്തനം മദിരാശി ഗവൺമെൻറു ആരംഭിച്ചിരിക്കുകയാണ്. അതുപോലെതന്നെ കേരളത്തിലെ കുരിയാർകുട്ടി പദ്ധതിയും ആരംഭിക്കാമായിരുന്നു. നല്ല കാര്യമെന്നുള്ള നിലയിൽ ഈ ഗവൺമെൻറു കുരിയാർകുട്ടിപദ്ധതിയുടെ അസ്ഥിവാരമെങ്കിലും ഇടേണ്ടതാണ്. എഗ്രിമെൻറു അവസാനമായി ഒപ്പുവയ്ക്കുന്നതിനുമുൻപ് തമിഴ്നാട് ഗവൺമെൻറു ഇതുമായി ബന്ധമുള്ള നീരാർ ഡാമിൻെറ പ്രവർത്തനം ആരംഭിച്ചസ്ഥിതിക്ക് നിശ്ചയമായും ഈ ഗവൺമെൻറിന് എന്തുകൊണ്ട് കുരിയാർകുട്ടി ഡാമിൻെറ പ്രവർത്തനത്തിന് ആവശ്യമായ നടപടികളും സ്വീകരിച്ചുകൂടാ. ഈ ഗവൺമെൻറ് അടിയന്തിരമായി നല്ല കാര്യങ്ങളും ചെയ്തുവെന്ന് അഭിമാനിക്കാവുന്ന നിലയ്ക്ക് ഒരു കാര്യം ചെയ്തുവെന്നുള്ള നിലയിൽ കുരിയാർകുട്ടിപദ്ധതിക്ക് ഈ ബഡ്ജറ് സെഷൻ ആരംഭിക്കുന്നതിന് മുമ്പോ, അതല്ലെങ്കിൽ ഈ സെഷൻ അവസാനിക്കുന്നതിനുമുമ്പോ കുരിയാർകുട്ടിഡാമിൻെറ പ്രവർത്തി ചെയ്യാൻ സാധിക്കുന്നതാണ്. ഇത് ആ പ്രദേശത്തെസംബന്ധിച്ച് വളരെ ഗൗരവമുള്ള ഒരു പ്രശ്നമായി എടുക്കണമെന്നും, ചിറ്റൂർപുഴ പദ്ധതിയുടെ ആദ്യവേഗത്തിലുള്ള പ്രവർത്തനം അവസാനിപ്പിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, മറെറാരു സംഗതി ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ സമരത്തെ സംബന്ധിച്ചാണ് എനിക്ക് പറയുവാനുള്ളത്. ആ സമരത്തിൽ ഇപ്പോഴും ആര് വിജയിച്ചു ആര് പരാജയപ്പെട്ടു എന്നുള്ള പരാമർശനമാണ് അധികം കേൾക്കുന്നത്. എന്തുതന്നെയായാലും ഈ സമരം അവസാനിപ്പിക്കുന്നതിനു ഗവൺമെൻറു തയ്യാറാകണം. ഇതിൽ ആരു വിജയിച്ചു ആരു പരാജയപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞുകൊണ്ട് ഈ സമരം അവസാനിപ്പിച്ചാൽ അതിന്റെ അനന്തരഫലം ഗുരുതരമായിരിക്കും . ഈ സമരം അത്ര എളുപ്പത്തിൽ അവസാനിപ്പിക്കാൻ സാധിക്കുകയില്ല. എനിക്ക് ഇക്കാര്യത്തെപ്പറ്റി പറയുവാനുള്ളത് ആവശ്യമായ വിട്ടുവീഴ്ചകളും നിശ്ചയമായും ഗവൺമെന്റുഭാഗത്തുനിന്നും ഉണ്ടാകണമെന്നും അതുപോലെതന്നെ തൊഴിലാളികളുടെ ഭാഗത്തുനിന്നും വിട്ടുവീഴ്ചകളും ആവശ്യമാണെങ്കിൽ ഉണ്ടാകണമെന്നുമാണ്. ഗവൺമെന്റും തൊഴിലാളികളും തമ്മിൽ ഒരൊത്തുതീർപ്പു ഉണ്ടാക്കുകയും ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ബുദ്ധിമുട്ടുകളും ഈ രാജ്യത്തുണ്ടാകാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ അവസരത്തിൽ അതിനെസംബന്ധിച്ച് പറയുവാനുള്ളത്.

സർ, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. വെടിവയ്പ്പും ലാത്തിച്ചാർജ്ജും ഒഴിവാക്കുകയെന്നുള്ളത് ഏതൊരു ഗവൺമെന്റിന്റെയും സുഗമമായ നടത്തിപ്പിന് ആവശ്യമാണ്. മാത്രമല്ല ഈ സന്ദർഭത്തിൽ എല്ലാം നാം സന്തോഷിക്കുന്ന ചിരിക്കുന്ന സംഗതികളാണ്. എങ്കിലും ചിരിക്കുന്ന സംഗതിയിൽതന്നെ ഒടുവിൽ കരയുന്നതുമുണ്ടാകും. ഒരു കുട്ടിയെ പതുക്കെ അടിച്ചാൽ കുട്ടി സന്തോഷിക്കാറുണ്ട്, ചിരിക്കാറുണ്ട്. കുട്ടിയെ അടിച്ച ഭാഗത്തു വീണ്ടും അടിച്ചാൽ കുട്ടിക്ക് വേദന അനുഭവപ്പെടുകയും കുട്ടികരയുകയും ചെയ്യും. അതുപോലെ പോലീസ് ഇപ്പോൾ വെടിവയ്പ്പും ലാത്തിച്ചാർജ്ജും നടത്തുകയാണ്. അതിനെ ഒരു വിഭാഗം ആളുകൾ അനുമോദിക്കാതിരിക്കുകയില്ല. പക്ഷേ കുറെനാൾ ഇങ്ങനെ പോയാൽ ആ അനുമോദനങ്ങളെല്ലാം രോദനമായിട്ടുമാറും. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രവർത്തനത്തിൽനിന്നും ഗവൺമെന്റു പിൻവാങ്ങുകയും ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അനുകൂലിച്ചുകൊണ്ട് ഏതാനും വാക്കുകൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിൽ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു ഡിമാൻറ് കാണുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 1970 ജനുവരി 15–ാം തീയതിക്കുമുൻപായി വോട്ടർപട്ടിക എല്ലാ നിയോജക മണ്ഡലങ്ങളിലും പുതുക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. രണ്ടു മാസംകൊണ്ട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതിനും, പെട്ടെന്ന് തെരഞ്ഞെടുപ്പ് വേണ്ടി വരികയാണെങ്കിൽ അത് നേരിടുന്നതിനുമുള്ള ഒരു പോംവഴി എന്നുള്ള നിലയ്ക്കാണ്. ഇത് സ്വീകരിച്ചത്. ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽ ആറാഴ്ചക്കകം പുതിയ ഒരു തിരഞ്ഞെടുപ്പ് നടത്തണമെങ്കിലും നടത്താമെന്നുള്ള സ്ഥിതിവിശേഷം ഉള്ളതുപോലെ ഇൻഡ്യയിലും അത്തരത്തിലുള്ള സ്ഥിതിവിശേഷം ഉണ്ടാകണമെന്നുള്ള വസ്തുതയെ മുൻ നിറുത്തിക്കൊണ്ടാണ് ഇലക്ഷൻ കമ്മീഷൻ ഇങ്ങനെ ചെയ്തത്. എന്നാൽ അതിൽ കേരളത്തെ സംബന്ധിച്ചിടത്തോളം പല നിയോജക മണ്ഡലങ്ങളിലും വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതിന് കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ലെന്നു കാണാം. വോട്ടർമാരുടെ പട്ടിക ശേഖരിക്കുന്നതിന് വേണ്ടി ചെന്ന അവസരത്തിൽ വോട്ടിന് അർഹതയില്ലാത്ത പല ആളുകളുടേയും പേരുകൾ വന്നിട്ടുണ്ട്. പ്രായപൂർത്തിയായിട്ടില്ലാത്ത ആളുകളുടെയും പേര് വോട്ടർപട്ടികയിൽ പെടുത്തിയിട്ടുള്ളതായി കാണാം. വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം അതിൽ ആക്ഷേപം കൊടുക്കുന്നതിനുള്ള സമയം പല നിയോജക മണ്ഡലങ്ങളിലും. ഇപ്പോൾ കിട്ടുന്നില്ല. വോട്ടർ പട്ടികയിൽ വേണ്ടവരെ പെടുത്തുന്നതിനും വേണ്ടാത്തവരെ മാറ്റുന്നതിനും ആവശ്യമായ അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിന് ഇപ്പോഴും സമയം കിട്ടാത്തതുകൊണ്ട് വളരെയധികം കുഴപ്പങ്ങളുണ്ടായിട്ടുണ്ട്. വടകര നാദാപുരത്ത് വോട്ടർ പട്ടിക പരിശോധിച്ചാൽ ഇരുപത്തിരണ്ടു ശതമാനം വോട്ടർമാർ വർദ്ധിച്ചതായി കാണാം. കേരളത്തിലെ ഒരു സ്ഥലത്തും ഇത്ര വോട്ടർമാർ വർദ്ധിച്ചിരിക്കുകയില്ല. വടകരയിൽ എട്ടു ശതമാനം വോട്ടർമാർ വർദ്ധിച്ചപ്പോഴാ നാദാപുരത്ത് ഇരുപത്തിരണ്ടു ശതമാനം വർദ്ധിച്ചതായി കാണാം. രാഷ്ട്രീയകക്ഷികളും സ്വാധീനം ഉപയോഗിച്ച് വയസ് പൂർത്തിയാകാത്ത ആളുകളെ വോട്ടർമാരായി ചേർത്തതിന്റെ ഫലമായിട്ടാണ് ഈ ക്രമക്കേട് വർദ്ധിച്ചത്. ഈ ക്രമക്കേടു പരിഹരിക്കുന്നതിനുള്ള ശ്രമം ചെയ്യേണ്ടതാണ്. ഈ സ്ഥിതിവിശേഷം മാറിയാൽ മറ്റു പരിഷ്കൃതരാജ്യങ്ങളിലേപ്പോലെ പ്രവർത്തിക്കാൻ സാധിക്കുമെന്നുള്ളത് വളരെ സ്വാഗതാർഹമാണ്. വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കുന്ന അവസരത്തിൽ അത് കൃത്യമായും സത്യസന്ധമായും, ന്യായപൂർവ്വമായും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇപ്പോഴും തയാറാക്കിയിരിക്കുന്ന ലിസ്റ്റിൽ ഉണ്ടായിരിക്കുന്ന ക്രമക്കേട് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും വേണം.

സർ, എനിക്ക് അടുത്തതായി ബഹുമാനപ്പെട്ട ജലസേചനമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനുണ്ട്. തിരുവനന്തപുരം മുതൽ കാസർകോടുവരെയുള്ള ജലഗതാഗത സൗകര്യത്തിനുള്ള ഒരു തോടു നിർമ്മിക്കുന്നതിന് കുറെക്കാലമായി തീരുമാനിച്ചിട്ടുള്ളതാണ്. തിരുവനന്തപുരം മുതൽ വടകരവരെ ജലഗതാഗതം നടത്തുന്നതിനാവശ്യമായ സൗകര്യം ഇപ്പോഴുണ്ട്. അവിടെ നിന്ന് പന്ത്രണ്ട് കിലോമീറ്റർ തോടുകൂടി മാത്രമേ കാസർകോടുവരെയുള്ള ജലഗതാഗതത്തിന് കുഴിക്കേണ്ടതുള്ളു. ആ പന്ത്രണ്ട് കിലോമീറ്റർ കൂടി കുഴിച്ചാൽ തിരുവനന്തപുരത്തുനിന്നും കാസർകോടുവരെയുള്ള ജലഗതാഗതം സുഗമമാകും. 1963-ൽ ആ തോടു കുഴിക്കുന്നതിനുള്ള പണി ആരംഭിച്ചു. 71 ലക്ഷം രൂപ അതിലേക്ക് നീക്കിവച്ചു. ഇൻഡ്യാഗവൺമെൻറാണ് അതിനുവേണ്ടിയുള്ള പണം ചെലവാക്കുന്നത്. ഏഴു കൊല്ലം കഴിഞ്ഞിട്ടും അഞ്ചു കിലോമീറ്റർ ദൂരം മാത്രമേ തോടിന്റെ പ്രവർത്തി കൊണ്ടുപോകാൻ സാധിച്ചിട്ടുള്ളു. മുപ്പത്തിയെട്ടുലക്ഷത്തോളം രൂപ ചെലവഴിച്ചിട്ട് മൂന്നുകൊല്ലക്കാലമായി ആ തോട്ടിന്റെ പ്രവർത്തനത്തിനാവശ്യമായ ഒരു പണിയും നടത്താതിരിക്കുകയാണ്. പ്രവർത്തനം നടത്താതിരിക്കുന്നതിന് പ്രധാനകാരണമായി പറയുന്നത് തോടു കുഴിച്ചുകൊണ്ടുപോകുന്ന സ്ഥലത്ത് മണ്ണ് സോഫ്റ്റായതുകൊണ്ട് തോടിന്റെ കരകൾ ഇടിഞ്ഞുവീഴുകയും, കുഴിക്കുമ്പോഴാ പെട്ടെന്ന് വെള്ളം കാണുകയും ചെയ്യുന്നുവെന്നാണ്. ആ വെള്ളം വറ്റിക്കുന്നതിന് എസ്റ്റിമേറ്റ് ഇല്ലാത്തതുകൊണ്ട് അതിന്റെ കോൺട്രാക്ട് എടുത്തിട്ടുള്ള നാലഞ്ചുപേർ ഈ ജോലി ഉപേക്ഷിച്ചുകൊണ്ടുപോയിരിക്കുകയാണ്. ഇത് ആ പ്രദേശത്തെസംബന്ധിച്ചിടത്തോളവും ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളവും ഒരു പോരായ്മയാണ്. വളരെവേഗത്തിൽ ചെയ്തുതീർക്കാവുന്ന ഒരു പണി രണ്ടുമൂന്നു വർഷമായി മുടങ്ങി കിടക്കുകയാണ്. ജലസേചനമന്ത്രി ഈ അടുത്തദിവസം വടകര മാഹി കനാൽ സന്ദർശിക്കുകയും അതിന്റെ പ്രവർത്തനത്തിന്റെ പോരായ്മകളെസംബന്ധിച്ച് നേരിട്ടു മനസിലാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം കാര്യക്ഷമമായ നടപടികളും സ്വീകരിച്ചുകൊണ്ട് തോടു കുഴിക്കുന്നതിനുള്ള പ്രവർത്തനം ഉടനടി ആരംഭിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോടു അഭ്യർത്ഥിക്കുവാനുള്ളത്.

അടുത്തതായി എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട ശ്രീ. വാസുദേവൻ വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയ സെഴ്സറി ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകൻമാരുടെ കാര്യമാണ്. ഇപ്പോൾ രണ്ടായിരത്തോളം

LIBRARY ARCHIVES Kerala Legislative Assembly

പേർ നെഴ്സറി ട്രെയിനിംഗ് കഴിഞ്ഞിരിക്കുകയാണ്. അവർക്കാർക്കും തന്നെ ജോലി കിട്ടുന്നില്ല. അങ്ങിനെ ട്രെയിനിംഗ് കഴിഞ്ഞവരെ ലോവർ പ്രൈമറി സ്ക്കൂളിലെ ഒന്നാം ക്ലാസിൽ എന്തുകൊണ്ട് നിയമിച്ചു കൂടാ. എസ്. എസ്. എൽ. സി. പാസാകുകയും ഒരു കൊല്ലക്കാലത്തെ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരുമായ ഇവരെ ലോവർ പ്രൈമറി സ്ക്കൂളിലെ ഒന്നാം ക്ലാസിലെ അദ്ധ്യാപകൻമാരായി നിയമിക്കുകയാണെങ്കിൽ പിഞ്ചുകുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിനുള്ള അവരുടെ കഴിവ് പ്രദർശിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. നെഴ്സറി ട്രെയിനിംഗ് പാസായിട്ടുള്ള അദ്ധ്യാപകൻമാർ ലോവർ പ്രൈമറി സ്ക്കൂളുകളിലെ ഒന്നാം ക്ലാസിൽ അദ്ധ്യാപകൻമാരായി നിയമിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള സപ്ലിമെൻററി ഡിമാൻറുകളെ ഒന്നു കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഈ സപ്ലിമെൻററി ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്. ഇതു പറയുമ്പോൾ ഇന്ന് ഇവിടെ ഒരു അടിയന്തിര പ്രമേയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കൊണ്ടുവരുകയും അതിൻെറ അടിസ്ഥാനത്തിൽ പ്രതിപക്ഷങ്ങൾ ഇവിടെ അസംബ്ലിയിൽനിന്നും വാക്കൗട്ടു നടത്തുകയും ചെയ്തു. എന്താണ് സർ, അവിടെ നടന്നതെന്നുള്ളത് ശരിയായിട്ട് മനസിലാക്കാതെയാണ് ഇന്ന് ഏതാണ്ട് വലിയ ഭീകര പ്രവർത്തനങ്ങൾ പോലീസിൻെറ മർദ്ദനങ്ങൾ കുട്ടനാട്ടിൽ നടക്കുകയാണെന്നു ജനങ്ങളെ തെറിദ്ധരിപ്പിക്കത്തക്കവിധത്തിലുള്ള ഒരു പ്രസ്താവനയാണ് നിർഭാഗ്യവശാൽ പ്രതിപക്ഷ നേതാവിൽ നിന്നുണ്ടായതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതായത് പോലീസ് ഇവിടെ ഇടപെട്ടത് എപ്പോഴാണെന്നു സൂക്ഷ്മമായിട്ട് ഞാൻ അന്വേഷിച്ചറിഞ്ഞതാണ്. അവിടെ കൊയ്തുകൊണ്ടിരുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികളെ ഒരു സംഘം ആയുധധാരികളായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ആളുകൾ വന്ന് ആക്രമിച്ചപ്പോൾ, കൃഷിക്കാരെ ആക്രമിച്ചപ്പോഴല്ല, ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളെ മർദ്ദിച്ചപ്പോഴാണ് പോലീസ് അവിടെ ഇടപെട്ടത്. അതുകഴിഞ്ഞ് എന്താണു സർ അവിടെ നടന്നത്. പതിനായിരക്കണക്കിനു കൊയ്തുമെതിച്ച, കൂട്ടിയിരുന്ന നെല്ലിനു തീവച്ചു. അതുമുഴുവൻ കത്തിച്ചുകളഞ്ഞു. പാവപ്പെട്ട കർഷകത്തൊഴിലാളികൾ അവർ കൊയ്തതിൻെറ പതവും തീർപ്പും വാങ്ങാനായിട്ട് അവരുടെ പഷ്ണി മാറ്റുന്നതിനുവേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തിക്കുള്ള പ്രതിഫലം ലഭിക്കുന്നതിനുവേണ്ടി കൂട്ടിവച്ചിരുന്ന കറ്റകൾ കളത്തിൽവച്ച് തീവച്ചുകളഞ്ഞു. അതിനെതിരായിട്ടു പോലീസ് പ്രവർത്തിക്കുമ്പോൾ ഇത് പോലീസ് മർദ്ദനമാണ് എന്നു പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്. സർ, കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം മറെറാരുകാര്യംകൂടി വ്യക്തമാക്കേണ്ടതുണ്ട്. നമ്മുടെ ബഹുഭൂരിപക്ഷം കർഷകത്തൊഴിലാളികളും ഇന്നത്തെ ഈ ഗവൺമെൻറിൻെറ നയത്തിൽ ഈ ഗവൺമെൻറിൽ അനുകൂലാഭിപ്രായമുള്ളവരും ഇതിൽ വിശ്വസിക്കുന്നവരും സമാധാനപരമായി അവരുടെ തൊഴിൽ ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കിത്തരണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. ഒരു ചെറിയ ന്യൂനപക്ഷം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അധീനത്തിൽ ഒരു ചെറിയ പക്ഷം തൊഴിലാളികളാണ് അന്നവിടെ ഈ സംഭവങ്ങളെല്ലാം ഉണ്ടാക്കിയത്. ഇത് വെറും രാഷ്ട്രീയമായി ചെയ്യുന്ന കാര്യങ്ങളാണ്. സർ, ചെറിയനാട് എന്താണ് സംഭവിച്ചത്. ചെറിയനാട് നിർഭാഗ്യവശാൽ കുറെ പാവപ്പെട്ട തൊഴിലാളികളുടെ വീടുകൾ ആക്രമിച്ചു. ശരിയാണ്. പക്ഷേ ഈ സാഹചര്യം എങ്ങനെ ഉണ്ടാക്കി. ഒരു പാവപ്പെട്ട കർഷകൻ അവൻെറ വീട്ടിലേക്ക് മടങ്ങുമ്പോൾ കുറെ ആളുകൾകൂടി അവനെ കഠിനമായി മർദ്ദിച്ചു. അതുകേട്ട്

LIBRARY ARCHIVES Kerala Legislative Assembly

രാത്രി കുറെ ബോധമില്ലാത്ത ആളുകൾ ചെന്ന് ചില പ്രവൃത്തികൾ തുടങ്ങി. അവരുടെ പേരിൽ തീർച്ചയായും കഠിനമായ നടപടികൾ എടുക്കുന്നതിന് ഈ ഗവൺമെൻറ് ഒരു കാലത്തും പുറകോട്ടു പോകരുത്. അതേപ്പറ്റി എനിക്ക് അഭിപ്രായവ്യത്യാസമില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ചെറിയനാട് ശിവരാമനെ വെടിവച്ചതിനെപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. ഇ. ജോൺജേക്കബ്: അങ്ങനെ ആരെങ്കിലും നിയമം കൈയിലെടുത്തിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അവരുടെപേരിൽ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഏതെങ്കിലും ഒരു വിഭാഗം മർദ്ദനം അഴിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവർക്ക് സംരക്ഷണം കൊടുക്കണമെന്ന് ഒരുകാലത്തും ഞങ്ങൾ പറയുകയില്ല. ഈ രാജ്യത്തു നിയമം നടപ്പിലാക്കണമെന്നും നിയമസമാധാനം ഉണ്ടായിരിക്കണമെന്നുമുള്ളത് ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആഗ്രഹമാണ്. അതിനെതിരായിട്ട് ആരു പ്രവർത്തിച്ചാലും അവരുടെപേരിൽ നടപടികളെടുക്കുമെന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമില്ല. പക്ഷേ വെടിവയ്പ്പിക്കും, എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടാക്കാമോ അതെല്ലാം ചെയ്യുമെന്ന് പ്രസ്താവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയപാർട്ടികൾ ഇവിടെ പ്രവർത്തിക്കുന്നിടത്തോളംകാലം ഈ സംഭവങ്ങൾ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇതൊക്കെ ഉണ്ടാവും. സർ, ഇവിടെ പോലീസ് മർദ്ദനമെന്ന് ഇവിടെ കൊട്ടിഘോഷിച്ച് ഈ രാജ്യത്ത് എന്താണ്ട് ഒരു ഭയങ്കര ഭീകരാവസ്ഥ ഉണ്ടെന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഇങ്ങനെയൊരു അന്തരീക്ഷം സൃഷ്ടിക്കാനായിട്ട് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ശ്രമിക്കുന്നതിൽ അവരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അത് അവരുടെ ആവശ്യമാണ്. പക്ഷേ ഇതൊക്കെ സത്യമല്ല, സത്യത്തിനു വിരുദ്ധമാണ്. ഇവിടെ ബഹുഭൂരിപക്ഷം ജനങ്ങളും വളരെ സമാധാനപരമായി തൊഴിൽ ചെയ്തു ജീവിക്കുന്നവർക്ക് ഇവിടെ യാതൊരു പോലീസ് തേർവാഴ്ചയുമില്ല. ഏതെങ്കിലും സമയത്ത് പോലീസ് അവർക്ക് ഉപയോഗിക്കേണ്ടതിൽ കൂടുതൽ എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അതേപ്പറ്റി അന്വേഷിച്ച് അവരെ ശിക്ഷിക്കുന്നതിനു വിരോധമില്ല. അങ്ങനെ തീർച്ചയായിട്ടും ഗവൺമെൻറ് ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഈ ഗവൺമെൻറ് തീർച്ചയായിട്ടും അതു ചെയ്യുമെന്ന് പൊതുജനങ്ങൾക്കും തൊഴിലാളി വിഭാഗങ്ങൾക്കും വിശ്വാസമുണ്ട്. അതുകൊണ്ട് ഇപ്പോൾ ഈ പറയുന്നതിലൊന്നും അർത്ഥമില്ല. പിന്നെ കർഷകത്തൊഴിലാളികളെസംബന്ധിച്ചിടത്തോളം കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചും കുട്ടനാട്ടിനെസംബന്ധിച്ചും രണ്ടുവാക്ക് കൂടി ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതായത് അവിടെ ആകപ്പാടെ നാലു മാസത്തെ ജോലിമാത്രമേയുള്ളൂ. കർഷകനായാലും കർഷകത്തൊഴിലാളികളായാലും ഒരു കൃഷിമാത്രം ഇറക്കുന്നതുകൊണ്ട്, ഈ നാലുമാസത്തെ ആദായംകൊണ്ട് 12 മാസവും ജീവിക്കണം. സമാധാനപരമായ ഒരു അന്തരീക്ഷം—ഈ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി സഹകരണം—തരാൻ തയ്യാറാവുകയാണെങ്കിൽ കൃഷിക്കാർ ഒരു രണ്ടാംകൃഷികൂടി ഇറക്കി ഈ പട്ടിണി മാറ്റിത്തീർക്കാൻ അങ്ങേയറ്റം സന്നദ്ധരാണ്. നെല്ലുവില പോയിയെങ്കിലും തൊഴിലാളികൾക്ക് കൂടുതൽ ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിന്വേണ്ടി രണ്ടാംകൃഷി ഇറക്കാൻ വലിയ ഒരു വിഭാഗം കൃഷിക്കാർ തയ്യാറാണ്. പക്ഷേ അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കരുതെന്നു കരുതിക്കൂട്ടി ഈ തൊഴിലാളി ഘാതകൻമാർ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തിനെതിരായി ശക്തിയായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായിട്ടും ഗവൺമെൻറിൽനിന്നും എടുക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞാൻ ഒന്നുകൂടി ഈ സപ്ലിമെൻററി ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. ബേബിജോൺ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. നടപടിക്രമത്തിൻെറ സാങ്കേതികത്വത്തിൽനിന്ന് ഒഴിഞ്ഞ് അൽപ്പം സംസാരിക്കാൻ അങ്ങ് എന്നെ അനുവദിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇന്ന് സാർവ്വത്രികമായി ഗവൺമെൻറിനെതിരായി പൊന്തിവന്നിട്ടുള്ള വിമർശനങ്ങളിൽ പ്രധാനമായിട്ടുള്ളത് പോലീസ് മർദ്ദനത്തിൻെറ കാര്യമാണ്. ഇവിടെതന്നെ സംസാരിച്ച ആളുകളും പ്രതിപക്ഷത്തുള്ള ആളുകളും പറഞ്ഞു, എവിടെനോക്കിയാലും വെടവെയ്പാണെന്ന്. എവിടെനോക്കിയാലും ലാത്തിചാർജ് ആണെന്ന്. വെറുതെ കിടക്കുന്നവരെയും ഉറങ്ങിക്കിടക്കുന്നവരെയും നടക്കുന്നവരെയും വെടിവെയ്ക്കുന്നു എന്നുവരെ ഇവിടെ പരാമർശങ്ങളുണ്ടായി. സർ, ഒരു ഗവൺമെൻറിനും സന്തോഷകരമായ ഒരു കാര്യമല്ല ഇത്; ഭരണം വെടിവെയ്പ്പിലും ലാത്തിചാർജിലുംകൂടി തുടർന്നുകൊണ്ടുപോവുക എന്നുള്ളത്. ഒരു ഗവൺമെൻറും അതിനെ താലോലിക്കുകയില്ല. ഒരു ഗവൺമെൻറും അതിനെ പ്രോൽസാഹിപ്പിക്കുകയില്ല. ഈ സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ എങ്ങനെ ഉണ്ടായിരിക്കുന്നു എന്ന് ഗൗരവപൂർവ്വം ആലോചിക്കേണ്ടതുണ്ട്. ഈ സ്ഥിതിവിശേഷം എങ്ങനെ ഒഴിവാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചും വളരെ അവഗാഢമായി നാം ആലോചിക്കേണ്ടതുണ്ട്. മുമ്പുനടന്ന കാര്യങ്ങളെക്കുറിച്ചും രാഷ്ട്രീയ സ്ഥിതിവിശേഷത്തെക്കുറിച്ചും പ്രതിപാദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. ഈ ഗവൺമെൻറ് സത്യപ്രതിജ്ഞ ചെയ്ത അന്നുമുതൽ ഇവിടെ വെടിവെയ്പ്പും ലാത്തിചാർജ്ജും എന്നും നടത്തിക്കുമെന്നും ഓരോ ദിവസവും അച്യുതമേനോൻ ഗവൺമെൻറ് ഒരു ദിവസം കിടക്കുമ്പോഴും ആ ദിവസത്തിൽ വെടിവെച്ചതിൻെറയും ലാത്തിചാർജു നടത്തിയതിൻെറയും പ്രകടന പത്രിക പ്രതിപക്ഷ കക്ഷിയിൽനിന്നു വന്നു. ഇതൊരു രാഷ്ട്രീയനയമായി സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വളരെ ഗൗരവമായി ഭരണകക്ഷികളും ആലോചിക്കേണ്ടതായ കാര്യമാണ്. ഇതൊരു രാഷ്ട്രീയനയമായംഗീകരിച്ച് അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോഴും അതു പരാജയപ്പെടുത്താനുള്ള ബോധപൂർവ്വമായ നടപടികളായിരിക്കണം ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്. ഇന്നു നടക്കുന്ന വെടിവെയ്പ് ഓരോന്നിനെക്കുറിച്ചും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ലാത്തിചാർജ്ജിനെക്കുറിച്ചോ അതിൻെറ ഗുണദോഷത്തെക്കുറിച്ചോ ചർച്ച ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ഗവൺമെൻറ് ഒരുകാര്യം ചെയ്തിട്ടുണ്ട്, എവിടെവിടെയെല്ലാം വെടിവെയ്പു നടന്നിട്ടുണ്ടോ അവിടെയെല്ലാം പോലീസിൻെറ മർദ്ദനം സ്വൽപ്പം അധികമായിപ്പോയിട്ടുണ്ടെന്നു തോന്നിയിട്ടുണ്ടോ അവടെയെല്ലാം അന്വേഷണത്തിനുള്ള ഉത്തരവുകളും കൊടുത്തിട്ടുണ്ട്. ഈ അന്വേഷണ ഉത്തരവുകളെ സംബന്ധിച്ചും അപഹാസ്യമായി പൂജിച്ചു പറയുന്ന പ്രതിപക്ഷമാണ്. മറെറന്തു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നു പ്രതിപക്ഷം ഇതുവരെ ക്രിയാത്മകമായി ചൂണ്ടിക്കാണിച്ചിട്ടില്ല. പ്രതിപക്ഷത്തുനിന്ന് മറെറന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം അന്വേഷണത്തെക്കുറിച്ച് പോലീസിൻെറ ഭാഗത്തുനിന്ന് അധികം അക്രമം ഉണ്ടായിട്ടുണ്ടോ ഒഴിവാക്കാമായിരുന്നത് ഒഴിവാക്കിയിട്ടില്ലെങ്കിൽ പരിശോധിക്കുന്നതിനുള്ള മറെറന്തെങ്കിലും മാർഗ്ഗം പ്രതിപക്ഷത്തിൻെറ ഭാഗത്തുനിന്നുണ്ടായാൽ അതുതീർച്ചയായും ഗൗരവമായി ഗവൺമെൻറ് കണക്കിലെടുക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഈ ഗവൺമെൻറ് അച്യുതമേനോൻ ഗവൺമെൻറ് എൻെറ അഭിപ്രായത്തിൽ പിശാചിനും കടലിനും ഇടയ്ക്കാണ് നിൽക്കുന്നത്. സാഹസികമായ സമര മാർഗ്ഗത്തിലൂടെ രാജ്യത്താകമാനം

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഘർഷാവസ്ഥ സൃഷ്ടിക്കുന്നതിനാണു പ്രതിപക്ഷം ശ്രമിക്കുന്നത്. മാർക്സിസ്റ്റുപാർട്ടിയോടുള്ള ജനരോഷം ചൂഷണം ചെയ്ത് പ്രക്ഷോഭണത്തിന് ആഹ്വാനംചെയ്യുന്ന പ്രതിലോമശക്തികളും ഒരു വശത്ത്. ഈ രണ്ടു ശക്തികളുടെയും നടുക്കാണ് അച്യുതമേനോൻ ഗവൺമെന്റ് നിൽക്കുന്നത്. വളരെ ഗൗരവമായി ഈ സ്ഥിതിവിശേഷത്തെ കാണണം. പോലീസ് മർദ്ദനത്തിനെതിരായി വിവരിക്കുന്ന അവസരത്തിൽ ചില വസ്തുതകളും ഈ ആളുകളോടു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ സമ്മതിക്കുന്നുണ്ട്, ഒരുപക്ഷേ ഗവൺമെന്റ് സമ്മതിക്കുകയില്ലായിരിക്കാം, എന്നെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം സമ്മതിക്കാൻ തയ്യാറാണ്. സർ, ഇതെങ്ങനെയുണ്ടായി. ആരുടെ താല്പര്യത്തിനുവേണ്ടി ആരെ രക്ഷിക്കാൻവേണ്ടി എന്നു ഞാൻ ചോദിക്കുകയാണ്. കുടികിടപ്പുകാർക്ക് അവർ ഇന്ന് അനുഭവിക്കേണ്ടി വരുന്ന ദുരിതത്തെക്കുറിച്ച് പറയുന്നുണ്ട്. അവരോടുള്ള ആത്മാർത്ഥതകൊണ്ടോണോ പറയുന്നതെന്ന് ഞങ്ങൾക്കു സംശയമുണ്ട്. ഞാൻ അഭിപ്രായമൊന്നും എടുത്തുപറയുന്നില്ല. ഭൂപരിഷ്കരണ ഭേദഗതി നിയമം വന്ന അവസരത്തിൽ ഈ നിയമം പ്രാബല്യത്തിൽ വന്നപ്പോഴും ഈ നിയമം നടപ്പിലാക്കുന്നതിന് ഗവൺമെന്റുമായി സഹകരിക്കുന്നതിനുപകരം നിയമം കൈയിലെടുത്തുകൊണ്ട് ഒരുവിഭാഗം ആളുകളും, പ്രത്യേകിച്ച് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തിക്കാൻ തുടങ്ങി. കുടികിടപ്പുകാരന്റെ സ്ഥലം വളഞ്ഞുകെട്ടി കുറ്റിയടിച്ചു. അവിടംകൊണ്ടുനിന്നില്ല. പല സ്ഥലത്തും കുടികിടപ്പുകാരന്റെ അറിവോ സമ്മതമോ കൂടാതെ ഒരുസംഘം ആളുകൾ പറമ്പിലുള്ള നാളികേരം പിരിച്ച് പാർട്ടി ആഫീസിലേക്കു കൊണ്ടുപോകുന്ന സ്ഥിതിവിശേഷമുണ്ടായി. സ്വാഭാവികമായും ഈ അവസരം പാർത്തുകൊണ്ടിരുന്ന ഭൂ ഉടമകളും ഈ അവസരം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പോലീസിലേയ്ക്കു പരാതിപ്പെട്ടു. പോലീസ് കുടികിടപ്പുകാരന്റെ പേരിൽ കേസെടുത്തു. കുടികിടപ്പുകാരൻ അറിഞ്ഞുകൊണ്ടാണ് ഇത് ചെയ്തതെന്നുള്ള പേരിൽ ആ രീതിയിലുള്ള മൊഴി ഭൂവുടമകളും കൊടുത്തതിന്റെ പേരിൽ കുടികിടപ്പുകാർ സ്ഥലം വിട്ടിരിക്കുകയാണ്. പോലീസിനെ ഭയന്ന് സ്ഥലം വിട്ടിരിക്കുകയാണ്. ഭൂവുടമകളും പ്രതിലോമശക്തികളും ഈ അവസരമുപയോഗിച്ച് കുടികിടപ്പുകാരന് സ്ഥലം കൊടുക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ രണ്ടു കൂട്ടരും ഇതിനു തുല്യമായ പങ്കുള്ളവരല്ലേ? വാസ്തവത്തിൽ കുടികിടപ്പുകാരനുവേണ്ടി സമരം നടത്തുന്ന ആളുകളും ഈ കുടികിടപ്പുകാരെ എങ്ങനെ സഹായിക്കണമെന്ന് ആലോചിക്കണം. നാളികേരമിടുന്ന കേസിൽ പ്രതികളാക്കിയാൽ കുടികിടപ്പുകാരന് സഹായകമാകുമോ, മറിച്ച് കുടികിടപ്പുകാരന് അവന്റെ കൂടിൽ നിൽക്കുന്ന സ്ഥലത്തിന്റെ അവകാശം നേടിയെടുക്കാൻ അതിനെ പരിരക്ഷിക്കുന്നതിനുപകരം പോലീസിനെകൊണ്ട് വിരട്ടി ഓടിക്കുന്നതിനുള്ള രീതിയിലുള്ള അക്രമവാസന കുടികിടപ്പുകാരന് ഒരിക്കലും സഹായകമാകുകയില്ല. അതുപോലെതന്നെ ഇവിടെ നടന്ന വെടിവെയ്പ്പിന്റെ കാര്യത്തിൽ അടിയന്തിരപ്രമേയം വന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. പക്ഷേ അപകടപരമായ ഒരു പ്രവണത നമ്മുടെ രാഷ്ട്രീയതലത്തിൽ ഉയർന്നിട്ടുണ്ടെന്നവസ്തുത എല്ലാ രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റും ഗൗരവപൂർവ്വം ആലോചിക്കണം. നമ്മുടെ കേരളത്തിൽ പണ്ട് ഇതില്ലായിരുന്നു. രാഷ്ട്രീയമായി എന്തെല്ലാം അഭിപ്രായ സംഘട്ടനങ്ങളും ഉണ്ടായാലും ശരി തൊഴിൽ സമരങ്ങളുണ്ടായാലും ശരി എന്തിലും അന്തസോടും സംസ്കാരത്തോടും ഒരു പരിധിക്കുള്ളിൽ ഒതുങ്ങിനിന്നിരുന്നു. ഇന്ന് മറ്റൊരു പ്രവണത വളർന്നുവരുന്നുണ്ട്. തൊഴിൽ സമരങ്ങളിലും രാഷ്ട്രീയ സമരങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

തീവെയ്പും കൊള്ളയും ഇന്നു നടക്കുന്നുണ്ട്. മറ്റു പല സംസ്ഥാനങ്ങളിലും ഇതുണ്ടായിക്കൊണ്ടിരിക്കുന്നു സമ്മതിക്കുന്നു. സാമൂഹ്യ ദ്രോഹികളും ഈ സമരം, രാഷ്ട്രീയസമരത്തേയും തൊഴിലാളിസമരത്തേയും അവരുടെ ആവശ്യത്തിനുവേണ്ടി ഉപയോഗിച്ച് കുഴപ്പം സൃഷ്ടിച്ച് തീവെയ്പും കൊള്ളിവെയ്പും നടത്തി ഇന്നു നമ്മുടെ കേരളത്തിൽ ഭയങ്കരമായ പ്രവണത വളർന്നുവരുന്നുണ്ട്. ഞാൻ ചോദിക്കുകയാണ്, അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യാനുള്ള സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ അവകാശം ആർക്കും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ ഇവിടെ അവകാശം തീവെയ്പിലും കൊള്ളിവെയ്പ്പിലുമാണ്. അപ്പോഴാ പോലീസിന് പലപ്പോഴും ഇടപെടേണ്ടതായി വരും. അങ്ങനെ പോലീസ് ഇടപെടുമ്പോൾ പോലീസിനെ മാത്രം കുറ്റം പറയുന്നതുകൊണ്ട് കാര്യമില്ല. ആ സ്ഥിതിവിശേഷം ഒഴിവാക്കാൻ ശ്രമിക്കണമായിരുന്നു. പല സ്ഥലങ്ങളിലും തീവയ്പും നടന്നു. ഈ രാജ്യത്ത് ഉടനീളം പ്രകോപനവും സംഘർഷവും നിലനിറുത്തണമെന്നാഗ്രഹിക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും അതിന്റെ അനുയായികളും അത് ഇവിടെയും തുടങ്ങി. അതുതന്നെയും കഴിഞ്ഞ 31 മാസക്കാലത്തെ ഭരണംകൊണ്ട് കുറെയൊക്കെ ശ്വാസംമുട്ടി അടങ്ങിയിരുന്ന പ്രതിലോമശക്തികളും ഈ അവസരമുപയോഗിച്ച് അതിനെ മറിച്ചിടാൻ ശ്രമിക്കുകയും ചെയ്തതാണ് ഇന്നിവിടെ നടക്കുന്നത്.

ഏതെങ്കിലും ഒരു കർഷകൻ നടന്നുപോകുമ്പോൾ പുറകിൽകൂടിചെന്നു. ആ കർഷകനെ വെട്ടുക, പുറകിൽകൂടിചെന്ന് ആ കർഷകനെ മർദ്ദിക്കുക അതറിയുന്ന ഉടനെ അവസരംപാർത്തിരിക്കുന്ന ആളുകളും തിരിച്ച് പാവപ്പെട്ട കർഷകതൊഴിലാളി കുടുംബങ്ങളിലേയ്ക്കു കയറിച്ചെന്ന് മർദ്ദനം അഴിച്ചുവിടുക. ഈ സ്ഥിതിവിശേഷമാണ് നാട്ടിൽ ഇന്നുണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ചെകുത്താന്റെയും നടുക്കടലിന്റെയും ഇടയ്ക്കാണ് അച്യുതമേനോൻ ഗവൺമെന്റ് എന്ന്. ഈ സാഹസിക പ്രവർത്തനം മൂലം അരാജകത്വം സൃഷ്ടിക്കുന്ന ആളുകൾക്ക് അതിരില്ല. പോലീസ് മർദ്ദനത്തെസംബന്ധിച്ചു പറയുന്ന ആളുകളും സ്വാഭാവികമായി ഈ വസ്തുത കണക്കിലെടുക്കണം. ട്രാൻസ്പോർട്ട് സമരത്തിന്റെയും മറ്റു സമരങ്ങളുടെയും വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആസിഡ് ബോംബ് എറിഞ്ഞതാണോ സമരം? ഇതാണോ തൊഴിലാളിസമരത്തിന്റെ മാതൃക? ഈ സമരങ്ങളെല്ലാം എന്തിനുവേണ്ടി എന്നുള്ളതു നാം ആലോചിക്കേണ്ടിയിരിക്കുന്നു. പോലീസ് വകുപ്പുമന്ത്രിയുടെമേൽ ആസിഡ് ബോംബ് എറിയുന്നതു സമരമാണോ സർ? ഇത് സാഹസികരായ ആളുകളെ പ്രേരിപ്പിക്കുകയല്ലേ? എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ഗോപാലനും മറ്റു മാർക്സിസ്റ്റുപാർട്ടി നേതാക്കൻമാരും പറഞ്ഞു രാമസ്വാമിഅയ്യരുടെ അനുഭവം ശ്രീ. സി. എച്ച്. മുഹമ്മദുകോയയ്ക്കും ഉണ്ടാകുമെന്ന്. പരസ്യമായി പറഞ്ഞു. അതിന്റെ സൂചന എന്താണ്? അവ്യക്തമായ ഒരാഹ്വാനമല്ലേ അത്? സി. എച്ച്. മുഹമ്മദുകോയയെ ആക്രമിക്കുന്നതിനുള്ള അവ്യക്തമായ ഒരാഹ്വാനമല്ലേ മാർക്സിസ്റ്റു പാർട്ടിചെയ്തത്. അത് അനുസരണയുള്ള ഒരു പാർട്ടിപ്രവർത്തകനായ മാരാർ നേതാവിന്റെ ആഹ്വാനം പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. എന്നിട്ടു നേതാവുതള്ളിപ്പറയുന്നു. മട്ടന്നൂർ ട്രാൻസ്പോർട്ട് തീവെയ്പുണ്ടായി. എ. കെ. ഗോപാലൻ തള്ളിപ്പറയുന്നു. എത്രമാത്രം സംഭവങ്ങൾ ഇങ്ങനെ തള്ളിപറയേണ്ടിവരുമെന്നുള്ള വസ്തുതയും നാം ആലോചിക്കണം. വികാരങ്ങളെമാത്രം കണക്കിലെടുത്തുകൊണ്ട് വികാരപരമായി അനുയായികളെ കിട്ടാൻവേണ്ടി അശാസ്ത്രീയമായ, സാഹസികമായ സമരങ്ങൾ നടത്തി എന്തിനു അരാജകത്വം സൃഷ്ടിക്കുകയും സംഘർഷാവസ്ഥ നിലനിർത്തുകയും വേണം? ഇങ്ങനെയെല്ലാമുള്ള സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഗവൺമെന്റും

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണിത്. അതിരു കടന്ന പോലീസ് മർദ്ദനങ്ങളും ഉണ്ടാകാതിരിക്കാൻ പരമാവധി പരിശ്രമിക്കേണ്ടതാണ്. ഗവൺമെന്റിന്റെ നയം അതല്ല. ഗവൺമെന്റ് ഒരിക്കലും ഈ മർദ്ദനങ്ങളെ പ്രോൽസാഹിപ്പിക്കുകയില്ല എന്നെനിക്കറിയാം. പക്ഷേ ഈയവസരം ചൂഷണം ചെയ്യാൻ പ്രതിലോമ ശക്തികളും ശ്രമിക്കുമ്പോൾ അതു നാം നിരുൽസാഹപ്പെടുത്തണം; തടയണം, കർശനമായി തടയണം. അങ്ങനെ പ്രതിലോമശക്തികളേയും സാഹസികരെയും ഒരുപോലെ എതിർത്തു തോൽപ്പിച്ചുകൊണ്ട് ജനങ്ങളുടെ താൽപ്പര്യത്തിനു വേണ്ടി ഈ ഗവൺമെന്റു മുൻപോട്ടു പോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇന്ന് എല്ലാഭാഗത്തും ഉണ്ടായി കൊണ്ടിരിക്കുന്ന സമാധാനമില്ലാത്ത ഒരന്തരീക്ഷം എങ്ങനെ നിയന്ത്രിക്കാൻ സാധിക്കുമെന്നുള്ളതു പോലീസിന്റെ ഡിമാൻറിനെ സപ്പോർട്ടുചെയ്തുകൊണ്ട് ഏതാനും വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടനെതന്നെ വെടിവയ്പും ലാത്തിച്ചാർജും നടത്താതെ ഒരു ദിവസംപോലും ഈ ഗവൺമെൻറിനെ സൈ്വരമായി നിർത്തുകയില്ലെന്നുള്ള പ്രഖ്യാപനത്തോടുകൂടിയ വളരെ ശക്തിയായ ഒരു പ്രതിപക്ഷം ഇവിടെയുണ്ട്. ആ പ്രതിപക്ഷത്തിലെ നേതാക്കൻമാർ ദൈനംദിനം ഇത്തരത്തിലുള്ള പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ ഗവൺമെൻറിനു വെടിവച്ചിട്ടുമാത്രമേ ഭരിക്കാൻ സാധിക്കുകയുള്ളു എന്നുള്ള ഒരു സ്ഥിതി വിശേഷം ഉണ്ടാക്കിത്തീർക്കാനുള്ള ഒരു പരിശ്രമമാണ് നടത്തുന്നതെങ്കിൽ അതെങ്ങനെ തടയാൻ സാധിക്കുമെന്നു ഈ ഗവൺമെൻറു ചിന്തിക്കണം. നിത്യേന നിയമസഭ കൂടുമ്പോൾ വെടിവയ്പ്പിനെസംബന്ധിച്ച ഒരു അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിക്കുകയും അതിനെ തുടർന്ന് ബഹളങ്ങൾ സൃഷ്ടിക്കുകയും ഇറങ്ങിപ്പോകുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇല്ലാതാക്കിത്തീർക്കാൻ എങ്ങനെ പരിശ്രമിക്കണമെന്നു പരിശോധിക്കേണ്ടതാണ്. ഏതാനും ദിവസങ്ങൾക്കു മുൻപ് എന്റെ നിയോജകമണ്ഡലത്തിൽ പുറത്തൂർ ഭാഗത്ത് സഖാവ് ഏ. കെ. ഗോപാലൻ ഒരു പ്രസംഗം നടത്തുകയുണ്ടായി. ആ പ്രസംഗത്തിന്റെ പിന്നിൽ ജനങ്ങളെ മുഴുവൻതന്നെ പോലീസിന്റെ നേർക്കു തിരിച്ചുവിടുന്ന തരത്തിലുള്ള പ്രസംഗമായിരുന്നു. മാത്രമല്ല, കുടികിടപ്പുകാരന് നിയമപരമായി ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പരിശ്രമം അവൻ ചെയ്യുന്നതിനു പകരം അതൊന്നും ചെയ്യേണ്ട എന്നും ഓരോരുത്തരും താമസിക്കുന്ന ഭാഗം പത്തു സെൻറുവീതം വളച്ചുകെട്ടി അതു കൈവശപ്പെടുത്തുകയും അതിലുള്ള അനുഭവങ്ങൾ മുഴുവൻ എടുക്കുകയും വേണ്ടിവന്നാൽ——അപ്പുറത്തുള്ളതും ജൻമിയുടേതായാലും പാവപ്പെട്ടവന്റേതായാലും——മുഴുവനും കൈയേറി നാളികേരവും പറിച്ച് അതു വിറ്റുകിട്ടുന്ന കാശുകൊണ്ട് കേസ് നടത്തുകയും ചെയ്യുന്നതിന് ആഹ്വാനം നടത്തുകയായിരുന്നു ചെയ്തത്. അതിന്റെ പിന്നിൽ.....ഞാൻ രണ്ടുദിവസം മുൻപ് തിരൂർ പോകുകയുണ്ടായി. നൂറു കണക്കിനുള്ള ഹർജികൾ പോലീസിലേയ്ക്ക് വന്നിരിക്കുകയാണ്. പോലീസ് കൈയുംകെട്ടി ഒന്നുംചെയ്യാതെ നിൽക്കുന്നു. ജനങ്ങളിൽ ഭീതിയുള്ള സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ജനങ്ങളെ തങ്ങളിൽത്തങ്ങളിൽ സംഘട്ടനമുണ്ടാക്കാൻ വിടുകയാണെങ്കിൽ, പോലീസ് ഞങ്ങളൊന്നുമറിഞ്ഞില്ലെന്ന വിധത്തിൽ കാണാതെയോ കേൾക്കാതെയോ ഒതുങ്ങിനിൽക്കുകയാണെങ്കിൽ, സർ സ്ഥിതിഗതികൾ കൂടുതൽ വഷളായിത്തീരും. അങ്ങനെ സ്ഥിതിഗതികൾ കൂടുതൽ വഷളായിത്തീരും; സമാധാനം പാലിക്കാൻ സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിത:സ്ഥിതിവരും. അങ്ങനെയുള്ള പരിത:സ്ഥിതിവന്നാൽ എന്തു സംഭവിക്കുമെന്നു നാം ചിന്തിക്കണം. ഇത് നാട്ടിന്റെ എല്ലാഭാഗത്തും നടക്കുകയാണ്. കൊയ്യാറായ കൃഷിയിൽ പെട്രോൾ ഒഴിച്ച് തീവയ്ക്കുക, വളരെ പാടുപെട്ട്, ബദ്ധപ്പാടോടുകൂടി ഉണ്ടാക്കിയ കൃഷിയനുഭവങ്ങൾ കൊയ്യാൻ പോകുന്ന സമയത്ത് തീകൊടുക്കുക; ഈ സ്ഥിതി വിശേഷം ആണു ഉണ്ടാകാൻ പോകുന്നതെങ്കിൽ എങ്ങനെ ഇക്കാര്യങ്ങൾ നടത്താൻകഴിയും? അതു കൊണ്ട് ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ശ്രീ. ബേബി ജോൺ പറഞ്ഞമാതിരി 'ആഴക്കടലിന്റെയും ചെകുത്താന്റെയും നടുവിൽ' നിന്നുകൊണ്ട് ഗവൺമെന്റു മുന്നോട്ടു പോകുകയാണ്. ഈ സ്ഥിതിവിശേഷം എങ്ങനെ തരണം ചെയ്യാൻ കഴിയും എന്നു ഗഹനമായി ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. 24 മണിക്കൂറും ജോലിചെയ്യേണ്ട ഒരു വിഭാഗമാണ് പോലീസ് വിഭാഗം. അവരെസംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റോ വകുപ്പുമേധാവിയോ ശരിയായി ചിന്തിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടതാണ്. ഏത് ആപത്തിലും ഇയാംപാറയെപ്പോലെ വീഴേണ്ടവരാണ് പോലീസുകാർ. അവർക്കാവശ്യമായ സംരക്ഷണം ലഭിക്കുന്നില്ലെന്ന പരാതി അവരിൽ ഇന്നുണ്ട് സർ. ഞാൻ ദീർഘമായി അക്കാര്യത്തിലേക്ക് കടക്കുന്നില്ല. ഏതായിരുന്നാലും ഇത്തരം സ്ഥിതിവിശേഷം ഇല്ലാതാക്കാനും ലാ ആൻഡ് ഓർഡർ സിറ്റുവേഷൻ ന്യായമായി നടപ്പിലാക്കാൻ തയ്യാറുള്ള പോലീസുദ്യോഗസ്ഥൻമാർക്ക് ആവശ്യമായ സംരക്ഷണം നൽകാനും അതുവഴി ആക്രമണകാരികൾക്ക് കടിഞ്ഞാണിട്ടുനിർത്താനും ഗവൺമെന്റ് ശക്തിയായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പോലീസുകാർക്കാവശ്യമായ വിധത്തിലുള്ള ടി. എ. കൊടുക്കുന്നില്ല, പാർപ്പിടസൗകര്യം ഇല്ല. അവർക്കു സംഘടിക്കാനുള്ള സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ട് അവരുടെ കാര്യങ്ങൾ കേൾക്കാൻ ആളില്ലെന്ന പരാതിയുണ്ട്. അതുകൊണ്ട് വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ അവരെസംബന്ധിച്ചിടത്തോളം ഗൗനിക്കണം. എനിക്ക് ഇക്കാര്യത്തിൽ അഭിപ്രായം പറയാനുണ്ട്. ജില്ലാലവലിൽ അഭിപ്രായം വെൽഫയർ കമ്മിറ്റികളുണ്ടാക്കുക. എം. എൽ. എ.മാരും പോലീസ് അധികാരികളും ഉൾപ്പെടെയുള്ള വെൽഫയർ കമ്മിറ്റികളുണ്ടാക്കി ഓരോ ജില്ലയിലെയും പോലീസുകാരെസംബന്ധിച്ചിടത്തോളം അവരുടെ പരാതികളെസംബന്ധിച്ചിടത്തോളം ആവശ്യമായ കാര്യങ്ങൾ നടത്താൻ ഈ കമ്മിറ്റികൾക്കു സാധിക്കണം. അതു ഗവൺമെന്റു പരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇന്നുതന്നെ മിക്കസ്റ്റേഷനുകളിലും കോൺസ്റ്റബിൾസ് വേണ്ടതുപോലെയില്ല. നൂറു കേസ്സുകളിലധികമുള്ള സ്ഥലങ്ങളിൽ ഒരു സബ് ഇൻസ്പെക്ടർക്കു മാത്രം അന്വേഷണം നടത്താൻ സാധ്യമല്ല. അവിടെ അഡിഷണൽ സബ് ഇൻസ്പെക്ടർ വേണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. പിന്നെ പോലീസ്മെൻ ഇല്ല. രണ്ടായിരത്തിലധികം ജനസംഖ്യയുള്ള സ്ഥലത്ത് ഒരു പോലീസുകാരൻ എന്ന തോതിൽ തോത് വർദ്ധിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇതെല്ലാം പറഞ്ഞുകൊണ്ട് ഞാൻ ഇന്നു നമ്മുടെ സെക്രട്ടറിയേറ്റിന്റെ പടിക്കൽ നടക്കുന്ന സമര മുറകളിലേയ്ക്ക് ഗവൺമെന്റിന്റെ ശ്രദ്ധ തിരിച്ചുവിടാൻ ആഗ്രഹിക്കുകയാണ്. സർ, ഭൂ നിയമം നടപ്പിലാക്കാൻ ബാധ്യതപ്പെട്ട ഡിപ്പാർട്ടുമെന്റിലെ നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റുദ്യോഗസ്ഥൻമാർ ഗവൺമെന്റു നടപടികൾ നടത്തിക്കൊണ്ടിരിക്കുന്ന ഫീൽഡിലെ ഉദ്യോഗസ്ഥൻമാർ ഇന്നു സെക്രട്ടറിയേറ്റിന്റെ നടയിലാണ്. അവരുടെ കാര്യങ്ങൾ 1968 ജാനുവരിയിൽ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സമരം അവർ മാറ്റിവയ്ക്കുകയുണ്ടായി. 1968—നുശേഷം രണ്ടുകൊല്ലം കഴിഞ്ഞു. അവർക്ക് അന്നു ചെയ്യാമെന്നു പറഞ്ഞിരുന്ന, സാമ്പത്തികബാധ്യതയില്ലാത്ത കാര്യങ്ങൾതന്നെ സർക്കാർ ചെയ്തിട്ടില്ലെന്നാണ് അവരുടെ ഇപ്പോഴത്തെ പരാതി. കേരളത്തിലെ ആകെയുള്ള വില്ലേജുദ്യോ

LIBRARY ARCHIVES Kerala Legislative Assembly

ഗസ്ഥൻമാർ ഓരോ ജില്ലയിലെയും പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഇവിടെ വന്നിരിക്കുകയാണ്. ഏഴായിരത്തിൽ പരം വരുന്ന വില്ലേജുദ്യോഗസ്ഥൻമാരുടെ പ്രശ്നങ്ങൾ, സാമ്പത്തിക ബാധ്യതയില്ലാത്തവ—എന്തുകൊണ്ട് ഈ സർക്കാരിനു ചെയ്തു കൊടുത്തുകൂടാ? സാമ്പത്തിക ബാധ്യതയുള്ളവ ചെയ്യണമെന്ന് അവരും ആവശ്യപ്പെടുന്നില്ല. എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത് സെക്രട്ടറിയേറ്റു തലത്തിൽ ഉള്ള ഉദ്യോഗസ്ഥൻമാരുടെ മർക്കടമുഷ്ടിയാണ് അവരുടെ വിഷമത്തിനു കാരണം. റവന്യൂ സെക്രട്ടറി അവരുടെ ആവശ്യങ്ങളെസംബന്ധിച്ചിടത്തോളം ഈയിടെ നടത്തിയ ഒരു കോൺഫറൻസിൽ യാതൊരു അനുകൂലമായ നടപടിയും സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല 1968—ൽ നടപ്പിലാക്കാമെന്നേറ്റിരുന്ന, നടപ്പിലാക്കാൻ ഇന്നവർ ആവശ്യപ്പെട്ടതുവരെ ഗൗനിക്കാതിരിക്കയാണെന്നാണ് പരാതി. അടിയന്തിരമായി ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം ഗവൺമെൻറ് ഗൗനിക്കണം. അതുപോലെതന്നെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ ഇന്നു സമരമുറകളുമായി നിൽക്കുകയാണ്. അതവസാനിപ്പിക്കുന്നതിനുള്ള പരിശ്രമം ഗവൺമെൻറിൽ നിന്നും ആത്മാർത്ഥമായി നടത്തുമെന്നു വിശ്വസിക്കുന്നു. അനേകം വെടിവയ്പ്പുകളും ലാത്തിച്ചാർജുകളും ഒരു ഭാഗത്തു നടക്കുമ്പോൾ വർദ്ധിക്കുന്ന സമരമുറകളുമായി തലസ്ഥാന നഗരിയിലേയ്ക്ക് ആളുകളെ വരുത്തുന്ന പരിപാടി ഗവൺമെൻറു ഭാഗത്തുനിന്നും ഇല്ലാതാക്കുന്നതിനുള്ള പരിശ്രമം നടക്കേണ്ടതാണ്. ഈ രണ്ടു പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം ഇത്രമാത്രമേ പറയാനുള്ളു.

ഇനി ഇറിഗേഷനെസംബന്ധിച്ചിടത്തോളമാണ്. ഇറിഗേഷൻ നടപ്പിലാക്കുന്നതിന്, ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് നമുക്ക് ആവശ്യമായ പണം ഇല്ലെന്നാണു പറയുന്നത്. ഫാമിൻ റിലീഫിൽ പെടുത്തിക്കൊണ്ട് മറ്റു സംസ്ഥാനങ്ങൾക്ക് കേന്ദ്രഗവർമ്മെൻറിൽനിന്നും ലഭിച്ചിട്ടുള്ള വിഹിതം ധാരാളമാണ്. നമുക്കു കിട്ടിയ വിഹിതം തീരെ അപര്യാപ്തമാണെന്നു പരാതിയുണ്ട്. നാം യഥാസമയം കേന്ദ്രഗവർമ്മെൻറിനോട് നിവേദനം നടത്താത്തതുകൊണ്ടോ നമ്മുടെ സംസ്ഥാനത്തോട് ഒരു ചിറ്റമ്മനയം കൈക്കൊണ്ടിട്ടോ നമുക്ക് ആവശ്യമായ പണം കിട്ടിയിട്ടില്ലെന്നുള്ളതാണ് പരാതി. വാസ്തവത്തിൽ ഫാമിൻ റിലീഫിൻപെടുത്തി റോഡ് വർക്ക് എല്ലാം ചെയ്തിരുന്നത് ഇന്നു മുടങ്ങിക്കിടക്കുകയാണ്. നമ്മുടെ കൃഷി വിഭവങ്ങൾ വർദ്ധിപ്പിക്കാൻ സഹായകമാണല്ലോ ഇറിഗേഷൻ പദ്ധതികൾ. ഈ പദ്ധതികൾക്കാവശ്യമായ തുക ലഭിക്കുന്നില്ലെന്നു മാത്രമല്ല സ്കോപിൽ ഓവർവർക്കിനുപോലും പണമില്ലാത്തതുകൊണ്ട് മുഴുവൻ വർക്കുകളും മുടങ്ങിക്കിടക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം ഗവൺമെൻറു പരിശോധിക്കണം. ഞാൻ പലപ്പോഴും എന്നല്ല എല്ലാ ഡിമാൻറുകളുടെയും അവസരത്തിൽ ഊന്നിപറയുന്ന മാതിരി സർക്കാർ പൊന്നുംവിലയ്ക്ക് എടുക്കുന്ന ഭൂമിയുടെ വിലയുടെ കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ എടുക്കുന്ന നയം തിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഈ ഡിമാൻറിൻെറ ഒരു സിംഹഭാഗവും കോടതിവിധികളെ മാനിക്കാൻ സംഖ്യ വകയിരുത്താൻവേണ്ടിയാണ്. ഇത് ആവർത്തിച്ചാവർത്തിച്ച് എല്ലാവർഷവും പറഞ്ഞാലും എന്തെങ്കിലും മാറ്റം വരുത്താൻ ഇതുവരെയും ഗവൺമെൻറു പരിശ്രമിച്ചിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. മേലാലെങ്കിലും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം അടിയന്തിരമായ പരിശോധന നടത്തി കൂടുതൽ തുക കോടതികളെ സമീപിച്ചാൽ പൊന്നും വില ഭൂമികൾക്ക് ലഭിക്കുമെന്നുള്ള പ്രവണത ഇല്ലാതാക്കാനും അനാവശ്യമായ കൂടുതൽ കേസ്സുകൾ ഒഴിവാക്കാനും വേണ്ടി സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സപ്ലിമെൻററി ഡിമാൻഡിൽ അധികവും ഇക്കാര്യങ്ങൾക്കുവേണ്ടിയാണ്. പിന്നെ എലക്ഷനെസംബന്ധിച്ചിടത്തോ

LIBRARY ARCHIVES Kerala Legislative Assembly

ളം അഡിഷണൽ സ്റ്റാഫ് നിയമിച്ചതുകൊണ്ടാണ്. വാസ്തവത്തിൽ വോട്ടർ പട്ടിക തയ്യാറാക്കിയത്, അതിനുശേഷം അവർക്കു കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൽ പ്രയാസമുണ്ടെന്നാണ് മിക്ക താലൂക്ക് അധികാരികളിൽനിന്നും കിട്ടിയിട്ടുള്ള വിവരം. ഇത് അച്ചടിക്കുന്ന സമയത്ത് ആ ബുദ്ധിമുട്ടുകളും എന്താണെന്നു പരിശോധിച്ച് വളരെ വേഗത്തിൽ ആ പട്ടിക അച്ചടിച്ച് വിതരണം ചെയ്യണം. വോട്ടർ പട്ടികയിൽനിന്നും വിട്ടുപോയിട്ടുള്ള ആളുകൾക്ക് ഇനിയും മെമ്പറായി ചേരാനുള്ള സാവകാശം കൂടികിട്ടാനുള്ള നടപടി കൂടി ഗവൺമെൻറു ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഈ ഡിമാൻറുകളെ എല്ലാം ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സ്പീക്കർ സർ, ഇന്ന് ഈ ഉപധനാഭ്യർത്ഥനകളുടെ ചർച്ചാവേളയിൽ സഭയുടെ പല ഭാഗത്തുനിന്നും ഉന്നയിക്കപ്പെട്ട എല്ലാ വിമർശനങ്ങൾക്കും ഞാൻ മറുപടി പറയാനുദ്ദേശിക്കുന്നില്ല. ഏറ്റവും പ്രധാനമായ ഒന്നുരണ്ടു വിഷയങ്ങളെ പരാമർശിച്ചു ഏതാനും വാക്കുകൾ പറയണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ഇന്ന് ഈ ഗവൺമെൻറിൻെറ കീഴിൽ നടത്തപ്പെട്ടുവരുന്നു എന്നു പറയപ്പെടുന്ന പോലീസ് മർദ്ദനത്തെസംബന്ധിച്ചാണ്. നിർഭാഗ്യവശാൽ പ്രധാന പ്രതിപക്ഷം ഞാൻ ഈ മറുപടി പറയുന്ന അവസരത്തിൽ ഈ സഭയിൽ ഹാജരില്ല എന്നുള്ള വസ്തുത ഞാൻ ഓർക്കുകയാണ്. എനിക്ക് പറയാനുള്ള കാര്യങ്ങൾ അവരുകൂടി കേൾക്കണമെന്നു ആഗ്രഹമുണ്ടായിരുന്നു. തീർച്ചയായും ഒരു ഇറങ്ങിപ്പോക്കു നടത്താനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്, അതിൽ എനിക്ക് പരാതിയില്ല. പക്ഷേ ഇന്നു ഇങ്ങനെയൊരു സാഹചര്യത്തിൽ സംസാരിക്കേണ്ടിവന്നതിലുള്ള വിഷമം പറഞ്ഞു എന്നേയുള്ളു. ഏതായിരുന്നാലും ഈ നിയമസഭയിലുള്ള ആളുകൾ മാത്രമല്ല ഈ രാജ്യത്തുള്ള ആളുകൾ എല്ലാംതന്നെ ഗവൺമെൻറിൻെറ ഇതുസംബന്ധിച്ചുള്ള നയം എന്താണെന്നറിയാൻ കൗതുകമുള്ളവരായിരിക്കുമെന്നുള്ളതുകൊണ്ട് അവരെക്കൂടി ഉദ്ദേശിച്ചുകൊണ്ട് ഞാൻ ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. തീർച്ചയായും പോലീസിനു ബലപ്രയോഗം നടത്തേണ്ടിവരുന്നു, അതിൻെറ ഫലമായി ആളുകൾ മരിക്കാൻ ഇടയാകുന്നു അല്ലെങ്കിൽ പരുക്കേൾക്കാൻ ഇടയാകുന്നു എന്നുള്ള കാര്യത്തിൽ ഗവൺമെൻറിനു പൊതുവേയും മന്ത്രിമാരായിട്ടുള്ള ഞങ്ങൾക്ക് പ്രത്യേകിച്ചും അതുപോലെതന്നെ ഭരണകക്ഷിയിലുള്ള ആളുകൾക്കും എല്ലാം എല്ലാംതന്നെ ഖേദമുണ്ട്. അത് ഒരു മാനുഷിക വികാരം മാത്രമാണ്. അങ്ങനെയുള്ള മാനുഷികവികാരംപോലും ഇല്ലാത്ത ആളുകളാണ് ഇപ്പുറത്തിരിക്കുന്നതെന്നു അതിന് ശക്തിയായ പ്രചാരവേല മറുഭാഗത്തുനിന്നും നടക്കുന്നു. സർ, എനിക്കു പറയാനുള്ളത് ഈ രാജ്യത്തെ പൗരൻമാരുടെ ജീവൻ വിലപ്പെട്ടതാണ്. അതിൽ ആരുടെയെങ്കിലും ജീവൻ നഷ്ടപ്പെടുകയെന്നു വച്ചാൽ അതു വേദനയുള്ള ഒരു കാര്യമാണ്. ശ്രീ. രാമുണ്ണി പറഞ്ഞതുപോലെ ഒരാൾ ജനിച്ചാൽ ഒരിക്കൽമാത്രമേ ജീവിക്കാനുള്ള അവസരമുള്ളു. പുനർജൻമസിദ്ധാന്തത്തിൽ വിശ്വസിക്കുന്നവർക്ക് മറിച്ചും അഭിപ്രായം ഉണ്ടായിരിക്കും. പക്ഷേ സാധാരണനിലയിൽ ഒരു ജീവിതംമാത്രമേ ഉള്ളു. അതു വളരെ വിലപ്പെട്ട കാര്യമാണ്. അതിനെ മാനിക്കും. പക്ഷേ സർ, എനിക്ക് അതിനെസംബന്ധിച്ചു പറയാനുള്ളത്, ആ മരിക്കുന്ന ആളുകൾ പ്രതിപക്ഷത്തുള്ളവരോ അല്ലെങ്കിൽ ഭരണകക്ഷിയിലുള്ളവരോ തൊഴിലാളികളോ അല്ലെങ്കിൽ കൃഷിക്കാരോ എന്നു നോക്കിയിട്ടുമാത്രം അതിനെസംബന്ധിച്ചുള്ള ദു:ഖം പ്രകടിപ്പിക്കുകയോ അല്ലെങ്കിൽ ദു:ഖം വരുത്തുകയോ അല്ലെങ്കിൽ ഭാവിക്കുകയോ ചെയ്യുകയെന്നു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത് എന്നെസംബന്ധിച്ചിടത്തോളം വളരെ വിഷമമുള്ള ഒരു കാര്യ
മാണ്. ഞാൻ ഇപ്പോഴും ഓർക്കുകയാണു സർ. അതുകൊണ്ടുതന്നെയാണ്
പ്രതിപക്ഷത്തെ ആളുകളും ഇവിടെ ഇല്ലാത്തതിൽ ഞാൻ ഖേദം പ്രകടിപ്പി
ച്ചത്. ഈ ഗവൺമെൻറ് ഭരിക്കുന്ന അവസരത്തിൽ, എല്ലാ ഗവൺമെൻറുകളും
ഭരിക്കുന്ന അവസരത്തിൽ വെടിവയ്പ്പുകളും ലാത്തിച്ചാർജുകളും ഒക്കെ ഉണ്ടാ
കേണ്ടിവന്നിട്ടുണ്ട്. അതെല്ലാം ആരെങ്കിലും വളരെ സന്തോഷത്തോടുകൂടി
വളരെആവേശത്തോടുകൂടി ചെയ്യുന്നതാണെന്ന് എനിക്ക് അഭിപ്രായമില്ല.
പണ്ടു നമ്മൾ കേട്ടിട്ടുണ്ട്. റോമാനഗരം വെന്തെരിയുമ്പോൾ നീറോ ചക്രവർത്തി
വീണ വായിക്കുകയായിരുന്നു എന്ന്. അങ്ങനെയുള്ള ഭരണാധികാരികൾ
ഇന്നത്തെ യുഗത്തിൽ ഉണ്ടോയെന്ന് എനിക്ക് അറിയില്ല, ഉണ്ടായിരിക്കാം.
വല്ല സ്ഥലത്തും അങ്ങിനെയുണ്ടോ എന്നറിയില്ല. ഏതായാലും കേരളത്തിൽ
ഇല്ലെന്നാണ് എൻെറ ദൃഢമായ വിശ്വാസം. ഈ ഗവൺമെൻറ് വിശേഷിച്ചും
അങ്ങിനെയല്ലെന്ന് പറയേണ്ട കാര്യമില്ല. 57—ൽ ഉണ്ടായ ഗവൺമെൻറും
അതു കഴിഞ്ഞുവന്ന പല ഗവൺമെൻറുകളും അവരുടെ കാലത്തും ലാത്തിച്ചാർജു
കളും നടന്നിട്ടുണ്ട്. വെടിവയ്പ്പുകളും നടന്നിട്ടുണ്ട്. നഷ്ടനഷ്ടം സംഭവിച്ചിട്ടുണ്ട് പാവ
പ്പെട്ട ആളുകളുടെ നിരപരാധികളുടെ നിർദ്ദോഷികളുടെ ഒരുരാഷ്ട്രീയവുമില്ലാ
ത്തവരുടെ അങ്ങനെ പലരുടേയും വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. എനിക്കും
അതിൽ ഉത്തരവാദിത്വമുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകളും ഇന്നാരോ ഒരു ദിവസം
സൂചിപ്പിക്കുകയുണ്ടായി, 57 ലെ വെടിവയ്പ്പിനെ സംബന്ധിച്ചു പറയുക
യുണ്ടായി. അതിന് ഉത്തരവാദി ഞാനായിരുന്നു എന്ന്. സർ, ധാർമ്മിക
മായിട്ട് എനിക്കുള്ള ഉത്തരവാദിത്വം ഇല്ലെന്ന് പറയാനുള്ള ആണത്തരമില്ലായ്മ
എനിക്കില്ല. ആ ഗവൺമെൻറിൽ ഒരു മന്ത്രിയെന്ന നിലയ്ക്ക് എനിക്കും
അന്ന് ആ മന്ത്രിസഭയിൽ അംഗമായിരുന്ന എല്ലാ ആളുകൾക്കും അതിനെ സംബ
ന്ധിച്ചിടത്തോളം ഉത്തരവാദിത്വമുണ്ടായിരുന്നു. ധാർമ്മികമായിട്ട്. ഞാൻ
ഇത് ചെയ്യിച്ചു എന്ന അർത്ഥത്തിലല്ല. ഒരു ഗവൺമെൻറിൽ ഇരുന്ന
അവസരത്തിൽ തീർച്ചയായിട്ടും എനിക്കും അതിൽ ഉത്തരവാദിത്വമുണ്ട്. അന്ന്
അങ്കമാലിയിൽ മരിച്ച ഔസേപ്പ് അതുപോലെതന്നെ ഇവിടെ വലിയതുറയിൽ
മരിച്ച ഫ്ളോറി—ഫ്ളോറി ഗർഭിണിയായിരുന്നു. ഇവരെല്ലാം കുറ്റക്കാരായി
രുന്നു എന്ന അഭിപ്രായം എനിക്കില്ല. ഗർഭിണിയായ ഫ്ളോറി മരിച്ചതിൽ
ദു:ഖ നമുക്കുണ്ട്. ചന്ദനത്തോപ്പിൽ വെടിവയ്പ്പ് നടന്നു. അവിടേയും ആളു
കളും മരിച്ചു. മൂന്നാറിൽ പാപ്പമ്മാരും മരിച്ചു. ഞങ്ങളുടെ സ്വന്തം
പാർട്ടിയിലെ ആളുകളും തന്നെ മരിച്ചു. അപ്പോഴും ഏതു പാർട്ടിയിലുള്ള
ആളുകളാണെന്ന് നോക്കിയില്ല. ദു:ഖം പാവപ്പെട്ട മനുഷ്യരുടെ
നിപരാധികളുടെ ജീവൻ കുരുതികൊടുക്കുന്നല്ലോ എന്നോർത്തിട്ടാണ്
ദുഃഖം. ഇപ്പോഴും അതുതന്നെയാണ്. ഇപ്പോഴും തീർച്ചയായിട്ടും കൈനകരി,
കൈതോട്ടുശേരി, ചേർത്തല മുതലായ സ്ഥലങ്ങളിലെല്ലാം വെടിയേറ്റ് മരി
ച്ചത് പാവപ്പെട്ട ആളുകളുംതന്നെയാണ്. ഈ നാട്ടിൽ കൃഷിക്കാർ മാത്രമല്ല
അങ്ങനെയുള്ള ആളുകളൊക്കെത്തന്നെയാണ് മരിക്കുന്നത്. പോലീസിൻെറ
വെടിയേറ്റ് ആളുകളും മരിക്കുന്നതിൽ നമുക്ക് ദു:ഖമുണ്ട്. ഈ രാജ്യത്തെ
എല്ലാ ആളുകൾക്കുമുണ്ട്. അതുപോലെതന്നെ ബസ് കത്തിച്ച് ആളുകളെ
കത്തിച്ചു കൊന്നു. അതിലും അപാരമായിട്ടും ദു:ഖമുണ്ട്. അവരും പാവ
പ്പെട്ട ആളുകളുംതന്നെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ
രാളെ സംബന്ധിച്ച് ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. അയാളും
പർണ്ണത്തൊഴിലാളിയാണ്. അരിയും മരുന്നും ഒക്കെ വാങ്ങിച്ചുകൊണ്ട്
ാത്ര ചെയ്തിരുന്ന ആളാണ്. അതുകുഞ്ഞുങ്ങൾക്ക് വച്ചുകൊടുക്കാൻ
വണ്ടിയെങ്കിലും വീടുകാണാൻ സാധിച്ചില്ല. അതുകൊണ്ട് ഞാൻ പറയു
ന്നത് ഇങ്ങനെയുള്ള ദു:ഖകരമായിട്ടുള്ള സംഭവങ്ങളും ഒഴിവാക്കാൻ നാം
ന്തുചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് നമ്മൾ കൂട്ടമായിട്ട് ആലോചി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതാണ്. ഗവൺമെൻറ് തീർച്ചയായിട്ടും ഗവൺമെൻറിൻെറ കീഴിലുള്ള പോലീസുകാർ അതിരുകവിഞ്ഞ് അക്രമം പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അനാവശ്യമായിട്ടുള്ള അക്രമം പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അത് ഒരിക്കലും പൊറുക്കുകയില്ല. അതിന് നിയമപരമായിട്ടുള്ള കഠിനമായിട്ടുള്ള ശിക്ഷയുണ്ടാകുമെന്ന് ഉറപ്പു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ അതേ സമയത്ത് തന്നെ അതിന് ഒരു ഉദാഹരണം എൻെറ സ്നേഹിതൻ ശ്രീമാൻ ബേബിജോണും മറ്റു പല സ്നേഹിതൻമാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെൻറ് വന്ന അന്നേ ദിവസം മുതൽ തുടങ്ങി ഇത് ഒരു ഗവൺമെൻറല്ല, ഇത് ഒരു ഗവർണ്ണറും അദ്ദേഹത്തിൻെറ ഉപദേശകൻമാരും ചേർന്നുള്ള ഭരണമാണെന്ന് പറഞ്ഞുകൊണ്ട് ഒരു ദിവസം പോലും വെടിവയ്പ്പിക്കാതെയും ലാത്തിച്ചാർജ് ചെയ്യിക്കാതേയും ഭരിക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട് പ്രതിപക്ഷപാർട്ടി അതും പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയെപ്പോലെ ജനങ്ങളുടെ ഇടയിൽ സ്വാധീനമുള്ള ഒരു പാർട്ടി ജനസ്വാധീനമുണ്ടെന്നുള്ളത് സമ്മതിച്ചുകൊടുക്കാൻ എനിക്ക് യാതൊരുമടിയുമില്ല—അവർക്ക് ജനസ്വാധീനമുണ്ട്. അവർക്കുമാത്രമേ ജനസ്വാധീനമുള്ളൂ എന്ന് അവർ വിചാരിക്കരുത്. അങ്ങനെ വിചാരിച്ചാൽ നമ്മുടെ രാജ്യത്ത് ഇങ്ങനെയുള്ള അനിഷ്ട സംഭവങ്ങൾ സൃഷ്ടിക്കപ്പെടും. അവിടെ പോലീസ് ബലപ്രയോഗംചെയ്യേണ്ടിവരും. അങ്ങനെ പരിക്ക് ഏൽക്കും, ചിലപ്പോൾ ജീവൻതന്നേയും—നമ്മൾ ആഗ്രഹിക്കാത്ത കാര്യമാണെങ്കിലും സംഭവിച്ചുപോകും. അത് മനസ്സിലാക്കണമെന്നേ എനിക്ക് അവരോട് അഭ്യർത്ഥിക്കുവാനുള്ളൂ. അങ്ങനെയാണെങ്കിൽ ആവശ്യത്തിൽ കവിഞ്ഞ് ബലം പ്രയോഗിച്ചിട്ടുണ്ടോ, അനാവശ്യമായിട്ട് ബലമുപയോഗിച്ചിട്ടുണ്ടോ വ്യക്തി വൈരാഗ്യം തീർക്കാൻ ഉദ്യോഗസ്ഥൻമാർ അധികാരമുപയോഗിച്ചിട്ടോ അല്ലെങ്കിൽ സ്ഥാപിത താൽപ്പര്യക്കാർക്ക് അനുകൂലമായിട്ട് ഈ സാഹചര്യം ചൂഷണം ചെയ്തിട്ടുണ്ടോ എന്നൊക്കെ പരിശോധിക്കാം. അതുകൊണ്ടുതന്നെയാണ് ഗവൺമെൻറ് വെടിവയ്പ്പ് നടന്നിട്ടുള്ള സ്ഥലങ്ങളിലെല്ലാം തന്നെ മനുഷ്യൻെറ ജീവൻ വിലപ്പെട്ടതാണെന്ന ബോധ്യത്തോടുകൂടി ജൂഡീഷ്യൽ അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്തത്. ആ അന്വേഷണത്തിൻെറ അടിസ്ഥാനത്തിൽ അവർ, ജഡ്ജിമാർ പറയുന്ന അഭിപ്രായത്തെ മാനിച്ചുകൊണ്ട് നടപടിയെടുക്കാം. ഇതാണ് പരിഷ്കൃതമായിട്ടുള്ള ഒരു ഗവൺമെൻറിന് ജനാധിപത്യപരമായിട്ടു പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന കാര്യം. അത് ചെയ്യാമെന്ന് ഈ ഗവൺമെൻറ് ഉറപ്പു പറഞ്ഞിട്ടുണ്ട്. ഇതിൽ കൂടുതൽ ഈ ഗവൺമെൻറിന് എന്തുചെയ്യാൻ സാധിക്കുമെന്ന് എനിക്ക് അറിഞ്ഞുകൂടാ.

ഇപ്പോൾ ചില ആളുകൾ പറയുന്നത് ഈ അന്വേഷണം വെള്ള പൂശാനുള്ള അന്വേഷണമാണെന്നാണ്. അങ്ങനെ പറഞ്ഞാൽ എന്താണ് ചെയ്യുകയെന്ന് എനിക്ക് അറിവില്ല. ഇതിന് മുൻപ് ഇരുന്ന ഗവൺമെൻറിൻെറ കാലത്തും തൊഴിലാളികളുടെ മാത്രം ഗവൺമെൻറാണെന്ന് പറഞ്ഞ ഗവൺമെൻറിൻെറ കാലത്തും കുറെ വെടിവയ്പ്പുകളൊക്കെ നടന്നു. ചില അന്വേഷണങ്ങളുമൊക്കെ നടന്നു. ചിലതൊക്കെ അന്വേഷണം നടക്കുന്നു. ഇപ്പോഴും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതും വെള്ള പൂശാനുള്ളതാണ്. ഇതും വെള്ള പൂശാനുള്ളതാണ്. ഒക്കെ വെള്ള പൂശാനുള്ളതാണ് എന്നൊക്കെ പറഞ്ഞാൽ അതിനെ സംബന്ധിച്ച് ഗൗരവമായിട്ട് സംസാരിക്കേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്നു മാത്രമല്ല, ആ അന്വേഷണങ്ങളോട് നിസ്സഹകരിക്കുകയെന്ന ഒരു നിലപാടുപോലും പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ സ്വീകരിച്ചത് വളരെ ഖേദകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ നിശ്ചയിക്കുന്ന ജുഡീഷ്യൽ ഉദ്യോഗസ്ഥൻമാർ അവരെല്ലാം ഞങ്ങളുടെ ശമ്പളക്കാരാണ് എന്നൊക്കെ പറയുകയാണ്. എന്നാൽ അവർക്ക് അവരുടെ ഇഷ്ടം പോലെ അഭിപ്രായം പറയാം. അവർക്ക് ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിനോട് യാതൊരു ബാദ്ധ്യതയുമില്ല. വ്യക്തമായിട്ടും സത്യ സന്ധമായിട്ടും അവർക്ക് തോന്നുന്ന കാര്യങ്ങളും പറയാൻ സാധിക്കും. അങ്ങനെ പറഞ്ഞാൽ അതിന് അനുസരണമായിട്ടുള്ള നടപടികളും ഉണ്ടാകുകയും ചെയ്യും. ഇതിൽകൂടുതൽ നിക്ഷ്പക്ഷവും നീതിപൂർവ്വകവുമായിട്ടുള്ള ഒരു സമീപനമുണ്ടാകാൻ സാദ്ധ്യമല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു കാര്യം കൂടി ഈ ഘട്ടത്തിൽ എനിക്ക് പറയേണ്ടതുണ്ട്. അത് എന്താണെന്ന് വച്ചാൽ ഈ തൊഴിലാളികളും മരിക്കുന്നു എന്നൊക്കെ പറഞ്ഞാൽ ശരിയാണ്. തൊഴിലാളികളും മരിക്കുന്നതിൽ വിഷമമുണ്ട്. അതേ സമയത്തു തന്നെ ഒരു കാര്യം പ്രതിപക്ഷത്തിരിക്കുന്ന ആളുകളും അലോചിക്കാൻ വേണ്ടി ഞാൻ അവരോട് പ്രത്യേകം സമർപ്പിക്കുകയാണ്. തൊഴിലാളികളുടെ അവശ്യങ്ങളും സംഘടിതമായിതന്നെ നേടിയെടുക്കുന്ന അവസരത്തിൽ അതിന് അനുകൂലമായിട്ട് ഏറ്റവും വിശാലമായിട്ടുള്ള അനുകൂലം സമ്പാദിക്കുന്നതിനാണോ അവർ പരിശ്രമിക്കുന്നതെന്ന കാര്യം ആലോചിക്കാൻ വിനയപൂർവ്വം സമർപ്പിക്കുകയാണ്. അവർ വലിയ രാഷ്ട്രീയ വിശാരദൻമാരാണ്. അതിനെപ്പറ്റി ഞാൻ അവരോട് ഉപദേശം പറയുകയാണെങ്കിൽ അത് വളരെയധികം അസ്ഥാനത്തായി അവർ സ്വീകരിച്ചേയ്ക്കുമോ എന്ന് എനിക്ക് പേടിയുണ്ട്. എങ്കിലും എനിക്ക് തോന്നിയ അഭിപ്രായം പറയുകയാണ്. മാർക്സിസമനുസരിച്ചു തന്നെ —ഞാൻ മാർക്സിസം പറഞ്ഞാൽ എനിക്ക് അതിന് അവകാശമില്ലെന്ന് തന്നെ പ്രതിപക്ഷത്തിരിക്കുന്നവർ പറഞ്ഞേക്കും. കുറച്ചു പഠിച്ചുപോയി എന്താണ് ചെയ്യുക. അപ്പോഴും അതും കുറച്ച് സൗകര്യം പോലെ പറയാമെന്ന് വിചാരിക്കുകയാണ്. മാർക്സിസത്തെപ്പറ്റി ഈ ഭാഗത്തിരിക്കുന്ന ചില സ്നേഹിതൻമാരിൽ അഭിപ്രായവ്യത്യാസമുള്ളവരും ഉണ്ടായിരിക്കും. താത്വികമായിട്ടുള്ള കാര്യങ്ങളിൽ. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം തന്നെയുണ്ട്. പേടിപ്പെടുത്തുന്ന ഒരു പദമൊന്നുമല്ല അത്. അതിനെ സംബന്ധിച്ച് ലെനിൻ എഴുതിയിട്ടുള്ളത് ഇങ്ങനെയാണ്. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം എന്ന് പറയുന്നതുതന്നെ it is a special kind of alliance between the proletartat and the peasantry എന്നാണ്. എന്താണ് ഈ വർഗ്ഗത്തിന്റെ അർത്ഥമെന്ന് ഈകൂട്ടർ ആലോചിച്ചിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമെന്ന് പറയുന്നത് ഹിറ്റ്ലറെപ്പോലെ ചമ്മട്ടികൊണ്ടും ചാട്ടവാറുകൊണ്ടും അടിച്ചമർത്തുകയെന്നല്ല. തൊഴിലാളി വർഗ്ഗത്തിന്റെ ആധിപത്യം സ്ഥാപിക്കാനാണെങ്കിൽ special kind of alliance with peasantry ആവശ്യമാണ്. കൃഷിക്കാരുമായിട്ടുള്ള സഖ്യം ആവശ്യമാണെന്ന് പറയുന്നു. ഈ രാജ്യത്ത് ഇന്ന് നടക്കുന്നത് അതാണോയെന്ന് ഞാൻ ചോദിക്കുകയാണ്. പത്തു സെൻറ് അല്ലെങ്കിൽ 50 സെൻറ് ഭൂമിയുള്ള ഒരു കൃഷിക്കാരന്റെ പുരയിടത്തിൽ അഞ്ചോ പത്തോ കുടികിടപ്പുകാരുണ്ടെങ്കിൽ അത് ബലാത്കാരമായിട്ട് സ്വന്തമാക്കുന്നത് ശരിയാണോ? നിയമത്തിൽ ഇല്ലെങ്കിലും പോകട്ടെ. താത്വികമായിട്ട് മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽതന്നെ അത് ശരിയാണോ എന്ന് ഞാൻ ചോദിക്കുകയാണ്. ചെറിയ കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടെയും കുടികിടപ്പുകാരുടേയും ബന്ധുക്കളായി അവരുടെ അഭിപ്രായങ്ങളും പൊരുത്തപ്പെടുത്തി ഒരു ജനകീയജനാധിപത്യ സംവിധാനം ഉണ്ടാക്കണം.

അതാണ് ഏറ്റവും എളുപ്പമായിട്ടുള്ള വഴി. അതിന് ഇന്നത്തെ ഗവൺമെൻറ് അനുകൂലമാണ്. അതിന് എന്റെ സ്നേഹിതൻ ബേബിജോൺ പറഞ്ഞതുപോലെ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. അതിനോട് യോജിക്കാൻ നിവൃത്തിയില്ല. ഗവൺമെൻറ് തീർച്ചയായും ഈ കാര്യം നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. അതിന് എല്ലാവരും സഹകരിക്കണമെന്നും അങ്ങനെ സഹകരിക്കുകയാണെങ്കിൽ ഇത്തരം അനിഷ്ട സംഭവങ്ങളുണ്ടാകാതെതന്നെ വളരെവേഗം ഈ നിയമത്തിന്റെ എല്ലാ ആനുകൂല്യവും ഈ നാട്ടിലെ കൃഷിക്കാർക്കും കർഷക

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കും നേടികൊടുക്കാൻ സാധിക്കുമെന്നും ഞാൻ ആഗ്രഹിക്കുന്നു. ആ കാര്യത്തെക്കുറിച്ച് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ട്രേഡ് യൂണിയൻ നിയമം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ചില വാദഗതികൾ ഉന്നയിച്ചതുകൊണ്ട് പറഞ്ഞു എന്ന് മാത്രമേയുള്ളു.

ശ്രീ. എം. രാമുണ്ണി: ഞങ്ങൾക്കുള്ള പരാതിമുഴുവനും വെടിവച്ചു കൊല്ലുന്നതിൽ മുഴുവനും ആളുകളും കറുത്ത വർഗ്ഗക്കാരായ ഹരിജനങ്ങളാണ്. അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: വസ്തുതാപരമായിട്ട് അതു ശരിയല്ല. ഞാൻ പറഞ്ഞല്ലോ, കർഷകതൊഴിലാളികളും ഹരിജനങ്ങളും അല്ലാത്ത ആളുകളും ഇതിൽ ഉൾപ്പെടുന്നുണ്ട്. പാലക്കാട്ടു മരിച്ചത് ഹരിജനമാണെന്നു തോന്നുന്നില്ല. അങ്ങനെയുള്ള സാമുദായിക അവകാശവാദങ്ങളൊന്നും ഈ കാര്യങ്ങളിൽ വരേണ്ടതില്ലെന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും, ഒരു കാര്യം ശരിയാണ്. എന്തുസമരമുണ്ടായാലും അതിന്റെ ഫലമെല്ലാം അനുഭവിക്കേണ്ടിവരുന്നത് സമുദായത്തിന്റെ താഴെക്കിടയിലുള്ളവരാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കുറച്ചു ഗൗരവത്തോടുകൂടി മുന്നോട്ടു പോകണം. അതു ആളുകളെ കുരുതികൊടുത്തുകൊണ്ടാകരുത്. അവരെ രക്ഷിക്കാൻവേണ്ടിയാകണം. ശ്രീമാൻ രാമുണ്ണി പറഞ്ഞത്, അതുപോലെതന്നെ ശ്രീമാൻ എ.കെ.ജി. പത്രപ്രസ്താവനയിലൂടെ പറഞ്ഞത് നിഷേധിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ഒരു പട്ടാളഭരണമാണ് നടക്കുന്നതെന്നു പറഞ്ഞുകൊണ്ട് അതിന് ആധാരമായിട്ട് അദ്ദേഹം പറഞ്ഞു shoot at sight എന്ന് ആർഡർ കൊടുത്തിട്ടുണ്ടെന്ന്. കണ്ടാൽ വെടിവെച്ചുകൊല്ലാൻ ആർഡർ കൊടുത്തിരിക്കുന്നു എന്ന്. ഇത് എവിടെനിന്നും കിട്ടിയ വിവരമാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഗവൺമെന്റ് ഇങ്ങനെ ഒരു ആർഡർകൊടുത്തു എന്നു എങ്ങനെ കിട്ടിയെന്ന് അറിഞ്ഞുകൂടാ. ഒന്നാമത് ഗവൺമെന്റിനു ഇങ്ങനെ ഒരു അധികാരമില്ല. പട്ടാളഭരണം ലീഗലായി പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ ഗവൺമെന്റിന് ആ അധികാരം കിട്ടുകയുള്ളൂ. അങ്ങനെ യാതൊരു ഉത്തരവും കൊടുത്തിട്ടില്ലെന്ന് വളരെ വളരെ ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആദ്യം സമരമുറകളെസംബന്ധിച്ചുപറഞ്ഞു. ഈ മരിച്ച ബസ്സുയാത്രക്കാർ ഒന്നും അറിഞ്ഞ കൂട്ടരല്ല. അവർക്ക് കമ്മ്യൂണിസമോ ഒന്നും ഉണ്ടായിരിക്കുകയില്ല. മരച്ചീനിയും അരിയുമൊക്കെ മേടിച്ചുകൊണ്ട് വീട്ടിൽപോയ ആളുകളെയാണ് കത്തിച്ചുകൊന്നത്. ഈ സംഭവത്തെസംബന്ധിച്ച് വളരെ വൈകിയിട്ടാണ് പ്രതിപക്ഷനേതാക്കൻമാർക്ക് പ്രതികരണം ഉണ്ടായത് എന്നുള്ളതു ഖേദത്തോടുകൂടിയാണ് ഞാൻ സ്മരിക്കുന്നത്. എന്നുമാത്രവുമല്ല ഈ അവസരത്തിൽപോലും എ. കെ. ഗോപാലനെപ്പോലെ മൂന്നു പ്രാവശ്യം പാർലമെന്റിലെ പ്രതിപക്ഷത്തിന്റെ നായകനായിരുന്നിട്ടുള്ള ആളുകൾ പറയുന്നു ബസ് കത്തിച്ചത് ഈ ഗവൺമെന്റിന്റെ അനുകൂലികളാരും ഈ ഗവൺമെന്റും കൂടിയാണെന്ന്. അമേരിക്കക്കാരും കൂടിയാണെന്ന്. അതെല്ലാം കേസിൽ ഇരിക്കുന്ന കാര്യങ്ങളാണ്, ആരൊക്കെയാണെന്നുള്ളത് ന്യായമായ രീതിയിൽ പുറത്തുവരും. അന്ന് ആരാണെന്നറിയാൻസാധിക്കും. കൂടുതൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇത്തരത്തിലുള്ള സമരങ്ങൾ ഈ രാജ്യത്ത് പുതിയ സമരമാർഗ്ഗങ്ങൾ അംഗീകരിച്ചിരിക്കുന്നു. ഈ പുതിയ സമരമാർഗ്ഗം അംഗീകരിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റു പാർട്ടിക്ക് എന്തെങ്കിലും ഉത്തരവാദിത്വം ഉണ്ടായെന്നുള്ളത് അവർതന്നെ ആത്മപരിശോധന നടത്തണമെന്നാണ് ഞാൻ പറയുന്നത്. ഉണ്ടെന്നു ഞാൻ ഉറപ്പിച്ചു പറയുന്നില്ല. ഓരോ സമരത്തിന്റെയും വസ്തുതകൾ പരിശോധിച്ചുകഴിഞ്ഞശേഷം പറയേണ്ടകാര്യമാണ്. അതുകൊണ്ട് ഞാൻ ചാടിക്കയറി പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ എന്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയധികം കത്തിക്കലുകൾ? വീടുകത്തിക്കൽ, ബസുകത്തിക്കൽ, പള്ളി കത്തിക്കൽ, ആളുകളെകത്തിക്കൽ. അതുവരെ എത്തി. ഈ രാജ്യം എങ്ങോട്ടാണു പോകുന്നതെന്നു ഗൗരവപൂർവ്വം ആലോചിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

സർ, ട്രാൻസ്പോർട്ടു സമരത്തെകുറിച്ചുകൂടി ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ട്രാൻസ്പോർട്ടുസമരത്തെസംബന്ധിച്ചു പറഞ്ഞു അതൊരു പകപോക്കൽ നടപടിയാണെന്ന്. അതിനെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി വളരെ വ്യക്തമായി പല സ്ഥലങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്; ഒത്തുതീർപ്പിൽക്കൂടി സമരം അവസാനിപ്പിക്കാനുള്ള ശ്രമവും നടത്തുകയുണ്ടായി. ഇപ്പോഴും പറയുന്നു എന്തുകൊണ്ട് ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ടില്ലെന്ന്. ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് തീരാത്ത പ്രശ്നങ്ങൾ മന്ത്രിനിലവാരത്തിൽത്തന്നെ തീർക്കാനായി പരിശ്രമം നടത്തുകയാണ്. തീർന്നിട്ടില്ലെന്നുള്ളതാണ് വസ്തുത. സമരം തീർക്കാൻ ഇപ്പോഴും ഗവൺമെൻറിനു യാതൊരു വിരോധവുമില്ല. ഏതെങ്കിലും സമരം അടിച്ചമർത്തി എന്നുള്ള അപഖ്യാതി ഈ ഗവൺമെൻറിനു വേണമെന്ന് അഞ്ചാത്മാവിൽപ്പോലും (അഞ്ചാത്മാവെന്നു ഞങ്ങളുടെ നാട്ടിലൊക്കെ പറയും. ഇത് ഞാൻ എൻറെ അമ്മയൊക്കെ പറഞ്ഞു കേട്ടിട്ടുള്ളതാണ്) ആഗ്രഹമില്ല. അവരുതന്നെ അംഗീകരിച്ച നടപടിക്രമമനുസരിച്ച് നിയമിച്ചിട്ടുള്ളവരെ എന്തെല്ലാം പരാതിയുണ്ടായാലും തിരിച്ചെടുക്കാമെന്നു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി പറഞ്ഞു. അവർ പറയുന്നു ഞങ്ങളം നിയമിച്ചു എന്നുള്ള ഒരൊറ്റക്കാരണംകൊണ്ട് ഇതെല്ലാം അംഗീകരിക്കണമെന്ന്. അതു ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അപേക്ഷകൾ ക്ഷണിച്ച് ആ അപേക്ഷകൾ പരിശോധിച്ച് കോർപ്പറേഷൻറെ ചെയർമാൻ അടക്കമുള്ള ഒരു കമ്മിറ്റി അവർതന്നെ വച്ചിട്ടുള്ള രീതി, നടപടിക്രമം അനുസരിച്ച് ആളുകളം അപേക്ഷിക്കുകയും അതെല്ലാം മാറ്റിവച്ചിട്ട് ആർബിട്രറിയായിട്ട് മലയാളത്തിൽപറഞ്ഞാൽ തോന്നിയമാതിരി——വാക്ക് പാർലമെൻറിയല്ലെങ്കിൽ ക്ഷമിക്കണം - നിയമിച്ചിട്ട് അതംഗീകരിക്കണമെന്നുപറഞ്ഞാൽ സാധിക്കുമോ? ഞങ്ങളം പറഞ്ഞതെന്താണെന്നുവച്ചാൽ, (ട്രാൻസ്പോർട്ടുമന്ത്രി പറഞ്ഞു) 614 ആളുകളെ തെറ്റായ അടിസ്ഥാനത്തിൽ നിയമിച്ചതാണ്. അവരെ പിരിച്ചു വിട്ടു. പിരിച്ചുവിട്ടതിൽ പരിശോധിച്ചാൽ പിശകുപറ്റിയിട്ടുണ്ടെങ്കിൽ തിരുത്താൻ ഞങ്ങളം തയ്യാറാണ്. പിന്നെ ഞങ്ങളംതന്നെ പരിശോധിക്കണമെന്ന് ഞങ്ങളംക്ക് യാതൊരാഗ്രഹവുമില്ല. ഒരു വ്യക്തിയോ പബ്ലിക്ക് സർവ്വീസ് കമ്മിഷനോ ആരോ പരിശോധിക്കട്ടെ. അതിനപ്പുറം പോകാൻ സാധ്യമല്ല. പോയാൽ തീർച്ചയായിട്ടും പത്തറുന്നൂറാളുകളെ തിരിച്ചെടുക്കാൻ സാധിക്കും. പക്ഷേ ഇങ്ങേപ്പുറത്തും ആയിരക്കണക്കിനാളുകളുണ്ട്. അതല്ലാതെ ഞങ്ങളം യാതൊന്നും ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: പിരിച്ചുവിട്ട ആളുകളിൽ ചില ആളുകളെയെല്ലാം വീണ്ടും തിരിച്ചെടുത്തു എന്ന് മനസ്സിലാക്കാൻ സാധിച്ചു. അതിൽ 240 ദിവസം സർവ്വീസിൽ ഉണ്ടായിരുന്നുഎന്നുള്ളതാണ് കാരണമായി പറഞ്ഞുകേട്ടത്. അങ്ങനെയാണെങ്കിൽ നേരത്തെ മുഖ്യമന്ത്രി സൂചിപ്പിച്ചതുമാതിരി അപേക്ഷകൾ കൊടുത്തു എന്നുള്ള നിലയിൽ കൊടുക്കണമെന്നും കൊടുത്തിട്ടില്ലെന്നുള്ള നിലയിൽ ആണ് പിരിച്ചുവിട്ടതെന്നും പറയുന്നത് ഇതുമായി ബന്ധമില്ല.

ശ്രീ. സി. അച്യുതമേനോൻ: അതു മുൻപു വിശദീകരിച്ചു കഴിഞ്ഞതാണ്. അതായത് 240 ദിവസം ജോലിചേയ്തിട്ടുള്ള ആളുകളെ എടുക്കാൻ തീരുമാനിച്ചു എന്നു പറയുന്നത് ശരിയാണ്. പ്രത്യേകം ഇങ്ങനെ ചോദിക്കുകയാണെങ്കിൽ എല്ലാറ്റിൻറെയും ഫാക്ട്സ് എൻറെ കൈയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അവസാനമായി അലിയാർ പറമ്പിക്കുളം പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട ഭാരതി പറഞ്ഞതിനെപ്പറ്റി ഒരു വാക്കുകൂടി. ആ പദ്ധതിയെ സംബന്ധിച്ച് ഈ ഗവൺമെൻറ് എടുക്കുന്ന നടപടികളും തൃപ്തികരമല്ലെന്നു പറയുകയുണ്ടായി. കാരണം ഗവൺമെൻറ് തമിഴ്നാടു ഗവൺമെൻറുമായി ഏറ്റുമുട്ടാൻ സന്നദ്ധമായിട്ടില്ലെന്നുള്ളതാണ്. അതേസമയം ഈ പ്രശ്നം പരിഹരിക്കേണ്ടതു രണ്ടു ശത്രുരാജ്യങ്ങളും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്ന രീതിയിലായിക്കൂടാ എന്നുള്ളതാണ് ഈ ഗവൺമെൻറിൻെറ ആഗ്രഹം. അതുപോലെതന്നെ ഈ പ്രശ്നം തീർക്കാൻസാധിക്കാത്ത ഒരു പ്രശ്നമാണെന്നും ഗവൺമെൻറു കരുതുന്നില്ല. ഒരുവട്ടം ഗവൺമെൻറു ദ്യോഗസ്ഥൻമാരുടെ ചർച്ചകഴിഞ്ഞു. അതിനുശേഷം അതിനടിസ്ഥാനമായുള്ള കേരളഗവൺമെൻറിൻെറ അനുവാദം കിട്ടാത്തതുകൊണ്ട് പണിതുടങ്ങാൻ പാടില്ലെന്നുള്ള വ്യക്തമായ ധാരണയും ഉണ്ടായിരുന്നു. അത് തമിഴ്നാടു ഗവൺമെൻറു ലംഘിച്ചു. അതിന് ഈ ഗവൺമെൻറ് പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ആ കാര്യത്തിൽ തമിഴ്നാടുഗവൺമെൻറ് ശരിയാണ് ചെയ്തത് എന്നുള്ള അഭിപ്രായമില്ല. പക്ഷേ അതിൻെറ അർത്ഥം യുദ്ധത്തിനു പുറപ്പെടണമോ എന്നുള്ളതല്ല. യുദ്ധത്തിനൊന്നും പോകാതെതന്നെ നമ്മുടെ അവകാശങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ന്യായമായ അവകാശങ്ങളും നേടിയെടുക്കാൻ സാധിക്കും. അവരിൽനിന്നും പല കാര്യങ്ങളും നമുക്കും നമ്മിൽനിന്ന് പല കാര്യങ്ങളും അവർക്കും കിട്ടാനുണ്ട്. അങ്ങനെ പരസ്പരധാരണയോടുകൂടി പ്രവർത്തിച്ചെങ്കിൽമാത്രമേ ഒരു ധാരണയിൽ എത്താൻ സാധിക്കുകയുള്ളൂ. ഫെബ്രുവരി ആദ്യവാരത്തിൽ തന്നെ ഡൽഹിയിൽവച്ചു കൂടയാലോചനകളും നടക്കാൻ പോകുകയാണ്. അതിലെല്ലാം നമ്മുടെ സംസ്ഥാനത്തിൻെറ താൽപര്യങ്ങളും ബലികഴിക്കാതെതന്നെ, സംരക്ഷിച്ചുകൊണ്ടുതന്നെ രമ്യമായ ഒത്തുതീർപ്പുണ്ടാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: ശത്രുരാജ്യങ്ങളെപ്പോലെ പെരുമാറണമെന്ന് ഞാൻ പറഞ്ഞതിനർത്ഥമില്ല. തമിഴ്നാടുഗവൺമെൻറും നമ്മുടെ ഗവൺമെൻറുമായി എടുത്തിട്ടുള്ള നടപടിയാണ് ശത്രുതാമനോഭാവത്തോടുകൂടിയുള്ള നടപടി. ഞാൻ പറഞ്ഞത് അതിൽ പ്രതിഷേധിക്കാതെ അവർ സമ്മതിച്ചിട്ടുള്ള വിധത്തിൽ കുരിയാർകുട്ടി പദ്ധതി അംഗീകരിച്ചിട്ടില്ലെന്നാണ്.

ശ്രീ. സി. അച്യുതമേനോൻ: അത്രയും പറഞ്ഞതിൽ നന്ദി. വിശദാംശങ്ങൾ ചോദിച്ചാൽ എൻെറ കൈയിൽ ഫാക്ട്സ് ഇല്ല. കുരിയാർകുട്ടി പദ്ധതി തുടങ്ങണമോ എന്നുള്ളത് ഞാൻ ഇപ്പോഴും പറയുന്നില്ല.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കുകൂടി ദീർഘമായി സംസാരിക്കാനുള്ളതുകൊണ്ടും ഞാൻ ഇവിടെ വ്യക്തമാക്കാൻ ഉദ്ദേശിച്ച സംഗതികളിൽ പലതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴും ചെയ്ത പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതുകൊണ്ടും ഞാൻ എൻെറ പ്രസംഗം ഉദ്ദേശിച്ചതിൽ നിന്നു ചുരുക്കാനാണ് ആഗ്രഹിക്കുന്നത്. സർ, പോലീസ് വകുപ്പിനെപ്പോലെ ഇത്ര തെറ്റിദ്ധരിപ്പിക്കപ്പെട്ട, ഇത്ര ആക്ഷേപവിധേയമായ ഒരു വകുപ്പ് വേറെയില്ല. വളരെ കരുതലോടുകൂടി കൈകാര്യം ചെയ്തില്ലെങ്കിൽ വളരെ വിമർശനവിധേയമാകാനും വഴിവിട്ടുപോകാനും സാധ്യതയുള്ളതാണ് പോലീസ് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു കാഞ്ചി പോലും വലിക്കാതെ, ഒരു വെടിപോലും പൊട്ടിക്കാതെ ഒരു ലാത്തിപോലും ചുഴറ്റാതെ മരിച്ചാൽകൊള്ളാമെന്ന് ആഗ്രഹമുണ്ട് സർ. പക്ഷേ അങ്ങനെ സാധിക്കുമോ? അങ്ങനെ ആർക്കെങ്കിലും സാധിച്ചിട്ടുണ്ടോ? വളരെ സംയമനംപാലിക്കാനും പൊതുജനങ്ങളെ നേരിടുന്നത് അച്ചടക്കത്തോടുകൂടി ആകാനും നിയ

ന്തണത്തോടുകൂടി പെരുമാറാനും പോലീസിന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ഇത്തരം ചില സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ആ ഓരോ സംഭവങ്ങളുടെയും കാര്യകാരണങ്ങളിലെക്ക് കടന്നുചെല്ലാൻ ഞാനു ദ്ദേശിക്കുന്നില്ല. പോലീസ് വെടിവയ്ക്കുകയോ അധികം ബലം പ്രയോഗിക്കുകയോ ചെയ്തു എന്ന് ആരോപണമുണ്ടായ അവസരങ്ങളിലൊക്കെ എന്റെ സ്നേഹിതൻ ബേബിജോൺ പറഞ്ഞതുപോലെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ആ അന്വേഷണത്തിന്റെ ഫലം പുറത്തുവന്നതിനുശേഷം ആവശ്യമായ അധികം ബലം പ്രയോഗിക്കുകയോ അക്രമം നടത്തുകയോ ചെയ്തിട്ടുണ്ടെന്നു തെളിയുകയാണെങ്കിൽ മുഖ്യമന്ത്രി പ്രസ്താവിച്ചതുപോലെ ഗവൺമെന്റ് വളരെ ഗൗരവമായി അതിനെ വീക്ഷിക്കുന്നതാണ്. ലോക്കപ്പിൽവച്ച് ആളുകളെ മർദ്ദിക്കുന്നു എന്ന് പരാതിയുണ്ടായാൽ അതിനെക്കുറിച്ചും അന്വേഷിക്കുന്നതാണ്. ഈ വിധത്തിലുള്ള ലോക്കപ്പുമർദ്ദനങ്ങളെ ഗവൺമെന്റ് ആനുകൂലിക്കുന്നില്ല; സമ്മതിക്കുന്നില്ല. പക്ഷേ ഈ ആരോപണങ്ങളെയൊക്കെ ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിന്റെ പശ്ചാത്തലത്തിൽക്കൂടിവേണം വിലയിരുത്താൻ എന്ന് എനിക്ക് അഭിപ്രായമുണ്ട്. ഗവൺമെന്റിനെതിരായി വളരെ ശക്തിയായി പ്രചാരവേല നടന്നുകൊണ്ടിരിക്കുകയാണ്. ചില പത്രങ്ങളിൽവരുന്ന പ്രചാരവേലകളൊക്കെ കാണുമ്പോൾ ഇതിലൊക്കെ എന്തുമാത്രം സത്യമുണ്ടെന്ന് ഞാൻ ഓർത്തുപോകുകയാണ്. പ്രതിപക്ഷത്തിന്റെ പ്രധാനപത്രത്തിൽ ഒരു റിപ്പോർട്ടുവന്നു.

ഒരു ചെറിയ ഉദാഹരണം ഞാൻ പറയുകയാണ്. പ്രധാന പ്രതിപക്ഷത്തിന്റെ മുഖപത്രത്തിൽ വൈക്കത്ത് നടന്ന വെടിവയ്പ്പ് ശ്രീ. പി. എസ്. ശ്രീനിവാസന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചാണ് നടന്നതെന്നുപറഞ്ഞു. ശ്രീനിവാസനെ എനിക്കു വളരെക്കാലത്തെ പരിചയമുണ്ട്. അങ്ങനെ അല്പായിരുന്നുവെങ്കിൽ അല്പസ്വല്പം വിശ്വസിക്കാമായിരുന്നു. അതിന്റെ പരമാർത്ഥം എന്താണ്? ആ പ്രസിദ്ധീകരിച്ച പത്രത്തിന്റെ പത്രാധിപരായ ശ്രീ. ഗോപിനാദപ്പിള്ളയും ശ്രീ. ശ്രീനിവാസനും ആ സംഭവം നടക്കുന്നസമയത്ത് മലബാറിൽ ബസ്സിൽ യാത്രചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാണ് പത്രറിപ്പോർട്ടുകളിൽ പലതിലും കാണുന്നത്. അതേ പത്രത്തിൽ മറെറാരിക്കൽ വന്നു; ഞാൻ കുറിയാടി പോലീസ് സ്റേഷൻ സന്ദർശിച്ചുവെന്ന്, എത്രയോ കാലമായി സർ, ഞാൻ കുറിയാടിയിൽ പോയിട്ട്. എന്റെയും ശ്രീനിവാസന്റേയും കാര്യത്തിൽ വന്ന പത്രറിപ്പോർട്ടുകളും ഇത് ആണെങ്കിൽ ഈ ഗവർമെൻറിനു് എതിരായി കെട്ടിച്ചമയ്ക്കുന്ന കഥകളൊക്കെ എത്ര ഭയാനകമായിരിക്കും അതിന്റെ ഉള്ളു് എന്താണന്നു് നോക്കുമ്പോൾ ഇതെല്ലാം ശരിയാണെന്നു് മുഖ വിലയ്ക്ക് എടുക്കരുതെന്നേ എനിക്ക് എല്ലാവരോടും പറയുവാനുള്ളു. നല്ല രൂപഭദ്രതയും പരിണാമഗുപ്തിയുമുള്ള കഥകളെഴുതുവാൻ കഴിവുള്ള സാഹിത്യകാരൻമാർക്ക് നമ്മുടെ നാട്ടിൽ വല്ല ക്ഷാമവും ഉണ്ടോ? ഞാൻ കരഞ്ഞുപോയിട്ടുണ്ട്, എന്റെ സ്നേഹിതൻ 'പൊറക്കാടൻ' എഴുതിയ 'അച്ചരൻ' എന്ന പുസ്തകത്തിലെ പോലീസുകാരന്റെ മകനെ വേറെ ഒരാൾ മർദ്ദിച്ചതു വായിച്ചപ്പോൾ അതൊരു സാങ്കൽപ്പികകഥയായിരുന്നു. സാങ്കൽപ്പികകഥകളും വർദ്ധിച്ചും യാഥാർത്ഥ്യമുള്ള കഥകളും കുറഞ്ഞും വരുന്ന ഈ സന്ദർഭത്തിൽ ഇതെല്ലാം മുഖവിലകൊടുക്കുവാൻ നിർവ്വാഹമില്ല. പോലീസിനെ ആക്ഷേപിക്കുവാനുള്ള ഒരു ശ്രമം നടന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ പോലീസിനു് നിഷ്ക്രിയരായി നിൽക്കുവാൻ കഴിയുമോ? ആയിരക്കണക്കിനു് ആളുകളും ആയുധധാരികളായി ആക്രമണത്തിനു് പോകുമ്പോൾ അവരും ജനങ്ങളുമായി ഏറ്റുമുട്ടലുകളും ഉണ്ടാകുമ്പോൾ നേരിടേണ്ട പോലീസുകാർ നിഷ്ക്രിയരായി നിൽക്കണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ് സർ; രാഷ്ട്രീയവൈരനിര്യാതനത്തിനു് ആളുകളെ കൊലചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് സർ, ഇന്നു് ചില

LIBRARY ARCHIVES Kerala Legislative Assembly

മരണത്തെക്കുറിച്ച് ചില സ്നേഹിതൻമാർ ഇവിടെ പറയുകയുണ്ടായി. എനിക്ക് അതിൽ ഖേദം ഉണ്ട്. അങ്ങനെ ചില സംഭവങ്ങൾ സംഭവിച്ചതിലും ആളുകളെ പ്രേരിപ്പിച്ചുകൊണ്ടുവന്നതിലും ആ ആളുകൾ മരിച്ചുവീണതിലും ഖേദം ഉണ്ട്. കൊലചെയ്യപ്പെട്ടിരിക്കുന്നതിൽ മിക്ക ആളുകളും കറുത്ത വർഗ്ഗത്തിൽപ്പെട്ട ആളുകളാണെന്ന് ശ്രീ. രാമുണ്ണി പറഞ്ഞു. ശ്രീ. നമ്പൂതിരിപ്പാടിനോടുള്ള പ്രകാരാന്തരേണയുള്ള അഭ്യർത്ഥനയാണെങ്കിൽ രാമുണ്ണിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുന്നു. അവരെ എളുപ്പത്തിൽ ഇളക്കാൻ കഴിയും, അതിന് കാര്യമായ പ്രചാരവേല ചെയ്യണം.

ശ്രീ. എം. രാമുണ്ണി: നമ്പൂരിപ്പാടിനോടു മാത്രമല്ല, ആ ഭാഗത്തിരിക്കുന്ന എല്ലാവരോടും.....

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത്രയും കൂടി പറഞ്ഞതുകൊണ്ട് രാമുണ്ണിക്ക് അൽപ്പം ആത്മാർത്ഥതയുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അവർക്കു നേതൃത്വം നൽകുന്നവർ അവരെ സമരങ്ങളുടെ മുമ്പിൽ തള്ളിവിടാതിരിക്കുന്നതിന് രാമുണ്ണിയുടെ സഹായം ഉണ്ടായിരിക്കണമെന്നാണ് എന്റെ വിശ്വാസം. അതുപോലെതന്നെ സി. പി. ഐ. യുടെ മന്ത്രിസഭയിൽ ഹരിജനങ്ങളും ആരും ഉണ്ടായില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മളെല്ലാംകൂടെയല്ലെ ആഢ്യബ്രാഹ്മണൻമാരായ ആളുകളെ രണ്ടു പ്രാവശ്യം മുഖ്യമന്ത്രിയാക്കിയത്. എനിക്ക് ഹരിജനങ്ങളോട് വളരെയേറെ സഹതാപമുണ്ട്. അങ്ങനെനോക്കുമ്പോൾ എല്ലാ ഭാഗത്തോടും പറയണമെന്നു മാത്രമെ എനിക്കു മി. രാമുണ്ണിയോടു പറയുവാനുള്ളു. എതായാലും ഇതുമാതിരിയുള്ള സംഭവങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇവിടെ ഒരു പത്രം മുഖപ്രസംഗമെഴുതി, എന്റെ കൈ മുറിച്ചു കളയണമെന്ന്. പത്രമല്ല, വൈകുന്നേരം പ്രസിദ്ധപ്പെടുത്തുന്ന ഒരു കടലാസ്. സർ സി. പി. രാമസ്വാമി അയ്യരുടെ അനുഭവം എനിക്ക് ഉണ്ടാകുമെന്നു പറഞ്ഞാൽ ഞാൻ തിരുവിതാംകൂർ ദിവാനാകുമെന്നാണോ അർത്ഥം? മുഖ്യമന്ത്രിയാകുമെന്നാണോ അർത്ഥം. എന്നെ ഏറനാട്ടിൽകൂടി വഴി നടത്തുകയില്ലെന്നു പറഞ്ഞു. ഹെലികോപ്ടറിൽകൂടി പൊയ്ക്കൊള്ളട്ടെയെന്നു പറഞ്ഞു. ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുകയും ശ്രീമാൻ അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള ഗവർമ്മെൻറ് ഇറങ്ങിപ്പോയാലല്ലാതെ തങ്ങൾ അടങ്ങുകയില്ലെന്നും പറയുകയുംചെയ്താൽ എന്തു ചെയ്യും? അദ്ദേഹം ഇറങ്ങികൊടുത്താൽമാത്രമെ സമാധാനമുണ്ടാകുകയുള്ളൂവെന്നു വച്ചാൽ അത്ര പെട്ടെന്ന് ആരെങ്കിലും ഇറങ്ങികൊടുക്കാറുണ്ടോ? ഒരിക്കൽ എ.കെ. ഗോപാലന്റെ പ്രസ്താവന ഞാൻ കണ്ടു. ഒരു പ്രാവശ്യം അച്യുതമേനോൻ ഇറങ്ങിപ്പോയി പിന്നെ തെരഞ്ഞെടുപ്പിൽ നിന്ന് മൽസരിച്ച്, പിന്നെ ഒരു ഗവർമ്മെണ്ടു വന്നാൽ ഞങ്ങളും മര്യാദയ്ക്ക് ഇരിക്കാമെന്നു പറഞ്ഞിട്ടുണ്ട്. അത്രയും ദയ കാണിച്ചതിൽ നന്ദി. അങ്ങനെ ഒരു ഗവൺമെൻറിനെ ഇറക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങളെല്ലാവരുംകൂടി ഒന്നിച്ചിരുന്ന കാലത്ത് വെടിവയ്പ് ഉണ്ടായിട്ടുണ്ട്. അന്നൊന്നും ആരും എതിർക്കാൻ വന്നു കണ്ടില്ല. ലാത്തിച്ചാർജുണ്ടായി, വെടിവയ്പ്പും ഉണ്ടായി, ആളുകളും മരിച്ചിട്ടുണ്ട്, വിദ്യാർത്ഥികളെ അടിച്ചു, അദ്ധ്യാപകരെ അടിച്ചു. അതൊക്കെ ആവശ്യമാണോ അനാവശ്യമാണോ എന്നുള്ളതിനെക്കുറിച്ചല്ല, ഇങ്ങനെ സംഭവങ്ങൾ ഉണ്ടായി. അന്നൊന്നും ദുർബലമായ ഗവൺമെൻറിനു എതിരായി യുദ്ധപ്രഖ്യാപനാഹ്വാനം ചെയ്തിട്ടില്ല. ഇന്നാണെങ്കിൽ ഞങ്ങൾ തെരുവിൽ ഇറങ്ങി ഗവൺമെൻറു താഴെ വരുന്നതുവരെ അടങ്ങുകയില്ലെന്നു പ്രഖ്യാപിക്കാനും ദിവസേന ആസിഡ്ബൾബ് എറിയുവാനും, എതിർകക്ഷിപ്രവർത്തകൻമാരെ ഓരോരുത്തരെ ഇളനീർ കുത്തിത്തുരക്കുന്നതുപോലെ അവരുടെ നെഞ്ചിൽനിന്നും ചോരതെറിപ്പിക്കാനും ശ്രമിക്കുകയാണ്. ഇതൊരു

LIBRARY ARCHIVES Kerala Legislative Assembly

ഒൺവേ ട്രാഫിക്കായി നടത്താൻ ഈ രാജ്യത്ത് കഴിയുമോ സർ. അതിന്റെ കണക്കു മാത്രം ഇവിടെ പറയുവാനാണോ ഞങ്ങളും ഇവിടെ നിൽക്കേണ്ടത്. ജനങ്ങൾക്ക് സംരക്ഷണം നൽകുവാനും ഈ മാതിരിയുള്ള ആക്രമണങ്ങളും അവസാനിപ്പിക്കാനുമല്ലെങ്കിൽ പിന്നെ എന്തിനാണ് പോലീസുകാരെ നിറുത്തിയിരിക്കുന്നത്. അതിനുവേണ്ടിയുള്ള ശ്രമം നടത്തുമ്പോൾ ചില ബല പ്രയോഗങ്ങളും ഉണ്ടാകും. അതിൽ ചിലർക്കൊക്കെ പരിക്കുകളും പറ്റേണ്ടി വന്നിട്ടുണ്ട്. മുഖ്യമന്ത്രി അച്യുതമേനോൻ പറഞ്ഞതുപോലെ പരാതികളും കൊണ്ട് മാത്രമായില്ല. ബലപ്രയോഗം അമിതമാണെന്നു കണ്ടാൽ പക്ഷപാതപരമാണെന്നു കണ്ടുപിടിച്ചാൽ തീർച്ചയായും ഈ ഗവൺമെന്റ് വേണ്ട നടപടി എടുക്കുവാൻ മടിക്കുകയില്ല. ശ്രീമാൻ നമ്പൂതിരിപ്പാട് പലപ്പോഴും പറഞ്ഞിട്ടുണ്ട്; അമിതമായ മർദ്ദനമുണ്ടായി, അവരെ അറസ്റ്റു ചെയ്തുവെന്നു. കാൺഗ്രസുകാരനായ ശ്രീ. കെ. കെ. ബാലകൃഷ്ണനെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. കാൺഗ്രസുകാരെ അറസ്റ്റുചെയ്തു, ലീഗുകാരെ അറസ്റ്റുചെയ്തു സി. പി. ഐ. കാരെ അറസ്റ്റുചെയ്തു. ഇതാണ് ശരി, ഇതാണ് തെറ്റ് എന്നുപറയുന്നില്ല. പക്ഷെ പോലീസിനെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷമായി കൈകാര്യം ചെയ്യുകയും അക്രമങ്ങളിൽ നിന്നും ജനങ്ങളെ ഏറ്റുമുട്ടുന്നതിൽ നിന്ന് തടയുകയും ചെയ്യും. പോലീസ് അങ്ങേയറ്റത്തെ സംയമനം പാലിക്കുന്നുണ്ട്. തിരുവനന്തപുരത്തുതന്നെ ഇന്നലെ ഒരു വെടിവയ്പ്പിന്റെ വക്കോളം എത്തിയ സ്ഥിതിവിശേഷമുണ്ടായി. അതും പോലീസ് സമാധാനപരമായി കൈകാര്യം ചെയ്യുവാൻ ശ്രമിച്ചു. കുട്ടനാട് ഇപ്പോഴും കൊയ്ത്തു നടന്നുകൊണ്ടിരിക്കുന്നു. ആ കൊയ്ത്ത് നടക്കുന്ന സമയത്ത് ഏറ്റുമുട്ടാനുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു. ഏറ്റു മുട്ടാതെയിരിക്കുവാൻ പോലീസ് ശ്രമിക്കുന്നു. പോലീസിനെ കല്ലെറിയുന്നു. പോലീസുകാരും മനുഷ്യരാണ്, അവർ ക്രിമിനൽ പുള്ളികളാണോ? അവർ ആക്രമണകാരികളാണോ? ഈ രാജ്യത്തെ സേവിക്കുവാൻ, ഗവൺമെന്റുകളും കൊണ്ടുവരുന്ന പരിപാടികളും നടപ്പിലാക്കുവാൻ ഏറ്റവും നിശബ്ദരായി മൂകജീവികളായി സേവനമനുഷ്ഠിക്കുന്ന അവരുടെ തലയിൽനിന്നും ചോരതെറിപ്പിക്കുവാൻ എല്ലാവർക്കും മൗലികാവകാശമുണ്ടെന്നു വിശ്വസിക്കുന്നത് ശരിയല്ല സർ. അവർക്കുവേണ്ടി ആരും ഒരു അക്ഷരം പറയുന്നില്ല. അവരുടെ കൈ മുറിഞ്ഞുപോയിരിക്കുന്നു. അവരുടെയടുത്ത് ജനശത്രുക്കളെപോലെ പെരുമാറുന്നു. പോലീസിന്റെ ഈ സ്ഥിതികളും മനസ്സിലാക്കികൊണ്ടുവേണം അമിതമായ മർദ്ദനത്തെപ്പറ്റി പരാമർശിക്കേണ്ടത്. എന്നാൽ നമ്മുടെ നാട്ടിൽ പോലീസിന് ഒരു പരിഷ്കൃത രാജ്യത്ത് പോലീസിന് ലഭിക്കേണ്ട ആനുകൂല്യങ്ങളും ഒന്നുംതന്നെയില്ല. അവർക്കുവേണ്ട സൗകര്യങ്ങളും നൽകിയിരിക്കേണ്ടതാണ്. നിരപരാധികളായ ആളുകളെ പോലീസിന്റെ മുമ്പിലേക്ക് എറിയാൻ വേണ്ടി നേതൃത്വം കൊടുക്കുകയും മറ്റും ചെയ്തിട്ട് പോലീസുകാർ വെടിവച്ചുവെന്ന് ആരോപണമുന്നയിക്കും. അവരോട് സഹതാപം കാണിക്കേണ്ട ആവശ്യമുണ്ട്. കൃഷിചെയ്യുന്നതിന് നിലത്തിറങ്ങിയ ആളുകളെ തല്ലിച്ചതയ്ക്കുകയും ട്രാൻസ്പോർട്ടുബസ്സിൽ യാത്രചെയ്തതിന് 'മത്തി' ചുടുന്നതുപോലെ ചുട്ടുകരിക്കുകയും ചെയ്തതിനെക്കുറിച്ച് എന്തെങ്കിലും പറയുവാൻ സാധിച്ചില്ലല്ലോയെന്ന് ഞാൻ എസ്. എസ്. പി. കാരോട് ചോദിക്കുകയാണ്?

ശ്രീ.കെ. എ. ശിവരാമഭാരതി: എസ്. എസ്. പി. ശക്തിയായി പ്രതിഷേധിക്കുന്നു സർ.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ കാര്യങ്ങളെ സംബന്ധിച്ച് രാമുണ്ണി പ്രസംഗിച്ചപ്പോഴും അതുകൂടി സംസാരിക്കേണ്ടതായിരുന്നു. അങ്ങനെയുള്ള കാലവസ്ഥയിലാണ് നാം ജീവിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പിനെക്കുറിച്ച് ചില കാര്യങ്ങളിലേക്കുകടക്കേണ്ടതുണ്ട്. എല്ലാ പരാമർശനങ്ങളെക്കുറിച്ചും ഗവൺമെൻറ് പരിഗണിക്കുന്നതാണ്. ഗവർമ്മെണ്ടിൻെറ സാമ്പത്തികവശങ്ങളും കൂടി പരിഗണിച്ച് അതിൻെറ മദ്ധ്യത്തിൽ നിന്നുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസത്തെ കൊണ്ടുപോകാനുള്ള സന്നദ്ധതയുണ്ട് എന്നേപറയുന്നുള്ളു. എനിക്കു പ്രത്യേകമായി പറയുവാനുള്ളത് പോലീസിനെ ഇന്നത്തെ സാഹചര്യത്തിൽ നിഷ്ക്രിയരാക്കുവാൻ സാധ്യമല്ല. ഈ സംഭവങ്ങളിൽ സഹതാപമുണ്ട്. പോലീസിൻെറ ഭാഗത്തുനിന്ന് അമിതമായ മർദ്ദനങ്ങളും ഉണ്ടായാൽ അതിനെക്കുറിച്ച് അന്വേഷണം നടത്തുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു. ഈ രാജ്യത്ത് ഈ മാതിരി സംഭവങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി ഗവൺമെൻറ് കഴിയുന്നതും പരിശ്രമിക്കുന്നതാണ്. ഈ ഗവൺമെൻറിനെ ഇറക്കിവിടാനായി പടപ്പുറപ്പാടുമായി ഇന്നു വന്നിരിക്കുന്ന ആളുകളും ഈ മാതിരി കുഴപ്പം ഉണ്ടാക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം. ഈ മാതിരിയുള്ള എല്ലാ പ്രശ്നങ്ങളും അവസാനിപ്പിക്കുവാൻ ശ്രമിക്കണം. അങ്ങനെയുള്ള ആളുകളെ ഈ നാട്ടിലെ ജനങ്ങളും ശരിക്കും കാണണമെന്നും അവരെ നിരുൽസാഹപ്പെടുത്തണമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: പോലീസിന് അവരുടെ ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിനുള്ള ആനുകൂല്യം നൽകുവാൻ ഗവൺമെൻറ് തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതേപ്പറ്റി ഇപ്പോൾ ആലോചിച്ചിട്ടില്ല.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): 1969—70 നടപ്പു സാമ്പത്തികവർഷത്തിലേക്ക് രണ്ടാമത്തെ തവണയാണ് പതിനാറു ഇനങ്ങളിലായി ഏതാണ്ട് 95 ലക്ഷത്തിൽ ചിലപ്രാനം ഉറുപ്പികയുടെ സപ്ലിമെൻററി ഗ്രാൻറ്സുമായി ഗവൺമെൻറ് ഈ സഭയുടെ മുമ്പാകെ ഇപ്പോൾ വന്നിട്ടുള്ളത്. ഈ സപ്ലിമെൻററി ഗ്രാൻറിനെക്കുറിച്ചുള്ള ചർച്ച നടന്ന ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഇവിടത്തെ പ്രതിപക്ഷങ്ങൾ ഇറങ്ങിപ്പോയി എന്നുള്ളത് വളരെയധികം ഖേദകരമാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ജനാധിപത്യ സംവിധാനത്തിൽ, പാർലമെൻററി പ്രവർത്തനത്തിൽ ഗ്രാൻറുകൾ ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറ് നിയമസഭയുടെ മുമ്പാകെ വരുമ്പോഴും ഉപധനാഭ്യർത്ഥനയുമായി നിയമസഭയുടെ മുമ്പാകെ വരുമ്പോഴും ആണ് ഉത്തരവാദിത്വത്തോടുകൂടിയ പ്രതിപക്ഷം അങ്ങേയറ്റത്തെ ഔൽസുക്യത്തോടുകൂടി ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കേണ്ടത്. ഈ സന്ദർഭങ്ങളിലെല്ലാം, പൂർണ്ണമായി ഈ രണ്ടു സന്ദർഭങ്ങളിലാണ്, പ്രതിപക്ഷത്തിന് ഗവൺമെൻറിനെ വിമർശിക്കുന്നതിനും ഗവൺമെൻറിന് എതിരായിട്ടുള്ള നിവേദനങ്ങൾ വയ്ക്കുന്നതിനും സാധിക്കുകഎന്നുള്ള നിലയ്ക്കും ഗവൺമെൻറിന് ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുത്ത് നേർവഴിനയിക്കുന്നത്. പ്രതിപക്ഷം ഇന്ന് ഇവിടെ വാക്കൗട്ട് നടത്തിയതിൻെറ ഹേതോവികാരം എന്തെന്നു മനസ്സിലാകുന്നില്ല. അതിലേക്ക് കൂടുതലായി പ്രവേശിക്കുന്നില്ല.

ഇന്നിവിടെ നടന്ന ചർച്ചകളിൽ രാഷ്ട്രീയസ്ഥിതിഗതികളെ സംബന്ധിച്ചും അവയുടെ രാഷ്ട്രീയമായ സമീപനത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും സംസാരിച്ചു കഴിഞ്ഞിരിക്കുന്നു. ഏതാനും ചില വസ്തുനിഷ്ഠമായ കാര്യങ്ങൾ ഈ സന്ദർഭത്തിൽ പറയാൻ മാത്രമേ ഞാൻ ഈ ചുരുങ്ങിയ സമയം ഉപയോഗിക്കുന്നുള്ളു. ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

95 ലക്ഷത്തിൽ ചിലവാനം ഉറുപ്പികയുടെ സപ്ലിമെൻററി ഡിമാൻറാണ് മൊത്തത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ 66–ലക്ഷത്തിൽ ചിലവാനം ഉറുപ്പികയുടെ റവന്യൂ ചെലവും 29 ലക്ഷം ക്യാപ്പിറൽ ചെലവും ആണ് മൊത്തത്തിൽ ഇവിടെ വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് വിട്ട് കണ്ടിജൻസിയിൽ നിന്ന് എടുത്തു ചെലവാക്കിയിട്ടുള്ള ഇനങ്ങളും ഞാൻ ഇവിടെ വായിക്കാം.

(1) ഇലക്ഷൻ–10 ലക്ഷം ഉറുപ്പിക. ഇലക്ട്രോറൽ റോൾ പുന: പരിശോധനചെയ്തത് ഡ്രാഫ്റ്റ് ചെയ്തത് വിതരണം ചെയ്യാനുള്ള കേന്ദ്ര ഇലക്ഷൻ കമ്മീഷണരുടെ നിർദ്ദേശമനുസരിച്ച് നടപടിഎടുക്കുന്നതിന് ചെലവാക്കുന്നതിലേക്കാണ് പത്തു ലക്ഷം ഉറുപ്പിക.

(2) കാലിക്കട്ട് കാർപ്പറേഷനിൽ മോഡൽ റീജിയണൽ തിയേറ്റർ കെട്ടുന്നതിനുവേണ്ടി നേരത്തെ ചെലവിട്ടിട്ടുള്ള സംഖ്യ ഇപ്പോൾ ഈ ഗവൺമെൻറ് വന്നതിനുശേഷം അനുവദിച്ചുകൊടുക്കുകയുണ്ടായി.

(3) കൃഷിയുടെ രംഗത്ത് 1.45 ലക്ഷം ഉറുപ്പിക കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി, അതായത് കാഷ്യൂ പ്ലാൻറേഷനിൽ പ്ലാൻറേഷൻ പ്രൊട്ടക്ഷൻ സ്കീം എന്നുള്ള ഒരു സ്കീം അനുസരിച്ച് അത് നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ചെലവാക്കിയിട്ടുണ്ട്. വ്യവസായത്തിൻെറ രംഗത്ത് കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി രണ്ടുലക്ഷം ഉറുപ്പിക ചെലവാക്കിയിട്ടുണ്ട്. ഈ വക കാര്യങ്ങളും ഇവിടെ പ്രത്യേകമായി ചൂണ്ടിക്കാണിക്കുവാൻ ഇടയായത് ഈ ഗവൺമെൻറ് വന്നതിനുശേഷം ചെയ്തിട്ടുള്ള ചെലവുകളും വളരെ അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾക്കു വേണ്ടി മാത്രമാണെന്ന് ഉദാഹരിക്കുവാൻ വേണ്ടിമാത്രമാണ്. ഈ അടിസ്ഥാനത്തിലാണ് ഈ 95 ലക്ഷം ഉറുപ്പികയുടെ ചെലവ് ഇവിടെ വന്നിട്ടുള്ളത്. ഞാൻ ഇതെല്ലാം ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിച്ചതല്ല. ഈ ഗവൺമെൻറ് വന്നിട്ട് സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്നു എന്ന് ഒന്നുരണ്ടു സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഞാൻ ഈ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്.

ബഹുമാനപ്പെട്ട അലക്സാണ്ടർ പറമ്പിത്തറ മാസ്റ്ററും ബഹുമാനപ്പെട്ട എം. എം. തോമസും ബഹുമാനപ്പെട്ട എം. മൊയ്തീൻകുട്ടിഹാജിയും ഈ സപ്ലിമെൻററി ഗ്രാൻറുകളെസംബന്ധിച്ചുള്ള ചർച്ചയുടെ വേളയിൽ ഉന്നിപ്പറഞ്ഞ ഒരു കാര്യമുണ്ട്–ലാൻഡ് അക്വിസിഷൻ നടപടികളും വേണ്ടവിധത്തിൽ നടക്കുന്നില്ല എന്ന്. ഞാൻ വിമർശനങ്ങളിലേക്ക്, കുറേശ്ശെ മാത്രമേ കടക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. റിയലിസ്റ്റിക്കായി നടത്തുന്നില്ല എന്നും വേഗത്തിൽ നടത്തുന്നില്ലെന്നും അങ്ങനെ നടത്താതെപോകുന്നതുകൊണ്ട് ബഡ്ജറ്റിൽ ആർഡറുകളനുസരിച്ചുള്ള (ഹൈക്കോടതിയുടെ ഡിക്രി അനുസരിച്ചുള്ള) സംഖ്യ അവർക്ക് കൊടുക്കാനായി വേണ്ടിവരുന്നത് ഒഴിവാക്കാമായിരുന്നുവെന്നും ഈ മൂന്നു ബഹുമാനപ്പെട്ട സുഹൃത്തുക്കളും സൂചിപ്പിക്കുകയുണ്ടായി. ഗവൺമെൻറ് ഈ സപ്ലിമെൻററി ഡിമാൻഡുമായി വന്നപ്പോൾ അതിനുമുൻപ് കണ്ടിജൻസി ഫണ്ടിൽനിന്ന് എടുത്തിട്ടുള്ള സംഖ്യയുടെ നല്ലൊരുശതമാനം–റവന്യൂ ചെലവിൻെറ നല്ലൊരു ശതമാനം–ഇതുപോലുള്ള ഡിക്രി നടപ്പിലാക്കാൻവേണ്ടി ഉപയോഗിച്ചിട്ടുള്ളതാണെന്ന് സമ്മതിക്കുന്നു. ഇത് ഇത്രയധികമാകാതിരിക്കുന്നതിനും ഇതുപോലുള്ള ഡിക്രി ഇല്ലാതാക്കുന്നതിനും, ഉണ്ടെങ്കിൽത്തന്നെ അവയുടെ എണ്ണവും തുകയും കുറയ്ക്കുന്നതിനും പറഞ്ഞിരിയ തരത്തിൽ ലാൻഡ് അക്വിസിഷൻ നിയമത്തിലെ വകുപ്പുകൾ ലളിതപ്പെടുത്തണമെന്നും വളരെ കുറച്ച്, റിയലിസ്റ്റിക്കായി കൈകാര്യം ചെയ്യുന്നതിനു പറഞ്ഞിരിയ തരത്തിൽ ആക്കുന്നതിന് നിർദ്ദേശം നൽകണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ള്ള ബഹുമാനപ്പെട്ട ഈ മൂന്ന് അംഗങ്ങളുടെയും നിർദ്ദേശത്തെ ഗവൺമെൻറ് സ്വാഗതം ചെയ്യുന്നു. അത് ഏതുവിധത്തിൽ നടത്തണമെന്നുള്ളതിനെസംബന്ധിച്ച് വളരെ കാര്യമായി ആലോചിക്കുന്നതാണെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകാനാഗ്രഹിക്കുന്നു.

രണ്ടാമത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള മറെറാരു കാര്യം, ശമ്പള പരിഷ്കരണ ഉത്തരവിനെസംബന്ധിച്ച് സംസാരിച്ചപ്പോൾ ശ്രീ. കെ. സി. വാമദേവൻ ഈ സഭമുൻപാകെ വച്ച നിർദ്ദേശമാണ്. സർ, ഇവിടെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി ശമ്പളം കൊടുക്കുന്നതിനും അവരുടെ നിവേദനങ്ങൾ കേൾക്കുന്നതിനും മാത്രമേ സമയം സർക്കാരിനു ചെലവാക്കാൻ സാധിക്കുന്നുള്ളു എന്നുള്ളതുശരിയാണ്. മന്ത്രിമാരെയും മന്ത്രികാര്യാലയങ്ങളും സന്ദർശിക്കാൻ വരുന്നവരിൽ നല്ലൊരു ഭൂരിപക്ഷം, എന്നുതന്നെ പറയട്ടെ, ഉദ്യോഗസ്ഥൻമാർ ശമ്പളപരിഷ്കരണത്തിൽ വന്നിട്ടുള്ള അപാകതകളെ സംബന്ധിച്ചും പാകപ്പിഴകളെ സംബന്ധിച്ചും ചൂണ്ടിക്കാണിക്കുന്നതിനുവരുന്നവരാണ്. മറെറുകാര്യങ്ങളെസംബന്ധിച്ച് ചിന്തിക്കുന്നതിനോ മറെറാ പൊതുജനങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ കേൾക്കുന്നതിനോ ഗവർമ്മെൻറിന് സമയമില്ലാത്തതരത്തിൽ വളരെയധികം നിവേദനങ്ങൾ വരുന്നുണ്ടെന്ന് ശ്രീ. വാമദേവൻ പറഞ്ഞത് ശരിയാണ് അതിന് അദ്ദേഹം ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി: ഒരു സർവീസ്ട്രൈബ്യൂണൽ ഇവിടെ നിയമിക്കുന്നത് നന്നായിരിക്കുമെന്നും ആ സർവീസ് ട്രൈബ്യൂണൽ ഉണ്ടാക്കിയശേഷം, ഇതുപോലുള്ള സർവീസ്പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവർക്ക് വിട്ടുകൊടുക്കുന്നത് നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. വ്യക്തിപരമായി പറഞ്ഞാൽ, അഭിനന്ദനം അർഹിക്കുന്ന വളരെ നല്ല ഒരു അഭിപ്രായമാണിത്. കഴിഞ്ഞയാഴ്ചയിലോ അതിനുമുൻപിലത്തെ ആഴ്ചയിലോ ആണെന്നാണ് ഓർമ്മ, ഇത്തരത്തിലുള്ള ഒരു ട്രൈബ്യൂണൽ ഉണ്ടാക്കുന്നതുസംബന്ധിച്ച് ഒരു സ്റഡി നടത്താൻ നിർദ്ദേശം ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന് നൽകിക്കഴിഞ്ഞിട്ടുണ്ട്. റിപ്പോർട്ടു കിട്ടിയശേഷം അത് പ്രവർത്തനക്ഷമമായ പദ്ധതിയാണെന്ന് ബോദ്ധ്യമാകുകയാണെങ്കിൽ അത് ഉണ്ടാക്കുന്നതിനും അതിൻെറ പരമമായ തീർപ്പിന് സർവീസ് പ്രശ്നങ്ങൾ വിട്ടുകൊടുക്കുന്നതിനും തയ്യാറായിരിക്കുമെന്ന് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്.

മൂന്നാമതൊരു കാര്യം പറഞ്ഞത് മലനാടു ജില്ലാ രൂപീകരണത്തെസംബന്ധിച്ചാണ്. എൻെറ ബഹുമാന്യസഹപ്രവർത്തകനായ ശ്രീ. കെ. ടി. ജേക്കബ്—നമ്മുടെ റവന്യൂമന്ത്രി—രണ്ടുദിവസംമുൻപ് നിയമസഭയിൽ നൽകിയ ഉത്തരത്തിൻെറ സന്ദർഭത്തിൽ ഗവൺമെൻറിൻെറ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട സക്കറിയ ആ ഉത്തരത്തിൽ തെറിദ്ധാരണപൂണ്ട് പറഞ്ഞതിന് എന്തു സാംഗത്യമാണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഗവൺമെൻറിൻെറ 'കമ്മിറെറഡ്' ആയ ഒരു പോളിസിയാണത്. മലനാടു ജില്ലാ രൂപീകരണംസംബന്ധിച്ച് ഗവൺമെൻറ് പിൻമാറാൻ ഉദ്ദേശിക്കുന്നില്ല എന്നുള്ള കാര്യം ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. അതിൻെറ വിശദാംശങ്ങളെക്കുറിച്ചും മറെറു കാര്യങ്ങളെസംബന്ധിച്ചും ഭരണപരമായ കാര്യങ്ങളെസംബന്ധിച്ചും വളരെ നിഷ്കൃഷ്ടമായ പഠനം നടത്തണമെന്നുള്ളതുകൊണ്ട് അതു നടത്തിക്കഴിഞ്ഞശേഷം നടപടിയെടുക്കും എന്ന അർത്ഥത്തിലാണ് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സംസാരിച്ചത്. അത്തരത്തിലുള്ള നടപടികളും മുന്നോട്ടുകൊണ്ടുപോകുന്നതാണെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഇവിടെ നടന്ന ചർച്ചകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള ഒരു പ്രശ്നം കൂടിയുണ്ട്. പോലീസുകാരെപ്പററി പറഞ്ഞകൂട്ടത്തിൽ അവർക്കു പാർപ്പിടസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനെപ്പററി പറഞ്ഞു. ഗവൺമെൻറ് ആ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളെസംബന്ധിച്ച് ആലോചിക്കുകയാണ്. ആഭ്യന്തരവകുപ്പും ഫൈനാൻസ് വകുപ്പും അതുസംബന്ധിച്ച് ആലോചിച്ചശേഷം അടുത്ത ബഡ്ജറ്റിൽ നല്ലൊരു തുക കൊള്ളിക്കത്തക്ക വിധത്തിൽ ആലോചന പുരോഗമിച്ചുവരികയാണ്. വളരെക്കാലമായി നിലനിന്നുവന്നിട്ടുള്ള ആ കാര്യം ഗവൺമെൻറ് ആകുന്നതും വേഗം പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്ന് ആത്മാർത്ഥമായി പറയാൻ ഞാനാഗ്രഹിക്കുന്നു.

മറ്റു പല കാര്യങ്ങളും പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഓരോന്നും എടുത്തു മറുപടി പറയാൻ സാധിക്കാത്തതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. എന്നാൽ അതിന്റെ പ്രാധാന്യം കുറച്ച് ഞാൻ കാണുകയല്ല. ഡിപ്പാർട്ടുമെൻറുകളെപ്പറ്റി ഇവിടെ ഉന്നയിച്ചിട്ടുള്ള പരാതികളെസംബന്ധിച്ചും വിമർശനങ്ങളെ സംബന്ധിച്ചും യുക്തമായ നടപടികളും കൈക്കൊള്ളുമെന്നാണ് ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുന്നത്. അത്തരത്തിൽ പ്രധാനമായ സമീപനത്തോടുകൂടി, സൃഷ്ടിയുൻമുഖമായ സമീപനത്തോടുകൂടി ഈ ഉപധനാഭ്യർത്ഥനകളെപ്പറ്റി ഇന്നു നടന്ന ചർച്ചകളിൽ പങ്കെടുത്ത മെംബർമാരോട് കൃതകേതരമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളും പാസാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകളും ചുരുക്കുന്നു.

മി. സ്പീക്കർ: ഒടുക്കംപറഞ്ഞ ഒരു വാക്ക് മനസിലായില്ല.

Mr. Speaker: Now we will take up the Demands

The question that Government be granted a supplementary sum not exceeding Rs. 300 under Demand—XIII Police, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 12,400 under Demand IX—Heads of States, Ministers and Headquarters staff, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 2,00,000 under Demand XVII—General Education, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 86,600 under Demand XXXII—Irrigation, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 2,00,000 under Demand XXVII—Industries, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 10,00,000 under Demand VIII—Elections, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that Government be granted a supplementary sum not exceeding Rs. 25,700 under Demand XI—Administration of Justice, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 40,000 under Demand XIX—Medical, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 1,47,500 under Demand XXII—Agriculture, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 100 under Demand XXX— Harijan welfare was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 20,00,000 under Demand XXXVI—Famine, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 1,00,000 under Demand XL—Miscellaneous, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 11,90,000 under Demand XLV—Capital outlay on Industrial and Economic Development, was put and carried.

The grant was made.

The question that Government be granted a supplementary sum not exceeding Rs. 500 under Demand XLVII—Capital outlay on Public works, was put and carried.

The grant was made.

Mr. Speaker: Order, order. The House will now adjourn to meet again tomorrow at 8 a. m.

The Assembly adjourned at 12.55 p. m. to meet again at 8 a. m. on Wednesday, the 28th January, 1970.

LIBRARY ARCHIVES Kerala Legislative Assembly